കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2017 ജൂൺ
വില ₹15



## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ചില കഥാപുസ്തകങ്ങൾ


**ആഫ്രിക്കൻ നാടോടിക്കഥകൾ**
ഡി വിനയചന്ദ്രൻ
125രൂപ

**രണ്ടു കുറ്റാന്വേഷണകഥകൾ**
സത്യജിത് റായ്
140രൂപ

**എന്റെ ഓമനക്കഥകൾ**
ഉണ്ണിക്ക്യഷ്ണൻ പുതൂർ
50രൂപ

**ശിശിരത്തിലെ ഓക്കുമരം**
പുനരാഖ്യാനം: സി തങ്കം
110രൂപ

**പക്ഷിപുരാണം**
സുരേഷ് മണ്ണാറശ്ശാല
70രൂപ

**സ്കൂൾക്കഥകൾ**
എം കൃഷ്ണദാസ്
60രൂപ

**റഷ്യൻ നാടോടിക്കഥകൾ**
കെ ഗോപാലകൃഷ്ണൻ
650രൂപ

**മാനിപ്പുല്ലുണ്ടായ കഥ**
ഷേർളി എം ജോസഫ്
40രൂപ

**പക്ഷിച്ചന്ത**
ഡോ. രാധിക സി നായർ
40രൂപ

**കുറിഞ്ഞിയുടെ മോഹം**
ബീന ജോർജ്ജ്
35രൂപ

പുസ്തകങ്ങൾ തിരുവനന്തപുരം പാളയം സംസ്കൃതകോളേജ് കാമ്പസിലെ പുസ്തകശാലയിൽ ലഭ്യമാണ്. ഡിഡി/മണിയോർഡർ ആയി പണമയച്ചാൽ കൊറിയറിലും പുസ്തകം ലഭിക്കും. വിശദവിവരത്തിന് എഴുതുക.

**സെയിൽസ് വിഭാഗം**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്
തിരുവനന്തപുരം 34 ഫോൺ: 0471 2327276
email: sales@ksicl.org


## തളിര് വരിക്കാരാകാൻ

160രൂപയാണ് തളിരിന്റെ വാർഷികവരിസംഖ്യ. ഒറ്റപ്രതി 15രൂപ. വരിക്കാരാവാൻ 160രൂപ ഡിഡിയോ മണിയോർഡറോ ആയി

**എഡിറ്റർ**
**തളിര്**
**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**സംസ്കൃതകോളേജ് കാമ്പസ്**
**പാളയം, തിരുവനന്തപുരം 34**

എന്ന വിലാസത്തിൽ അയയ്ക്കാം. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസിൽ നേരിട്ടു വന്നും വാർഷികവരിക്കാരാവാം. പത്തുതളിരോ അതിൽക്കൂടുതലോ എടുക്കുന്ന സ്കൂളുകൾക്ക് ഒരുമിച്ചു പണമടക്കുമ്പോൾ 150രൂപ വീതം അടച്ചാൽ മതിയാകും. അതായത് 10തളിരിന് 1500രൂപ മാത്രം. ഇങ്ങനെയുള്ള സ്കൂളുകൾക്ക് 'തളിര് വായനാമത്സര'ത്തിൽ പങ്കെടുക്കാനുള്ള അർഹത ഉണ്ടായിരിക്കും. സംശയങ്ങൾ thaliru@ksicl.org എന്ന ഇ-മെയിലിൽ ചോദിക്കാവുന്നതാണ്.

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ജൂൺ 2017
വില ₹15
വാർഷികവരിസംഖ്യ ₹160


# തളിര്

## ഉള്ളടക്കം

6

## അട്ടപ്പാടി എന്ന സ്വപ്നഭൂമി

**സിന്ധു സാജൻ**



വാർത്തകളിൽ കണ്ട അട്ടപ്പാടി യാണോ ഈ സ്വപ്നഭൂമി? അട്ടപ്പാടിയുടെ നേരും നന്മയും തേടി നമുക്കും ഒരു യാത്രയ്ക്കൊരുങ്ങാം...

## യുദ്ധം

24

**ബി മുരളി**

അന്യഗ്രഹത്തിൽ നിന്നും ഭൂമി യിൽ എത്തിയതായിരുന്നു അവർ. അവിടെ കണ്ട കാഴ്ചകൾ പലതും അവരെ അമ്പരപ്പിച്ചു. ചരിത്രം പരതിയിട്ടും ഭൂമിയിൽ ആദിയുദ്ധത്തിന്റെ കാരണമെ ന്തെന്നു കണ്ടെത്താൻ അവർക്കു കഴിയുന്നില്ല.



## ശബ്ദതാരാവലിക്ക് നൂറ്

27

**ഡോ. രാധിക സി നായർ**

വാക്കുകൾകൊണ്ടു മഹാ വിസ്മയം തീർത്ത ശബ്ദതാ രാവലിക്ക് നൂറു വയസ്സ് തിക യുന്നു. വരുംതലമുറയ്ക്കു വേണ്ടി ഈ മഹാനിധി തയ്യാ റാക്കാൻ ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള നടത്തിയ ഒറ്റയാൾപോരാട്ടത്തെ കുറിച്ചു വായിക്കൂ...



**മുൻമൊഴി** ....................4
സുഗതകുമാരി
**ആനക്കാര്യം**....................5
രാജീവ് എൻ ടി
**സ്കൂൾഡേയ്സ്**....................11
രാജീവ് എൻ ടി
**മഴയത്ത് ചെറിയ കുട്ടി**....................12
സുഗതകുമാരി
**വാഗമണ്ണും പരുന്തുംപാറയും**...14
എസ് ശിവദാസ്
**ധീരനായ പൂങ്കോഴി**....................16
റോസ്മേരി
**കാടനുഭവം**....................20
എൻ എ നസീർ
**തീപ്പുഴ**....................23
കെ കെ പല്ലശ്ശന
**കണക്കുമാഷ്**....................30
പി പി കെ പൊതുവാൾ
**ശൈലി വന്ന വഴി**....................32
എം ഗീതാഞ്ജലി
**മറവി**....................34
അരുൺകുമാർ അന്നൂർ
**കല്യാണിടീച്ചർ**....................35
രാജഗോപാലൻ നാട്ടുകൽ
**സാഞ്ചിയിലെ സ്തൂപം**....................36
കെ യതീന്ദ്രനാഥൻ
**പാഠം**....................39
ദിവാകരൻ വിഷ്ണുമംഗലം
**തോൽവി** ....................40
രാജൻ കോട്ടപ്പുറം
**അക്ഷരചിത്രം** ....................41
ഭരണിക്കാവ് കൃഷ്ണൻ
**മഹാഭാരതം**....................42
സുഗതകുമാരി
**ഉണ്ടാക്കാം**....................45
അരവിന്ദ് ഗുപ്ത
**ഇളംതളിര്**....................46

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**എം എസ് കുമാർ**
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

കവർ
**എ കെ ഗോപീദാസ്**

ആർട്ട്
**അരുണ ആലഞ്ചേരി**

ലേഔട്ട്
**വിഷ്ണു പി എസ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org



വര: സുധീർ പി വൈ

# മഴ



മഴയില്ലെങ്കിൽ 'അയ്യോ എന്തൊരു ചൂട്! വെള്ളമില്ല, വെള്ളമില്ല, കറന്റ് കട്ട്! അയ്യോ അയ്യോ എന്തൊരു വിഷമം..' എന്ന് നമ്മൾ ആവലാതിപ്പെടും. മഴപെയ്താലോ? 'എന്തൊരു മഴ! ശല്യം! ആകെ നനഞ്ഞു. വെളിയിലിറങ്ങാനും പറ്റില്ല. ശല്യം ശല്യം..' എന്നാകും. ഇതാണു മനുഷ്യസ്വഭാവം.

നമ്മുടെ മഴ കുറയുകയാണ്. കാലാവസ്ഥ മാറിക്കൊണ്ടിരിക്കുന്നു. മഴയേ പെയ്യാത്തിടങ്ങളിൽ മഴ തിമർത്തു പെയ്യുന്നു എന്നു കേൾക്കുന്നു.

സമൃദ്ധമായി മഴ പെയ്തിരുന്ന നമ്മുടെ നാട്ടിലോ വരൾച്ച. കൃഷിനാശം. കുടിവെള്ളം വിലകൊടുത്തുവാങ്ങി കുടിക്കുവാൻ മലയാളി പഠിച്ചുകഴിഞ്ഞു. ഇതിൽ നിന്നും നാം ഉൾക്കൊള്ളേണ്ട പാഠമെന്താണ്? ഓരോ തുള്ളി വെള്ളവും അത്യമൂല്യമാണെന്ന് നാം മനസ്സിലാക്കണം. ധാരാളം വെള്ളം കണ്ടു കുളുർത്തു വളർന്ന നമുക്കു വെള്ളം സൂക്ഷിച്ചു പയോഗിക്കുവാൻ ഒട്ടും അറിഞ്ഞുകൂടാ. പല്ലുതേക്കുമ്പോൾ പൈപ്പു തുറന്നിട്ടുകൊണ്ടാണ് തേപ്പ്. മുഴുവൻ സമയവും വെള്ളം പൊയ്ക്കൊണ്ടിരിക്കും. അതുപോലെയാണു കുളിയും. അടുക്കളയിലാണെങ്കിൽ പാത്രങ്ങൾ കഴുകുന്നനേരം മുഴുവൻ പൈപ്പു തുറന്നുതന്നെ കിടക്കും. എല്ലാം അങ്ങനെയാണ്. വിലകൊടുക്കാതെ സമൃദ്ധമായി കിട്ടുന്ന ഒന്നും ശ്രദ്ധിച്ചുപയോഗിക്കാൻ നമുക്കറിഞ്ഞുകൂടാ.

ഭൂമി മുഴുവൻ ജലത്താൽ ചുറ്റപ്പെട്ടിരിക്കുന്നുവെങ്കിലും ശുദ്ധജലം, കുടിവെള്ളം ഒരിത്തിരിയേ ഉള്ളൂ. ഭൂമിയിലെ ജലത്തിന്റെ 97% വും സമുദ്രങ്ങളിലും മറ്റു ജലാശയങ്ങളിലും ആണ് സ്ഥിതിചെയ്യുന്നത്. ബാക്കി മൂന്നു ശതമാനം മാത്രമാണ് ശുദ്ധജലം. ഇതിൽ രണ്ടു ശതമാനത്തോളം മഞ്ഞുമലകളിലും ഹിമാനികളിലുമാണ് ഉള്ളത്. അപ്പോൾ നമ്മുടെ ആവശ്യത്തിനു കിട്ടുന്ന ശുദ്ധജലം വെറും ഒരു ശതമാനം മാത്രം.

അതെപ്പറ്റി കുട്ടികൾക്കു തികച്ചും ബോധമുണ്ടാവണം. നമ്മുടെ നദികളും തോടുകളുമെല്ലാം ഓടകളാണെന്ന് ഈയിടെയാണ് നിങ്ങളുടെ മുതിർന്നവർക്കു തോന്നിത്തുടങ്ങിയത്. പണ്ട് അവയെല്ലാം വരദായിനികളായ ദേവിമാരായിരുന്നു. ഓരോ കുടന്ന വെള്ളത്തിലും ഗംഗ മുതൽ കാവേരിവരെയുള്ള മഹാനദികളുടെ സാന്നിധ്യം ദർശിച്ച് നമ്മുടെ പൂർവികർ വന്ദിക്കുമായിരുന്നു.


ഇന്നോ? ഓരോ പുഴയും നമുക്കിന്നു കുപ്പത്തൊട്ടിയാണ്. നമ്മുടെ മാലിന്യങ്ങൾ മുഴുവൻ കൊണ്ടുതള്ളാനുള്ള കുപ്പത്തൊട്ടികൾ. ഹോട്ടലുകളിലെ എച്ചിലുകൾ, കക്കൂസുമാലിന്യങ്ങൾ, കശാപ്പുശാലയിലെ അവശിഷ്ടങ്ങൾ. വേണ്ടാത്തതെല്ലാം പ്ലാസ്റ്റിക്ബാഗുകളിൽ പൊതിഞ്ഞ് അടുത്തുള്ള ആറ്റിലേക്കോ കുളത്തിലേക്കോ കായലിലേക്കോ എറിയുന്ന മലയാളിയെപ്പറ്റി അഭിമാനിക്കാനെന്തുണ്ടു നമുക്ക്? അവരവരുടെ കുടിവെള്ളംപോലും സൂക്ഷിക്കാനറിയാത്ത മലയാളികളെപ്പറ്റി നിങ്ങൾക്കെന്തു തോന്നുന്നു?


ഈ വരൾച്ച മാറുമായിരിക്കും. വീണ്ടും മഴ പെയ്യും. അപ്പോൾ നാം ഇന്നത്തെ ജലക്ഷാമമെല്ലാം മറക്കും. അതാണു

**ഓരോ പുഴയും നമുക്കിന്നു കുപ്പത്തൊട്ടിയാണ്. നമ്മുടെ മാലിന്യങ്ങൾ മുഴുവൻ കൊണ്ടുതള്ളാനുള്ള കുപ്പത്തൊട്ടികൾ. വേണ്ടാത്തതെല്ലാം പ്ലാസ്റ്റിക് ബാഗുകളിൽ പൊതിഞ്ഞ് അടുത്തുള്ള ആറ്റിലേക്കോ കുളത്തിലേക്കോ കായലിലേക്കോ എറിയുന്ന മലയാളിയെപ്പറ്റി അഭിമാനിക്കാനെന്തുണ്ടു നമുക്ക്?**

മനുഷ്യസ്വഭാവം. പക്ഷേ നിങ്ങൾ കുട്ടികൾ ഇക്കാര്യങ്ങളെപ്പറ്റി ചിന്തിക്കാൻ തുടങ്ങണം. ഓരോ തുള്ളിവെള്ളവും ശ്രദ്ധിച്ചുപയോഗിക്കാനും നാളെ വരൾച്ചക്കാലം വന്നാൽ അതിനുവേണ്ടി ജലം സംഭരിച്ചുവയ്ക്കാനും പഠിക്കണം. വീട്ടിലുള്ള മുതിർന്നവരോട് ഇക്കാര്യം സംസാരിക്കണം. ചെയ്യേണ്ട കാര്യങ്ങളെന്തൊക്കെയെന്ന് അറിയാവുന്നവരോടു ചോദിച്ചു മനസ്സിലാക്കണം. ഇതെപ്പറ്റി കൂടുതൽ അടുത്ത തളിരിൽ....

സ്നേഹത്തോടെ,
**സുഗതകുമാരി**







# അട്ടപ്പാടി എന്ന സ്വപ്നഭൂമി

സിന്ധു സാജൻ

അട്ടപ്പാടി.... അവജ്ഞയുടെയും അവഗണനയുടെയും ഭാരംകൊണ്ട് ശിരസ്സു കുനിഞ്ഞുപോയ നമ്മുടെ സ്വന്തം സ്വപ്നഭൂമി. പേരു കേൾക്കുമ്പോഴേ പലരുടെയും മുഖം ചുളിയുന്നു.

'ഈജിപ്ഷ്യൻ പിരമിഡുപോലെ ചുറ്റിലും വരണ്ടമൊട്ട ക്കുന്നുകൾ. കഞ്ചാവും വാറ്റുചാരായവും നിറഞ്ഞൊഴുകുന്ന നാട്. കുടിവെള്ളം കിട്ടാക്കനിയായ നാട്. അവിവാഹിതരായ അമ്മമാരുടെയും ചിത്തഭ്രമക്കാരുടെയും നാട്. വൃത്തിഹീനരും സംസ്കാരശൂന്യരുമായ ആദിവാസികളുടെ നാട്. ശിശുമരണ ങ്ങളുടെ നാട്. വിദ്യാഭ്യാസവും വികസനവുമില്ലാത്ത ഓണം കേറാമൂല.' ഇങ്ങനെയൊക്കെയാണ് പ്രസിദ്ധീകരണങ്ങളിൽ നിറഞ്ഞുനിൽക്കുന്ന അട്ടപ്പാടി.

എന്നാൽ സത്യമിതാണോ? അട്ടപ്പാടിയിൽ നന്മനിറഞ്ഞ സമൃദ്ധിയുടെ വാർത്തകളൊന്നുമില്ലേ? ഉണ്ടായിരുന്നില്ലേ?

പുറംലോകം കേട്ടുമടുത്ത വാർത്തകളിൽനിന്ന് വ്യത്യസ്ത മായി അട്ടപ്പാടിയുടെ നേരും നന്മകളും തേടി നമുക്ക് ഒരു യാത്രപോകാം. വരൂ... ഞങ്ങളോടൊപ്പം.

## മല്ലീശ്വരന്റെ മകൾ

''വരൂ കുഞ്ഞുങ്ങളേ... ഞാൻ കാത്തിരിക്കുകയായിരുന്നു. എന്നെങ്കിലുമൊരിക്കൽ എന്റെ കൊച്ചുമക്കൾ എന്നെത്തേടി

വരുമെന്ന് അറിയാമായിരുന്നു. തുള്ളിച്ചാടി നിങ്ങളെന്നും ഈ വഴി പോകുന്നത് വിടർന്ന മിഴികളോടെ ഞാൻ നോക്കിയിരിക്കാറുണ്ട്. എന്നെക്കുറിച്ച് ഇപ്പോ എന്തുപറയാനാ? നിങ്ങളൊരുപാട് കേട്ടുകാണുമല്ലോ... അല്ലേ?

അതേ, ഞാൻ തന്നെയാണ് നിങ്ങളന്വേഷിച്ചു നടക്കുന്ന 'അട്ടപ്പാടി' എന്ന സുന്ദരി.

എന്താ മുഖം ചുളിക്കുന്നത്? ഞാൻ സുന്ദരിയല്ലെന്നാണോ? എന്റെ മുണ്ഡനം ചെയ്ത തലയും ചുക്കിച്ചുളിഞ്ഞു വരണ്ടുണങ്ങി ഞരമ്പുകളെഴുന്നു നിൽക്കുന്ന ഈ ശരീരവും മുഷിഞ്ഞ ചേലയും കണ്ടാണോ നിങ്ങൾ ചിരിക്കുന്നത്?

ഞാനും നിങ്ങളെപ്പോലെ ഒരുപക്ഷേ, നിങ്ങളെക്കാളേറെ സുന്ദരിയായിരുന്നു ഒരുനാൾ! ഇപ്പോഴും അങ്ങനെ തന്നെയാണെന്നാണ് എന്റെ വിശ്വാസം. എന്നാലും എനിക്ക് വല്ല്യൊരു വിഷമമുണ്ട്ട്ടോ. ഭഗവാൻ ദേവേന്ദ്രനും സമുദ്രദേവനായ വരുണനും എന്നോട് എന്തോ ഇഷ്ടമില്ലായ്മ ഉണ്ടെന്നു തോന്നുന്നു. അതുകൊണ്ടാവാം 'മഴനിഴൽ പ്രദേശ'മെന്നു വിളിച്ച് എല്ലാരുമെന്നെ കളിയാക്കുന്നത്.''

അപ്പോൾ മരുതൻ ഇടയ്ക്കു കയറി ചോദിച്ചു.

''അമ്മൂമ്മേ... അപ്പോ സൈലന്റ്‌വാലിയോ? അവിടെ എപ്പോഴും മഴയല്ലേ?''

''ആ... അത് ശരിയാ. അതാണെന്റെ ഏക ആഹ്ലാദം.''

സൈലന്റ്‌വാലിയെന്നു പറഞ്ഞപ്പോൾ അമ്മൂമ്മയുടെ കണ്ണുകൾക്കു തിളക്കമേറി. എല്ലാവർക്കും ആകാംക്ഷ, എന്തെന്നറിയാൻ. ആ കഥ ഞാനൊടുക്കം പറയാമെന്നു പറഞ്ഞ് അമ്മൂമ്മ ഒഴിഞ്ഞുമാറി.

അട്ടപ്പാടിയിൽ പല ഭാഗങ്ങളിലും തികച്ചും വ്യത്യസ്തമായ കാലാവസ്ഥയാണനുഭവപ്പെടുന്നത് എന്ന് ഇന്നലെ ടീച്ചർ ക്ലാസ്സിൽ പറഞ്ഞുവെന്ന് പോൾസണും ബഷീറും പറഞ്ഞപ്പോ അമ്മൂമ്മ ശരിവച്ചു.

''ആ... അതുതന്നെ... ഞാനൊരു വല്ലാത്ത സ്വഭാവക്കാരിയാണെന്നും സ്ഥിരതയില്ലാത്തവളാണെന്നും വിശ്വസിക്കാൻ കൊള്ളില്ലെന്നുമൊക്കെ പലരും എന്നെക്കുറിച്ച് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.

ആണ്ടിൽ പതിനൊന്നു മാസവും മഴയിൽ തണുത്തുകുതിരുന്ന പ്രദേശങ്ങളും മഴ തീരെക്കുറവു ലഭിക്കുന്ന പ്രദേശങ്ങളും എന്റെ പ്രത്യേകതയാണ്. പടിഞ്ഞാറൻ പ്രദേശങ്ങളിൽ 3000 മില്ലിമീറ്റർ മഴലഭിക്കുമ്പോൾ കിഴക്കൻ പ്രദേശങ്ങളിൽ വെറും 950 മില്ലിമീറ്റർ മാത്രമാണ് മഴ. താവളം മുതൽ ആനക്കട്ടി വരെയാണത്രേ മഴ നിഴൽ പ്രദേശം. എന്നാൽ എന്റെ വടക്കു പടിഞ്ഞാറൻ ഭാഗങ്ങളിൽ 4400 മില്ലിമീറ്റർ മഴയുണ്ടാകാറുണ്ട്.''





ആടിനെ താലോലിക്കുന്ന കുട്ടി

## ഞാനും എന്റെ മക്കളും

''ഇനി നിങ്ങൾക്കെന്റെ മക്കളെക്കുറിച്ചറിയണ്ടേ?

എനിക്ക് മൂന്നു മക്കളാണു ള്ളത്. ഇരുളർ, മുഡുഗർ,കുറുമ്പർ എന്നാണവരുടെ പേര്. (ഇവരൊന്നും യഥാർഥത്തിൽ എന്റെ മക്കളല്ലെന്നും വിജയനഗരസാമ്രാജ്യത്തിന്റെ അവസാന പരമ്പരകളാണെന്നും ഈ സാമ്രാജ്യത്തിന്റെ അധഃപതനത്തോടെ (തളിക്കോട്ട യുദ്ധം എ ഡി 1567) കാടു കയറിയവരാണെന്നും ചിലർ പറയുന്നു. 17-ാം നൂറ്റാണ്ടിന്റെ പകുതിയിൽ കോയമ്പത്തൂരിൽനിന്ന് കുടിയേറിയവരാണെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്.)

എന്റെ മൂന്നു മക്കളോടൊപ്പം തമിഴ്നാട് സമ്മാനിച്ചതും (1920) കേരളത്തിൽ നിന്ന് ലഭിച്ചതുമായ (1930) രണ്ട് വളർത്തുമക്കളും ഇന്ന് എന്നോടൊപ്പമുണ്ട്. കൂടാതെ പലവിധ ജോലിക്കും കൃഷിക്കുമൊക്കെയായി മറ്റു പലയിടത്തുനിന്നും വന്ന മക്കളും

ആദിവാസികളും തമിഴരും മലയാളികളും ചേർന്ന ഒരു 'അവിയൽ സംസ്കാര'മാണ് ഞങ്ങൾക്ക് എന്നുപറഞ്ഞ് ചില അസൂയാലുക്കൾ പരിഹസിക്കാറുണ്ട്. എല്ലാ മക്കളെയും ഭേദമില്ലാതെ കണ്ടതുകൊണ്ടാവാം ഭാഷയിലും കൃഷി, മറ്റു ജീവിതരീതികൾ എന്നിവയിലും ഈ സമ്മിശ്ര രീതികൾ കണ്ടുവരുന്നത്.

ഇന്നെനിക്കുണ്ട്.

ആദിവാസികളും തമിഴരും മലയാളികളും ചേർന്ന ഒരു 'അവിയൽ സംസ്കാര'മാണ് ഞങ്ങൾക്ക് എന്നുപറഞ്ഞ് ചില അസൂയാലുക്കൾ പരിഹസിക്കാറുണ്ട്. എല്ലാ മക്കളെയും ഭേദമില്ലാതെ കണ്ടതുകൊണ്ടാവാം ഭാഷയിലും കൃഷി, മറ്റു ജീവിതരീതികൾ എന്നിവയിലും ഈ സമ്മിശ്ര രീതികൾ കണ്ടുവരുന്നത്.''

എന്തോ ഓർത്ത് മുത്തശ്ശി ഇടയ്ക്കു നിർത്തിയപ്പോൾ രംഗിയും ചിന്നനും ചോദിച്ചു.

''മുത്തശ്ശീ, മുത്തശ്ശിയുടെ സ്വന്തം മക്കളെക്കുറിച്ച് ഞങ്ങൾക്ക് കൂടുതലറിയണം അതുപറയൂ.''

''ഒറ്റനോട്ടത്തിൽ ഒരുപോലെയിരിക്കുന്നവരാണെങ്കിലും അനുഷ്ഠാനങ്ങളിലും ജീവിതരീതിയിലും വ്യത്യസ്തത പുലർത്തുന്നവരാണ് അവർ. മൂന്നുപേരെയും ഞാൻ വളർത്തിയതാണെങ്കിലും ഓരോരുത്തരും അവരവരുടെ വ്യക്തിത്വം നിലനിർത്തിക്കൊണ്ടുതന്നെയാണ് ജീവിച്ചുപോന്നത്.

എന്റെ ഏറ്റവും മൂത്ത സന്തതിയായ 'കുറുമ്പർ' വലിയ നാണക്കാരായിരുന്നു. ഈ അടുത്ത കാലത്തു മാത്രമാണ് ഇവർ മറ്റുള്ളവരുമായി കൂട്ടുകൂടാൻ തുടങ്ങിയത്. എന്റെ മറ്റുമക്കളുമായിപ്പോലും ചങ്ങാത്തം കൂടാത്ത സ്വഭാവക്കാരാണിവർ. ഇവരിൽ ചിലർ ഇന്നും ഉൾവനങ്ങൾ ഇഷ്ടപ്പെടുന്നവരാണ്. എങ്കിലും കുടുംബത്തിന്റെ തനതായ പാരമ്പര്യം നിലനിർത്താൻ ശ്രമിക്കുന്നത് ഇവരുടെ പിൻ

മുറക്കാരാണ്. മറ്റുള്ളവരെ അപേക്ഷിച്ച് ഇവർക്ക് സന്തതി പരമ്പരകൾ കുറവാണ്. (മൊത്തം ജനസംഖ്യയുടെ 4.6% മാത്രം)

രണ്ടാമത്തെയാളാണ് മുഡുഗർ. ഇവരുടെ എണ്ണം അൽപ്പം കൂടുതലുണ്ട് (9.6%)

എന്റെ മൂന്നാമത്തെയാളായ 'ഇരുളർ'ക്കാണ് ഏറ്റവുമധികം കുഞ്ഞുങ്ങളുള്ളത്. (82.3%). 95 ഊരുകളിലായി ഇവളുടെ മക്കൾ താമസിക്കുന്നു. പൊതുവെ എല്ലാവരുമായും ഇണങ്ങുന്ന സ്വഭാവക്കാരിയായിരുന്നു ഇവൾ. അതുകൊണ്ടുതന്നെ പുറംലോകവുമായി കൂടുതൽ ബന്ധമുള്ളതും ഇവർക്കുതന്നെ. പഠിപ്പും പത്രാസും ഇവൾക്കിത്തിരി കൂടുതലാണ്.

ഇന്നിപ്പോൾ 192 ഊരുകളിലായി എന്റെ കുടുംബം പടർന്നു പന്തലിച്ചു നിൽക്കുകയാണ്. സന്തതിപരമ്പരകളായി എന്റെ കൊച്ചുമക്കൾ ഈ മടിത്തട്ടിൽ തുള്ളിക്കളിച്ചു നടക്കുന്നതും നോക്കി നിർവൃതിക്കൊണ്ടിരിക്കുകയാണ് ഈ വൃദ്ധ.''

## ഊരും ഊരുകൂട്ടവും

''എന്റെ മക്കൾ കൂട്ടായി കുടുംബങ്ങളിൽ താമസിക്കാൻ ഇഷ്ടപ്പെട്ടിരുന്നവരാണ്. അൻപതോ അറുപതോ കുടുംബങ്ങൾ അടുത്തടുത്തായി താമസിക്കുന്ന ഈ പ്രദേശങ്ങളെ ഞങ്ങൾ ഊരെന്ന് വിളിക്കും. എന്റെ ഓരോ സന്തതിയും അവരുടെ സന്തതികളെ 7 കുലങ്ങളായി തിരിച്ചു. ഇതിൽ ഓരോ ഊരിലും ഈ ഏഴ് കുലത്തിൽപ്പെട്ടവരും കാണും. ഇവരിൽ കർട്ടി, കുപ്പിളി, ശമ്പർ, കുറുനാഗൻ, വെള്ളഗ, ദേവനാർ, പേരധര എന്നിവരും സ്വന്തമായി ഊരില്ലാത്ത കുലമായ ആറുമൂപ്പനും ഉൾപ്പെടുന്നു. സമ്പത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ കുലങ്ങളുടെ വേർതിരിവ്.

മൂപ്പനാണ് ഊരിലെ മുഖ്യൻ. ഓരോ ഊരിനും പ്രത്യേകം ഭരണാധികാരികളുണ്ടായിരുന്നു. കുറുതല, വണ്ടാരി എന്നിവർ മൂപ്പന്റെ സഹായികളാണ്. ഓരോ ഊരിനും ഓരോ മണ്ണുക്കാരനും (കൃഷിമന്ത്രി) ഉണ്ടായിരിക്കും. ഊരിനെ സംബന്ധിച്ച എല്ലാ തീരുമാനങ്ങളും എടുക്കുന്നത് ഈ നാലംഗ സഭയായിരുന്നു.

വിവാഹം തുടങ്ങിയ ചടങ്ങുകൾ നിശ്ചിത കുലങ്ങൾ തമ്മിലേ പാടുള്ളൂ. ആറു മൂപ്പൻ കുലത്തിൽ പെടുന്നവർക്കായിരുന്നു ഊരിന്റെ മൂപ്പൻ സ്ഥാനം കിട്ടിയിരുന്നത്. ഈ പദവി പാരമ്പര്യമായി കൈമാറ്റം ചെയ്യപ്പെട്ടിരുന്നു.

ഓരോ ഊരിന്റെയും കാർഷിക – ദൈവീകകാര്യങ്ങൾ നോക്കിനടത്തിയിരുന്നത് 'മണ്ണുക്കാരൻ' ആയിരുന്നു. ആദ്യം വിത്തിടുന്നതും വിള വെടുക്കുന്നതും മണ്ണുക്കാരനായിരിക്കും. പുതിയ വിള വെടുത്തശേഷം കഞ്ഞി വച്ച് മണ്ണുക്കാരനെ ഊട്ടിയശേഷമേ ബാക്കി വിളവെടുക്കൂ. ഈ പുത്തരി തിന്നൽ ചടങ്ങിന് വലിയ പ്രാധാന്യമുണ്ടായിരുന്നു. 'തോട്തിന്നൽ' എന്നാണിത് അറിയപ്പെട്ടത്.

കുറുതല, വണ്ടാരി എന്നിവർക്കായിരുന്നു ഊരിലെ 'ചീരു' കളുടെ ചുമതല. ഊരിൽ നടക്കുന്ന വിവിധ



ഭക്ഷണസമയം



കുടിവെള്ളം തേടി ഒരു യാത്ര

**ഞങ്ങളുടെ ഭാഷയിൽ തമിഴും മലയാളവും ഇംഗ്ലീഷുമൊക്കെ സ്വാധീനം ചെലുത്തിയിട്ടുണ്ടെങ്കിലും ഇന്നും പല ഊരുകളിലും സംസാരഭാഷ സ്വന്തം ഭാഷ തന്നെയാണെന്നത് എന്നെ അത്ഭുതപ്പെടുത്തുന്നു. മാതൃഭാഷ പെറ്റമ്മയ്ക്ക് തുല്യമാണെന്ന് പറയുന്നത് ശരിയാണ്.**

ആചാരങ്ങളുടെയും ആഘോഷങ്ങളുടെയും ഭാഗമായ ചടങ്ങാണ് 'ചീര്'.

വിവാഹം, കുഞ്ഞിന്റെ ജനനം, തിരണ്ടുകല്യാണം മരണാനന്തരചടങ്ങുകൾ എന്നിവയൊക്കെയായിരുന്നു പ്രധാന ആചാരങ്ങൾ. മരണം പോലും ഒരാഘോഷമായിരുന്നു എന്റെ മക്കൾക്ക്. പ്രിയപ്പെട്ടവരുടെ മരണമേൽപ്പിക്കുന്ന ആഘാതത്തിൽനിന്ന് കുടുംബത്തെ മോചിപ്പിക്കുന്നതിനുള്ള ഒരു ശ്രമമായിരുന്നു ഈ ചടങ്ങ്.''

## വേഷം, ഭാഷ

''മുതിർന്ന പെൺകുട്ടികളായാൽ ആറുമുഴം നീളമുള്ള ഒറ്റത്തുണിയിൽ അരയും മാറും ചുറ്റിക്കെട്ടുന്നതായിരുന്നു വസ്ത്രധാരണരീതി. ആണുങ്ങൾക്ക് മുട്ടോളമെത്തുന്ന ഒറ്റമുണ്ട് തന്നെ.

ഇന്നിപ്പോ ഈ വേഷമൊക്കെ അമ്മൂമ്മമാർക്കേ കാണൂ. കൊച്ചുമക്കളൊക്കെ നല്ല സുന്ദരൻ വേഷങ്ങളിഞ്ഞ് നടക്കണ കാണാൻ നല്ല ചേലുണ്ട്.''

''അതെന്താ ഈ വേഷം മാറിപ്പോണതില് അമ്മൂമ്മയ്ക്ക് സങ്കടല്യാത്തേ?'' ബീന ചോദിച്ചു.

''അതിലെനിക്കൊട്ടും സങ്കടല്യ. അതൊക്കെ ഓരോ കാലത്തിനനുസരിച്ച് സംഭവിക്കണതല്ലേ. കൂടുതൽ സൗകര്യങ്ങള് വരുമ്പോ കഷ്ടപ്പാടുള്ളതൊക്കെ ഒഴിവാക്കും അത്രതന്നെ.

ഞങ്ങളുടേത് നല്ല മനോഹരഭാഷയാണ്. ഞങ്ങളുടെ ഭാഷ രസമാണെന്ന് പലരും പറയാറുണ്ട്. അല്ലെങ്കിലും ഇതു കേൾക്കാൻ തന്നെയേ പറ്റുള്ളൂ. ഇതിന് എഴുത്ത് രൂപം ഇല്ല.

ഇപ്പോ എന്റെ ഒരു കൊച്ചുമകൻ ഇതിന് ലിപി രൂപപ്പെടുത്തിയെടുത്തിട്ടുണ്ടത്രേ. നന്നായി. ഞങ്ങളുടെ നല്ല ശീലങ്ങളും സംസ്കാരങ്ങളും ആർക്കെങ്കിലും അങ്ങനെ ഉപയോഗപ്പെടുത്താൻ പറ്റുമെങ്കിൽ പറ്റട്ടെ...

ഞങ്ങളുടെ ഭാഷയിൽ തമിഴും മലയാളവും ഇംഗ്ലീഷുമൊക്കെ സ്വാധീനം ചെലുത്തിയിട്ടുണ്ടെങ്കിലും ഇന്നും പല ഊരുകളിലും സംസാരഭാഷ സ്വന്തം ഭാഷ തന്നെയാണെന്നത് എന്നെ അത്ഭുതപ്പെടുത്തുന്നു. മാതൃഭാഷ പെറ്റമ്മയ്ക്ക് തുല്യമാണെന്ന് പറയുന്നത് ശരിയാണ്. പെറ്റമ്മയെ കൈവിടാൻ ആരാ തയ്യാറാവുക. അല്ലേ മക്കളേ.'' (തുടരും)

## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു.

പത്തുവയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് ഉതകുന്നതും പുതുമയുള്ളതുമായ രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ തുടങ്ങി ഏതു രൂപത്തിലുള്ള രചനകളും ആവാം. യുണിക്കോഡിൽ ടൈപ്പു ചെയ്ത രചനകൾ thaliru@ksicl.org എന്ന ഇമെയിൽ വിലാസത്തിലാണ് അയച്ചുതരേണ്ടത്. തപാലിലും അയയ്ക്കാം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയയ്ക്കുന്നതല്ല.

എഡിറ്റർ
തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്









# മഴയത്ത് ചെറിയ കുട്ടി

സുഗതകുമാരി

ചെറിയ കുട്ടി, യിറയപ്പടിമേൽ
മഴവരുന്നതും കണ്ടിരിക്കുന്നു
മഴയും വെയ്‌ലും ചിരിച്ചുകൈകോർത്തു
കളിതുടങ്ങുന്നു കാറ്റു വരുന്നൂ!
വെയിലൊളിച്ചുകളയുന്നു, ചുറ്റും
കരിയിലകൾ പറന്നുവീഴുന്നൂ
മഴനനഞ്ഞു ചെടികൾ തുള്ളുന്നു!
മഴനനഞ്ഞു കുനിയുന്നു പൂക്കൾ
ചെറിയ കുട്ടി വിടർന്ന കണ്ണോടെ
മതിമറന്നതു കണ്ടിരിക്കുന്നു


വര: സുധീർ പി വൈ

മഴകനക്കുന്നു, മുറ്റത്തുചാലി-
ട്ടരുവിയൊന്നുണ്ടൊലിച്ചു വരുന്നു
അതിലൂടിങ്ങോട്ടൊഴുകിയെത്തുന്നു
കുമിളകൾ, മഴവില്ലുകൾ, പൂക്കൾ
ചെറിയകുട്ടി കൊലുസിട്ട കാലാൽ
മഴയൊഴുക്കിൽ കളിച്ചുതൊടുന്നു
അരുമയായിത്തൻ പുസ്തകം ചീന്തി-
യതിലൊഴുക്കിയൊഴുക്കി വിടുന്നു
പിറകേതൻ ചോന്നപെൻസിലും വിട്ടി-
ട്ടവൾ ചിരിക്കുന്നു കയ്യുകൊട്ടുന്നു

ചിരിപൊടുന്നനെ നിൽക്കുന്നൂ! നോക്കൂ;
മഴയൊഴുക്കിൻ നെടും ചാലിലൂടെ
മുങ്ങിപ്പൊങ്ങിയൊലിച്ചു വരുന്നു
കുഞ്ഞുറുമ്പൊന്നു, പാവമേ പാവം!
ചെറിയ കുട്ടി തൻ പൂവിരൽത്തുമ്പാ-
ലതിനെ മെല്ലെയെടുത്തുയർത്തുന്നു
''ഇനിനീയെന്നെക്കടിച്ചു പോകൊല്ലെ''
ന്നതിനെശ്ശാസിച്ചു വിട്ടയയ്ക്കുന്നു

വരികയാണതാ വീണ്ടുമുറുമ്പൊ-
ന്നതിനെയുമവൾ കേറ്റിവിടുന്നു
ഒഴുകിയെത്തുന്നതാ വീണ്ടുമഞ്ചെ-
ട്ടതിനു പിൻപേ, യിനിയെന്തുവേണ്ടൂ?

ചെറിയ കുട്ടി മഴയത്തിറങ്ങി
ഒരു പിലാവില ചെന്നെടുക്കുന്നു

അവയെയെല്ലാമെടുത്തുകേറ്റുന്നു
മഴകനക്കുന്നു, കാറ്റിരമ്പുന്നൂ
തെരുതെരെയതാ വീണ്ടും വരുന്നൂ
ഒരു നൂറെണ്ണം! കരച്ചിൽ വരുന്നു
മഴനനഞ്ഞുടുപ്പാകെ നനഞ്ഞു,
തലമുടിക്കൊച്ചുപിന്നൽ നനഞ്ഞു
കണ്ണീരും മഴനീരുമൊലിക്കും
പൊന്മുഖം കുനിച്ചെന്തുവേഗത്തിൽ
മുങ്ങിച്ചാകുമുറുമ്പുകൾക്കായി
കുഞ്ഞിക്കൈകൾ പണിയെടുക്കുന്നു!

''അമ്മുവെങ്ങോട്ടുപോയ്?'' എന്നകായിൽ
അമ്മ തേടുവോരൊച്ച കേട്ടാലും
കുഞ്ഞുറുമ്പുകൾ നൂറുനൂറെണ്ണം
മുങ്ങിപ്പൊങ്ങി വരുന്നതും നോക്കി
ചെറിയകുട്ടി മഴനനഞ്ഞും കൊ-
ണ്ടവിടെത്തന്നെ വിതുമ്പിനിൽക്കുന്നു
ചെറുപിലാവില കൊച്ചുകൈവിട്ടാ-
മഴവെള്ളത്തിലൊലിച്ചു പോകുന്നൂ....

എഴുപതുമേഴുമാണ്ടു കഴിഞ്ഞു
മഴയൊരായിരം പെയ്തു മറഞ്ഞു
വരിവരിയായുറുമ്പുകളെന്നും
കടലാഴത്തിലേക്കാണ്ടൊലിക്കുന്നു
ചെറിയകുട്ടി മഴ നനഞ്ഞുംകൊ-
ണ്ടവിടെത്തന്നെ പകച്ചു നിൽക്കുന്നു....

# വാഗമണ്ണും പരുന്തുംപാറയും

## എസ് ശിവദാസ്

കൂട്ടുകാരേ! മാമൻ ഈയിടെ ഒരു യാത്രപോയി. വാഗമണ്ണിലേക്കായിരുന്നു യാത്ര. കൂട്ടത്തിൽ മാമന്റെ കൊച്ചുമകൾ വാവക്കുട്ടിയുമുണ്ടായിരുന്നു. പിന്നെ അവളുടെ അമ്മയും അമ്മൂമ്മമാരും അപ്പൂപ്പനും. കോട്ടയത്തുനിന്നും പാലാ ഭരണങ്ങാനം ഈരാറ്റുപേട്ട വഴി വാഗമണ്ണിലെത്തി.

വാഗമൺ – ഭൂമിയിലെ ഒരു സ്വർഗം. നിരനിരയായി നിരന്നുനിൽക്കുന്ന വലിയ മലകൾ. അവ നിറയെ മരങ്ങൾ. മലകൾക്കിടയിൽ കാടുകൾ. എങ്ങും പച്ചപ്പ്. ഉയരത്തിന്റെ മഹിമയും പ്രദർശിപ്പിച്ചു നിൽക്കുന്ന മലകളെ കണ്ട് നാം തല കുനിക്കും. വാവക്കുട്ടി ആ മലനിരകളുടെ മനോഹാരിതയിൽ മയങ്ങിനിന്നു.

വണ്ടി പെട്ടെന്നു നിന്നു. ഇനി 'മെഡോസ്'. പുൽത്തകിടികൾ എല്ലാം മലകളിലാണ്.



ഫോട്ടോ: Bibin C.Alex - Bibinca

വാഗമൺ

''പ്രകൃതീദേവി മണ്ണപ്പം ചുട്ടുകളിച്ചതാണ്.''

ഞാൻ പറഞ്ഞു.

''ശരിക്കും?''

വാവക്കുട്ടിക്കു സംശയം. ചിരട്ട കമഴ്ത്തി വച്ചതുപോലുള്ള കുന്നുകൾ. അധികം ഉയരമില്ല. കയറാം. വാവക്കുട്ടി ഓടിക്കയറി. ഞങ്ങൾ നടന്നുകയറി. കുന്നുകൾക്കു മുകളിലെ പുൽത്തകിടികൾ മനോഹരം. ഞങ്ങൾ ഒരു മലയുടെ മുകളിൽ മലർന്നുകിടന്നു. ആകാശം കണ്ടു. കാറ്റ് ചൂളംവിളിച്ചെത്തി. മുഖത്തും ചെവിയിലുമെല്ലാം അടിച്ചുകറങ്ങി. കാറ്റ് മരച്ചില്ലകളെക്കൊണ്ട് പാട്ടുപാടിക്കുന്നുണ്ടായിരുന്നു. കാറ്റിന്റെ ചൂളംവിളിയും ചില്ലകളുടെ കിരുകിരാരവും എല്ലാംകൂടി ശബ്ദത്തിന്റെ ഒരു മായാജാലം. അതുകേട്ട് വാവക്കുട്ടി അത്ഭുതപ്പെട്ടു. അപ്പോൾ അമ്മൂമ്മ പറഞ്ഞു.

''വാവക്കുട്ടീ, ഈ പ്രദേശത്തെ കോലാഹലമേട് എന്നാണു വിളിക്കുന്നത്.''

'കാറ്റിന്റെ കോലാഹലമേട്!' വാവക്കുട്ടി അതു പറഞ്ഞു ചിരിച്ചു. പിന്നെ മറ്റൊരു മലയുടെ തല ലക്ഷ്യമാക്കി ഓടി. മലകയറി തളർന്നപ്പോൾ മനോഹരമായ ആ പ്രദേശത്തോട് മടിച്ചു മടിച്ച് യാത്ര പറഞ്ഞ് വണ്ടിയിൽക്കയറി.



വാഗമണ്ണിലെ ആത്മഹത്യാമുനമ്പ്

ഫോട്ടോ: Prasanths



ഫോട്ടോ: Anand2202

പൈൻമരങ്ങൾ



പരുന്തുംപാറ

ഫോട്ടോ: Vanischenu

പിന്നെ എത്തിയതോ, പൈൻഫോറസ്റ്റിൽ. മുന്നൂറോളം ഏക്കറുകളിൽ പരന്നുകിടക്കുന്നു അത്. ആകാശത്തെ ആലിംഗനം ചെയ്യാനെന്നവണ്ണം ഉയർന്നുയർന്നു നിൽക്കുന്ന പൈൻമരങ്ങൾ. ആകാശത്ത് കുടപിടിച്ചുനിൽക്കുന്ന ശിഖരങ്ങൾ. തായ്ത്തടി കുത്തനെ മുകളിലേക്കാണ്. നിലത്ത് പൈൻമരത്തിന്റെ ഇലകൾ ഉണങ്ങിയുണ്ടായിരിക്കുന്ന പുതപ്പ്. എങ്ങും നിശ്ശബ്ദത. മനുഷ്യരുണ്ടാക്കുന്ന ശബ്ദം മാത്രം അതിനു മുറിവേൽപ്പിക്കുന്നുണ്ട്. പൈൻമരക്കാട്ടിലൂടെ നടക്കുമ്പോൾ വാവക്കുട്ടി പറഞ്ഞു.

''അപ്പൂപ്പാ ഗംഭീരം!''

വിശപ്പ് ശക്തമായി പ്രതിഷേധിച്ചപ്പോൾ ഞങ്ങളവിടെ നിന്നും പുറത്തിറങ്ങി. ഭക്ഷണം കഴിച്ചിറങ്ങുമ്പോൾ ഞാൻ പറഞ്ഞു.

''നമ്മൾ ഇനി മറ്റൊരു റൂട്ടിലേക്കാണു പോവുക. ഏലപ്പാറ വഴി പീരുമേട്. അവിടെ നല്ല നല്ല കാഴ്ചകളുണ്ട്.''

അതു കേട്ടപ്പോൾ വാവക്കുട്ടിക്ക് ആകാംക്ഷയായി. വാഗമൺ വിടുംമുൻപ് ഞങ്ങൾ അവിടെയുണ്ടായിരുന്ന ഓർക്കിഡ്ഗാർഡനും കണ്ടു. വനംവകുപ്പിന്റേതാണ്. അവിടെ മനോഹരമായ ഒരു പൂന്തോട്ടവുമുണ്ടായിരുന്നു.

പിന്നെയും യാത്ര. ചുറ്റും ഉണ്ടായിരുന്ന തേയിലത്തോട്ടങ്ങളും ഏലത്തോട്ടങ്ങളും കൃഷിയിടങ്ങളുമെല്ലാം കണ്ട് ഞങ്ങൾ പരുന്തുംപാറയിലെത്തി. കുട്ടിക്കാനം കഴിഞ്ഞാണ് പരുന്തുംപാറ. പീരുമേടിനടുത്ത്. അവിടെ കണ്ട കാഴ്ച വാവക്കുട്ടിയെ ശരിക്കും ഞെട്ടിച്ചു. ഉയർന്ന ഒരു ഭാഗമാണ് പരുന്തുംപാറ. അവിടെ നിൽക്കുമ്പോൾ ഒരുവശത്ത് ഉയരത്തിൽ മല. താഴേക്കു നോക്കിയാലോ തല കറങ്ങും. അത്രയ്ക്കു താഴ്ച. താഴ്ന്നു താഴ്ന്നു പോകുന്ന കൊക്ക. മല അടിയിൽനിന്നും ഉയർന്നു വരുംപോലെ! ആരെയും അമ്പരപ്പിക്കുന്ന കാഴ്ച! താഴേക്കു നോക്കുമ്പോൾ മുട്ടുകൾ കൂട്ടിയിടിക്കും. താഴേക്കു വീണാൽ പിന്നെ ഒന്നും അവശേഷിക്കുകയില്ല. മലയുടെ ഉയരവും താഴ്ചയും ഒന്നിച്ചുകണ്ട് വാവക്കുട്ടി തലയാട്ടി പറഞ്ഞു.

''ഗംഭീരകാഴ്ച.''

മൂടൽമഞ്ഞ് ചില മലകൾക്കു നേർത്ത ഉടുപ്പിട്ടിട്ടുണ്ട്.

കാഴ്ചകൾ കണ്ട് വണ്ടിയിലേക്കു കയറുമ്പോൾ വാവക്കുട്ടി പറഞ്ഞു.

''അപ്പൂപ്പാ, കേരളം ശരിക്കും സ്വർഗമാണ്. ദൈവത്തിന്റെ സ്വന്തം നാട്. പക്ഷേ എനിക്കൊരു ദുഃഖമുണ്ട്. ഇവിടമാകെ ആളുകൾ വേസ്റ്റ് വലിച്ചെറിഞ്ഞ് വൃത്തികേടാക്കിയിരിക്കുന്നു. ഇവരെയൊക്കെ എന്താ ചെയ്ക? ശരിക്കും ഇത് കൊലക്കുറ്റമാക്കുക തന്നെ വേണം.''

ഞാൻ ഞെട്ടിപ്പോയി. വാവക്കുട്ടി തുടർന്നു.

''മാലിന്യം വലിച്ചെറിഞ്ഞാൽ അതുണ്ടാക്കുന്ന മലിനീകരണം മൂലം സകല ജീവജാലങ്ങളും പ്രകൃതിയും ഇഞ്ചിഞ്ചായി മരിക്കുകയാണ്. കഷ്ടപ്പെടുത്തിയുള്ള കൊല. അതിന് തൂക്കിക്കൊല തന്നെ വേണം.''

ഞാൻ നിശ്ശബ്ദനായി. അവളുടെ വൈകാരിക ക്ഷോഭം എനിക്കു മനസ്സിലായി. ആലോചിച്ചപ്പോൾ അവൾ പറയുന്നതല്ലേ ശരി? ഞാനും ചിന്തിച്ചുപോയി. നിങ്ങൾ എന്തുപറയുന്നു?

സ്വീഡിഷ് നാടോടിക്കഥ

# ധീരനായ പൂങ്കോഴി

പുനരാഖ്യാനം
**റോസ്മേരി**

ഈ കഥയിൽ പറയുന്ന സംഭവങ്ങൾ പണ്ടു നടന്നതാണ്. അങ്ങു ദൂരെ. സ്വീഡനിൽ... അവിടത്തെ ഒരു കുഗ്രാമത്തിൽ ഒരു കൃഷിക്കാരനും ഭാര്യയും പാർത്തിരുന്നു. വിവാഹം കഴിഞ്ഞിട്ട് വർഷങ്ങൾ നിരവധി കഴിഞ്ഞുപോയെങ്കിലും അവർക്ക് കുഞ്ഞുങ്ങൾ ഉണ്ടായിരുന്നില്ല.

എങ്ങനെയെങ്കിലും ഒരു കുട്ടിയെ കിട്ടണം എന്നവർക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു. അതിനുവേണ്ടി അവർ പലതരം ചികിത്സകൾ ചെയ്തു. ദേവാലയങ്ങളിൽ വഴിപാടുകൾ നടത്തി. അടുത്തും അകലെയുമുള്ള നിരവധി തീർഥാടനകേന്ദ്രങ്ങൾ സന്ദർശിച്ചു. എന്തിന് മന്ത്രവാദികളെ വരെ സമീപിച്ചു. പക്ഷേ ഒന്നിനും ഫലമുണ്ടായില്ല.

വീട്ടുകാരൻ പാടത്തും പറമ്പിലും കൃഷിപ്പണികളും കന്നുകാലികളെ നോക്കലും ഒക്കെയായി രാവിലെ മുതൽ വൈകുന്നേരം വരെ തിരക്കിലാണ്. വീട്ടുകാരി പാചകവും വീടുവൃത്തിയാക്കലുമൊക്കെ പെട്ടെന്നു ചെയ്തുതീർക്കും. ബാക്കിയുള്ള ഒഴിവുനേരത്ത് അവൾ ഒറ്റയ്ക്കിരുന്ന് സങ്കടപ്പെടും. തൂത്തു വെടിപ്പാക്കിയ ഈ മുറ്റത്ത് ഒരു പൊന്നോമനയുടെ കുഞ്ഞുകാലടികൾ പതിഞ്ഞുകാണാൻ താൻ എന്തുമാത്രം ആശിക്കുന്നു. ഈശ്വരൻ എന്തുകൊണ്ടാണ് തങ്ങൾക്കു മാത്രം ഒരു കുഞ്ഞിനെ തരാത്തത്? സങ്കടം സഹിക്കവയ്യാതെ അവൾ തേങ്ങിക്കരഞ്ഞുപോകും.

ഒരുദിവസം വൈകുന്നേരം ക്ഷീണിതയായ ഒരു വൃദ്ധ അവരുടെ നടവാതിൽക്കൽ പ്രത്യക്ഷപ്പെട്ടു. ഒരു വഴിയാത്രക്കാരി. ഒരു രാത്രി തങ്ങുവാൻ ഇടം ചോദിച്ചായിരുന്നു ആ വരവ്.



വര: സുവർണ്ണ

ദയാലുവായ നമ്മുടെ വീട്ടുകാരി അവരെ അകത്തേക്കു ക്ഷണിച്ചു. കിടക്കാൻ കിടക്കയും കഴിക്കുവാൻ ആഹാരവും നൽകി. രാത്രി ഉറങ്ങും മുമ്പ് പരസ്പരം ഓരോന്നൊക്കെ മിണ്ടിയും പറഞ്ഞും ഇരിക്കുന്ന നേരത്ത് തങ്ങൾക്കു സന്തതിയില്ലാത്തതിന്റെ സങ്കടം അവൾ അവരോടു വെളിപ്പെടുത്തി.

പിറ്റേന്നു രാവിലെ പ്രാതൽ കഴിച്ച് അവിടെ നിന്നും ഇറങ്ങുംമുമ്പ് അവർ വീട്ടുകാരിയെ നിറഞ്ഞ മനസ്സോടെ അനുഗ്രഹിച്ചു. എന്നിട്ട് കൈയിലുണ്ടായിരുന്ന ഭാണ്ഡത്തിൽനിന്നും ഒരു മുട്ടയെടുത്തു നീട്ടിയിട്ടു പറഞ്ഞു.

''ഇത് ഈശ്വരൻ നിങ്ങൾക്കു തരുന്ന സമ്മാനമാണ്.''

ഈ മുട്ടയെ നിന്റെ നെഞ്ചിലെ ചൂടുകൊണ്ട് വിരിയിക്കുക. സമയമാവുമ്പോൾ ഒരത്ഭുതശിശു നിങ്ങൾക്കു പിറക്കും.''

വൃദ്ധ നീട്ടിയ മുട്ട, അവൾ രണ്ടു കൈയും നീട്ടി വാങ്ങി. ഒരു കോഴിമുട്ടയിൽ നിന്നും എന്തുമാതിരി കുഞ്ഞാണോ പിറക്കാൻ പോകുന്നത്? അവൾ ആശ്ചര്യപ്പെട്ടു. ഈ ലോകത്ത് എന്തെല്ലാം വിചിത്രസംഭവങ്ങളാണ് നടക്കുന്നത്! അതുപോലെ ഇതും കാത്തിരുന്നു കാണുകതന്നെ. വീട്ടുകാരി തീരുമാനിച്ചു.

അമ്മൂമ്മ പറഞ്ഞതുപോലെ അവൾ മുട്ട മാറോടു ചേർത്തു സൂക്ഷിച്ചു. പിറ്റേന്നു രാവിലെ ഉണർന്നപ്പോഴുണ്ട് 'കൊക്കരെക്കോ' എന്നു ചിലച്ചുകൊണ്ട് ഒരു കോഴിക്കുഞ്ഞ് പുറത്തേക്ക് ഒരു ചാട്ടം.

അവൾ അമ്പരന്നുപോയി. ഈശ്വരാ ഇതെന്തുകഥ? ഈ ചിലപ്പൻ കോഴിക്കുഞ്ഞാണോ വൃദ്ധ പ്രവചിച്ച അത്ഭുത ശിശു? എന്തൊരു നിരാശ! കാണുന്നതും കേൾക്കുന്നതുമൊക്കെ ഇങ്ങനെ കണ്ണടച്ചു വിശ്വസിക്കുന്നതിന് ഭർത്താവ് അവളെ കണക്കറ്റു പരിഹസിച്ചു.

അയാൾ വയലിലേക്കു പൊയ്ക്കഴിഞ്ഞു. അവൾ സങ്കടത്തോടെ തിണ്ണയിൽ ചെന്നിരുന്നു. നോക്കുമ്പോഴുണ്ട് നമ്മുടെ കോഴിക്കുഞ്ഞ് ചിലച്ചും പാടിയുമങ്ങനെ മുറ്റത്തൂടെ ഉല്ലാസവാനായി ചുറ്റി നടക്കുന്നു. അതിന്റെ ഇളം ചുവപ്പുകൊക്കും തിളങ്ങുന്ന കരിമുത്തു കണ്ണുകളും ചുറുചുറുക്കോടെയുള്ള നടത്തയും ഒക്കെച്ചേർന്ന് എന്തൊരു ഓമനത്തം.

അങ്ങനെ അതിനെ നോക്കിനോക്കി ഇരിക്കേ അവൾക്ക് ഉള്ളിൽ വാത്സല്യത്തിന്റെ ഉറവുപൊട്ടി. ആ നിമിഷം മുതൽ ഒരു മനുഷ്യക്കുഞ്ഞിനെയെന്നപോൽ അവളതിനെ കാത്തുപരിപാലിച്ചു തുടങ്ങി. താൻ പ്രസവിച്ച കുട്ടിയെന്നപോൽ അതിനെ തൊട്ടു തലോടി. ചെല്ലപ്പേരുകൾ വിളിച്ചു. രുചികരമായ ആഹാരസാധനങ്ങൾ തീറ്റിച്ചു.

വളരെ പെട്ടെന്നാണ് കോഴിക്കുഞ്ഞു വളർന്നത്. ഏതാനും വർഷങ്ങൾകൊണ്ട് അവൻ നല്ല കരുത്തനും ഉശിരനുമായി മാറി. ആ പ്രദേശത്തെങ്ങും അത്ര ഉയരവും വലിപ്പവുമുള്ള ഒരു കോഴിപ്പൂവനില്ലായിരുന്നു. വളർത്തമ്മ അവനെ അതിരറ്റു സ്നേഹിച്ചു. അവൻ തിരിച്ചും. താമസിയാതെ വീട്ടുകാരനും അവനെ കണക്കറ്റ് ഇഷ്ടപ്പെട്ടുതുടങ്ങി.

കൃഷിക്കാരൻ ദരിദ്രനായിരുന്നു. നിലം ഉഴാൻ അയാൾക്ക് ഒരേയൊരു കാളയേ ഉണ്ടായിരുന്നുള്ളൂ. ആ വയസ്സൻ നാൽക്കാലി അതീവ ക്ഷീണിതനായിരുന്നു. ഒരു ദിവസം പൂങ്കോഴി വളർത്തച്ഛനുള്ള ആഹാരവും കഴുത്തിൽ തൂക്കി വയലിലേക്കു ചെന്നതാണ്.

കാളയുടെ ആടിയാടിയുള്ള നടത്തയും അവശമായ രൂപവും കണ്ട് അവനു സഹിച്ചില്ല. അവൻ മുന്നോട്ടു ചെന്ന് കലപ്പ തോളിലേറ്റി... അമ്പമ്പോ, കാണേണ്ട ഒരു കാഴ്ച തന്നെയായിരുന്നു അത്. എത്ര പെട്ടെന്നാണെന്നോ അവൻ ആ പാടം മുഴുവൻ ഉഴുതു മറിച്ചത്. അവന്റെ പിന്നാലെ എത്താൻ കൃഷിക്കാരന് ഏറെ പാടുപെടേണ്ടിവന്നു എന്നുതന്നെ വാസ്തവം.

ആയിടെ ഒരു നാൾ, നമ്മുടെ പൂങ്കോഴി നാട്ടുകാരുടെ മുമ്പാകെ ഒരു വിളംബരം നടത്തി. താൻ വളർന്ന് ഒരൊത്ത ചെറുപ്പക്കാരനായി മാറിയിരിക്കുന്നു. ഇനി എത്രയും വേഗം തനിക്ക് വിവാഹിതനാവണം. ആരും അതുകേട്ട് അവനെ പരിഹ

**കാളയുടെ ആടിയാടിയുള്ള നടത്തയും അവശമായ രൂപവും കണ്ട് അവനു സഹിച്ചില്ല. അവൻ മുന്നോട്ടു ചെന്ന് കലപ്പ തോളിലേറ്റി... അമ്പമ്പോ, കാണേണ്ട ഒരു കാഴ്ച തന്നെയായിരുന്നു അത്. എത്ര പെട്ടെന്നാണെന്നോ അവൻ ആ പാടം മുഴുവൻ ഉഴുതു മറിച്ചത്. അവന്റെ പിന്നാലെ എത്താൻ കൃഷിക്കാരന് ഏറെ പാടുപെടേണ്ടിവന്നു എന്നുതന്നെ വാസ്തവം.**

സിച്ചില്ല. കാരണം കിരീടം പോലെയുള്ള തലപ്പൂവും ബലിഷ്ഠമായ ഉടലും കരുത്തുറ്റ നീണ്ടകാലുകളും ആരും മോഹിച്ചുപോകുന്ന വർണശബളമായ അങ്കവാലും ഒക്കെച്ചേർന്ന് അവൻ ഒരു യുവകോമളനെപ്പോൽ പരിലസിച്ചു. ഏവരും അവനെ ആരാധനയോടെയാണു നോക്കിക്കണ്ടത്.

തന്റെ വളർത്തുമകന് ഇണങ്ങുന്ന സുന്ദരികളായ പിടക്കോഴികളിൽ ഒന്നിനെ തിരഞ്ഞെടുക്കുവാൻ അമ്മ നിശ്ചയിച്ചു. പൂങ്കോഴിച്ചാത്തനെയും കൂട്ടി പെണ്ണുകാണലിന് ഇറങ്ങിപ്പുറപ്പെടുക തന്നെ. വളർത്തച്ഛനും കൂടെ വരാൻ തയ്യാർ.

കൈപ്പിടിയുള്ള വലിയ തിളപ്പാത്രവും കൈയിൽ കരുതി. എല്ലാവരും രാജകുമാരിമാരെ പല്ലക്കിൽ ഇരുത്തുമ്പോൾ തന്റെ പക്കൽ ആളെ ഇരുത്തിക്കൊണ്ടുവരാൻ ഒരു ചരുവമെങ്കിലും വേണമല്ലോ എന്നായിരുന്നു ഇഷ്ടന്റെ ന്യായം. ജനം അതുകേട്ട് ആർത്തുചിരിച്ചു.

വളർത്തമ്മയുടെ കണ്ണീർ കണ്ടിട്ടും അവൻ പതറിയില്ല. ധീരമായ കാൽവയ്പ്പുകളോടെ മുന്നോട്ടുതന്നെ നീങ്ങി. കുറെ ചെന്നപ്പോൾ കാടിന്റെ തുടക്കം. അവിടെ വെയിൽ കാഞ്ഞ് കിടക്കുന്ന ഒരു കുറുക്കൻ.

''അങ്കവാലൻ പൂങ്കോഴി, നീ എങ്ങോട്ടാ?''

**'ഞാൻ കോഴിപ്പിടകളെയൊന്നും വേൾക്കാൻ തയ്യാറല്ല. ഞാൻ കെട്ടുന്നത് രാജാവിന്റെ മകളെ മാത്രം.'**
**അച്ഛനും അമ്മയും അമ്പരന്നു. നാട്ടുകാർ പൊട്ടിച്ചിരിച്ചു. ഈ പൂങ്കോഴിച്ചെക്കൻ അഹങ്കാരം മൂത്ത് എന്തെല്ലാം ഭ്രാന്താണു പുലമ്പുന്നത്. അവൻ സധൈര്യം വീടുവിട്ടിറങ്ങി. രാജകുമാരിയെയും കൊണ്ടേ മടങ്ങിവരൂ എന്ന് വീട്ടുകാരോട് ശപഥവും ചെയ്തു.**

അപ്പോഴുണ്ട് ചെക്കൻ അടുത്ത പ്രഖ്യാപനം. ഞാൻ കോഴിപ്പിടകളെയൊന്നും വേൾക്കാൻ തയ്യാറല്ല. ഞാൻ കെട്ടുന്നത് രാജാവിന്റെ മകളെ മാത്രം. അച്ഛനും അമ്മയും അമ്പരന്നു. നാട്ടുകാർ പൊട്ടിച്ചിരിച്ചു. ഈ പൂങ്കോഴിച്ചെക്കൻ അഹങ്കാരം മൂത്ത് എന്തെല്ലാം ഭ്രാന്താണു പുലമ്പുന്നത്.

പക്ഷേ, നമ്മുടെ കഥാനായകനുമാത്രം ഒരു കൂസലുമില്ല. അവൻ സധൈര്യം വീടുവിട്ടിറങ്ങി. രാജകുമാരിയെയും കൊണ്ടേ മടങ്ങിവരൂ എന്ന് വീട്ടുകാരോട് ശപഥവും ചെയ്തു. പോകാൻ നേരം പൂങ്കോഴി ഒരു കാര്യവും കൂടി ചെയ്തു. എന്തെന്നോ? അമ്മ സൂപ്പുണ്ടാക്കുന്ന നീണ്ട

''ഞാൻ രാജാവിന്റെ മകളെ കെട്ടാൻ പോവ്വാ''

''എന്നാൽ ഞാനും പോരട്ടയോ കൂട്ടിനായ്?''

''ഓ അതിനെന്താ പോരേ... പോരേ''

കേൾക്കേണ്ട താമസം കുറുക്കൻ അവന്റെ കൂടെ ചേർന്നു.

കുറേ ചെന്നപ്പോൾ ചെന്നായയും കാട്ടിനുള്ളിൽ തേൻ തിരഞ്ഞു നടന്ന ഒരു കരടി ആ സംഘത്തിൽ ചേർന്നു. നാലുപേരുംകൂടി അങ്ങനെ നീങ്ങുമ്പോൾ മുന്നിൽ ഒരു തടാകം.

''കൂട്ടരേ എന്നെയും ഒപ്പം കൂട്ടൂ..''

അവൻ അഭ്യർഥിച്ചു.

സമ്മതം കിട്ടേണ്ട താമസം തടാകത്തിലെ വെള്ളം പൊങ്ങിവന്ന് ആ തിളപ്പാത്രത്തിൽ ഒതുങ്ങിയിരുന്നു.

നടന്നുനടന്ന് അവർ ഒടുവിൽ രാജകൊട്ടാരത്തിൽ എത്തിച്ചേർന്നു. രാവിലെ ഏതാണ്ട് എട്ടുമണി ആയിട്ടുണ്ടാവും. നാട് ഉണർന്നു കഴിഞ്ഞു. ചങ്ങാതിമാരെ സുരക്ഷിതമായ ഇടങ്ങളിൽ ഒളിപ്പിച്ച ശേഷം നമ്മുടെ പൂങ്കോഴി കൊട്ടാരത്തിന്റെ ഏറ്റവും ഉയർന്നഭാഗത്ത് കയറി നിന്നിട്ട് നാടെങ്ങും കേൾക്കുമാറ് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

'' രാജാവിന്റെ മകൾ എനിക്കുള്ളതാണ്.''

രാജാവിന് അതുകേട്ട് കലികയറി. അദ്ദേഹം പടയാളികളെ അയച്ച് പൂങ്കോഴിയെ പിടികൂടി. എന്നിട്ടവനെ വാത്തകളുടെ കൂട്ടത്തിലേക്ക് എടുത്തെറിഞ്ഞു. ശക്തരാണ് വാത്തകൾ. അവ കൂട്ടമായി അവനെ കൊത്താനടുത്തു.

''കുറുക്കച്ചാ ഓടി വരൂ, എന്നെ രക്ഷിക്കൂ.''

കോഴിപ്പൂവന്റെ നിലവിളി കേട്ട് പാഞ്ഞുവന്ന കുറുക്കച്ചൻ വാത്തകളെ അത്രയും പിടികൂടി ശാപ്പിട്ടു.

കൊട്ടാരത്തിന്റെ മുകളിലെത്തിയ പൂങ്കോഴി വീണ്ടും വിളിച്ചുകൂവി.

''രാജാവിന്റെ മകൾ എനിക്കുള്ളതാണ്''

ഇത്തവണ പടയാളികൾ അവനെ തൂക്കിയെറിഞ്ഞത് കന്നുകാലികളുടെ ഇടയിലേക്കാണ്.

''ചെന്നായച്ചാ, എന്നെ കാത്തുരക്ഷിക്കൂ.''

പൂങ്കോഴി കൂവിവിളിച്ചു.

ചെന്നായ ചാടിവീണ് തക്കസമയത്ത് അവനെ രക്ഷപ്പെടുത്തി.

മൂന്നാം തവണയും അവൻ വിളംബരം ആവർത്തിച്ചു. ഇത്തവണ കുതിരകളുടെ

നടുവിലേക്കായിരുന്നു പട്ടാള ക്കാർ അവനെ എറിഞ്ഞത്. അവന്റെ വിളി കേട്ടെത്തിയ കരടികളാണ് ഇത്തവണ കുതിരകളെ തുരത്തിയോടി ച്ചത്.

നാലാമത്തെ തവണയും ഗോപുരത്തിനു മുകളിലേറി വിളംബരം ആവർത്തിച്ച പ്പോൾ എന്നെന്നേക്കുമായി പൂങ്കോഴിയുടെ കഥകഴി ക്കാൻതന്നെ രാജാവു തീരു മാനിച്ചു. ഇത്തവണ എത്ര ശ്രമിച്ചിട്ടും പടയാളികൾക്ക് പൂങ്കോഴിയെ പിടിക്കാനാ യില്ല.

രാജാവിന്റെ മകൾ തന്റേ താണെന്ന അവകാശവാദം ഇപ്പോൾ കുറേക്കൂടി ഉച്ചത്തി ലായി. ജനങ്ങളൊക്കെയും ഇതെല്ലാം കേൾക്കുകയാണ്. എത്ര അപമാനകരം. സഹി കെട്ടു രാജാവ് വിളിച്ചു പറഞ്ഞു.

''ശരി സമ്മതിക്കുന്നു. അത്രയ്ക്ക് മോഹമാണെങ്കിൽ രാജകുമാരിയെ നിനക്കു ഞാൻ വിവാഹം ചെയ്തു തരാം. എന്തായാലും നീ താഴെ ഇറങ്ങൂ.''



രാജാവിന്റെ വാക്കുകൾ വിശ്വസിച്ച് പൂങ്കോഴി ഒരെ തിർപ്പും കാട്ടാതെ താഴെ ഇറങ്ങി. അവൻ നിലം തൊ ടേണ്ട താമസം. പട്ടാളക്കാർ അവനെ തൂക്കിയെടുത്തു. ഇത്തവണ എടുത്തെറിഞ്ഞത് ആളുന്ന തീയിലേക്കാണ്. ആ നിമിഷം തന്നെ അവന്റെ നിലവിളികേട്ട് കുതിച്ചെത്തിയ തടാകം തന്റെ കുളിർജല ത്താൽ ആ തീയണച്ചു.

അങ്ങനെ നമ്മുടെ കഥാ നായകൻ സകല അപകടങ്ങ ളിൽനിന്നും രക്ഷപ്പെട്ടു. രാജാവ് ആകെ പ്രശ്നത്തി ലായി. മകളെ വിവാഹം ചെയ്തു കൊടുക്കാമെന്നു വാക്കുകൊടുത്തതാണ്. ഇനി പിന്മാറുന്നതെങ്ങനെ?

അദ്ദേഹം മകളോടു കാര്യ ങ്ങൾ വ്യക്തമാക്കി. ഒരു പൂവൻകോഴിയെ ആണു താൻ കല്യാണം കഴിക്കേണ്ട തെന്നറിഞ്ഞതോടെ കുമാരി വാവിട്ടു നിലവിളിച്ചു. പക്ഷേ പറഞ്ഞിട്ടെന്തുഫലം. രാജാ വിന്റെ ഉറപ്പു പാലിക്കാതെ വയ്യല്ലോ...

തകർന്ന ഹൃദയത്തോടെ രാജകുമാരി പൂങ്കോഴിയോ ടൊപ്പം വിവാഹവേദിയിൽ കയറി. വിവാഹത്തിന്റെ പതിവു കർമങ്ങൾ നടന്നു. ഇനിയാണ് വിസ്മയകരമായ സംഭവങ്ങൾ അരങ്ങേറുന്നത്. വിവാഹകർമം നടക്കേണ്ട താമസം. നമ്മുടെ അങ്കവാ ലന്റെ സ്ഥാനത്തു അതാ ഒരു പരമയോഗ്യൻ രാജകുമാരൻ.

രാജകുമാരിക്ക് സ്വന്തം കണ്ണുകളെ വിശ്വസിക്കാനാ വുന്നില്ല. വരന്റെ മുഖത്ത് എന്തൊരു തേജസ്സ്.

സത്യം പറഞ്ഞാൽ ഈ സംഭവത്തിനു കാരണം ഒരു ദുർദേവതയുടെ ശാപമായി രുന്നു. ആ ദുഷ്ടദേവത രാജ കുമാരനെ ശപിച്ച് പൂവൻ കോഴിയുടെ ജന്മമേകിയതാ യിരുന്നു.



# കാട് കാട് മാത്രം



എൻ എ നസീർ

**നമ്മുടെ എല്ലാ നദികളുടെയും ജന്മഗേഹമാണ് പശ്ചിമഘട്ടം. വെറും മരങ്ങളുടെ കൂട്ടമല്ല അത്. കടുവകൾ പാർക്കുന്ന കാട്ടിലേക്ക് പ്രവേശിക്കുമ്പോഴെ എത്രമാത്രം മഹത്തായ പ്രതീക്ഷകളിലൂടെയാണ് ഈ മഹാരണ്യം ഭൂമിയെ നിലനിർത്തി പോകുന്നതെന്ന് നമുക്കു വ്യക്തമാകൂ.**

ഓരോ വർഷം കടന്നുപോകുന്തോറും കാലാവസ്ഥയിൽ പ്രതീക്ഷിക്കാത്ത മാറ്റങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. ഭൂമിയിലെ ജീവിതം ദുഃസഹമായ അവസ്ഥയിലേക്ക് മാറികൊണ്ടിരിക്കുന്നു. ജലദൗർലഭ്യമാണ് അതിന് ഒരു പ്രധാന കാരണം. നമുക്കു ചുറ്റുമുള്ള പച്ചപ്പുകളുടെ ശോഷണം ഇതിന് ഒരു പരിധി വരെ കാരണമാകുന്നു. കാടിനു കാടു തന്നെയാണ് ഉത്തരം. ജലത്തിനും വായുവിനും ഫലപുഷ്ടമായ മണ്ണിനും കാട് തന്നെ ഉത്തരം.

നമ്മുടെ എല്ലാ നദികളുടെയും ജന്മഗേഹമാണ് പശ്ചിമഘട്ടം. വെറും മരങ്ങളുടെ കൂട്ടമല്ല അതെന്ന് നമ്മെ നിരന്തരം ഓർമപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട് അവിടത്തെ പ്രകൃതി. വേട്ടക്കാരുടെയും വനനശീകരണക്കാരുടേയും കൈയാൽ കടുവകളും പുള്ളിപ്പുലികളും നശിച്ചുകൊണ്ടിരിക്കുന്ന വാർത്തകൾക്ക് യാതൊരു ക്ഷാമവുമില്ലാത്ത കാലം. ഇക്കാലത്ത് കടുവകൾ പാർക്കുന്ന കാട്ടിലേക്ക് പ്രവേശിക്കുമ്പോഴെ ആ മഹാരണ്യം എത്രമാത്രം മഹത്തായ പ്രതീക്ഷകളിലൂടെയാണ് ഈ ഭൂമിയെ നിലനിർത്തി പോകുന്നതെന്ന് നമുക്കു വ്യക്തമാകൂ. ഭൂമിയെ എത്രയും പ്രിയതരമായി

പച്ചക്കമ്പളം പുതപ്പിക്കുവാൻ പാടുപെടുന്നത് നമ്മൾ ഇനിയും തിരിച്ചറിയേണ്ടിയിരിക്കുന്നു.

സൂര്യാതപം കുറയ്ക്കുവാനും കൂട്ടുവാനും നല്ല ശുദ്ധജലം കടുവകൾക്ക് എല്ലായ്പ്പോഴും വേണം. ആഹാരത്തിനായി വ്യത്യസ്ത വന്യജീവികളുടെ ശൃംഖല തന്നെവേണം. ദിവസവും മാനിറച്ചി ഭക്ഷിച്ചാൽ വല്ലാത്തമടുപ്പായിരിക്കും. (ഒരേ ആഹാരം തന്നെ മനുഷ്യൻ എന്നും ഭക്ഷിച്ചാൽ എങ്ങനെയുണ്ടാകും?) കാട്ടുപോത്ത്, പുള്ളിമാൻ, കലമാൻ, കേഴാട്, മയിൽ, കുരങ്ങ്, മുള്ളൻപന്നി തുടങ്ങിയ ജീവികളൊക്കെ കടുവയുടെ ഭക്ഷണനിഘണ്ടുവിലുണ്ട്. മുള്ളൻപന്നി പോലുള്ള ജീവികളെ പിടിക്കുന്നതിൽ കടുവ സാഹസികതയും സൂക്ഷ്മതയും വെല്ലുവിളികളും നേരിടുന്നു. പക്ഷേ അതവൾക്ക് ഇഷ്ടമാണുതാനും.

ഒരിക്കൽ പറമ്പിക്കുളത്തെ സീച്ചാലിപള്ളം വഴി നടന്നുപോകുമ്പോൾ റിസർവോയറിനരികിലായി മുള്ളൻപന്നിയുടെ അവശിഷ്ടങ്ങൾ കണ്ടത് ഓർമ വരുന്നു. അതിനരികിലായി ഒരു പെൺകടുവയുടെയും രണ്ട് കുട്ടികളുടെയും കാൽപ്പാടുകൾ പതിഞ്ഞിരുന്നതും ഓർക്കുന്നു. അതുകൊണ്ടാണ് ഒരു കടുവയുള്ള കാട് എന്നത് സമ്പന്നമായ കാടുതന്നെയായിരിക്കും എന്നു വിശ്വസിക്കുന്നത്.

വിത്തോ, കായോ, പഴമോ ചില ജീവികൾ ഭക്ഷിച്ചുകഴിഞ്ഞാൽ, അവയുടെ കാഷ്ഠത്തിലൂടെ പുറത്തുവരുമ്പോൾ മാത്രം മുളയ്ക്കുന്ന മരങ്ങളും ഉണ്ട്.

നിശ്ശബ്ദം ഒരു കാട്ടുപുഴയോരത്ത് സുഖനിദ്രയിൽ കിടന്നിരുന്ന ഒരു കടുവയുടെ ഓർമ മനസ്സിലുണർന്നു. ഷോളയാർ കാടിന്റെയും പുഴയുടെയും കരുത്തും സൗന്ദര്യവും ഉണ്ടായിരുന്നു അവന്. മധ്യാഹ്നത്തിൽ പുഴമണലിന്റെ കുളിരിൽ നീണ്ടു നിവർന്നു കിടക്കുന്ന ആ സൗന്ദര്യം!



അതുപോലെ സംഘട്ടനത്തിലേർപ്പെടുമ്പോൾ മുഖത്തും ശരീരത്തിലുമുണ്ടാകുന്ന ശൗര്യവും ജാഗ്രതയും... ഇതൊക്കെ നമ്മുടെ കാടുകളുടെ സമ്പന്നത തന്നെയാണ്.

പക്ഷികളുടെ സംഗീതമില്ലാതെ ഒരു വനാന്തരീക്ഷം നമ്മൾക്ക് സങ്കൽപ്പിക്കുവാനൊക്കുമോ? പലതരം സസ്യലതാദികളും പക്ഷികളും പൂമ്പാറ്റകളും പരാഗണവും വിത്തുവിതരണവും നടത്തിക്കൊണ്ടിരിക്കുന്നു. നാട്ടിലെ പക്ഷികളും പൂമ്പാറ്റകളും തണ്ണീർത്തടങ്ങളും അപ്രത്യക്ഷമായികൊണ്ടിരിക്കുന്ന ഒരു കാലമാണിത്.

നമ്മുടെ മാലിന്യസംസ്കാരവും വിളകളിലും മറ്റും അനിയന്ത്രിതമായി അടിക്കുന്ന കീടനാശിനികളും പരിസ്ഥിതിയെ വല്ലാതെ ബാധിച്ചിരിക്കുന്നു. പുഴയോരങ്ങൾ നഷ്ടപ്പെട്ട പുഴയൊക്കെ കല്ലുകൾ ഇരു





**വലിയൊരു കാട്ടുപോത്ത് കൊമ്പുകൾ ഉയർത്തി ഗൗരവത്തിൽ നോക്കി. പിന്നീട് ശിരസ്സൊന്നു കുടഞ്ഞു. അപ്പോൾ ഇരുചെവികളും അടിക്കുന്ന ശബ്ദം കേൾക്കാമായിരുന്നു. വായിൽ നിന്നും കൊഴുത്ത ദ്രാവകം തെറിച്ചു.**

കരകളിലും കെട്ടി തോടുകളും കനാലുകളുമായി ചുരുങ്ങി. ജലം, പുഴയിൽ മഴക്കാലത്ത് മാത്രം സംഭവിക്കുന്ന അത്ഭുതമായി മാറി.

ദീർഘമായ മൗനത്തിൽ നിന്നും ഉണരുന്നതുപോലെയായിരുന്നു അതുവരെ നിശ്ശബ്ദമായിരുന്ന ആ കാടിനെ കിഴക്കുനിന്നും എത്തിയ കാറ്റുവന്ന് തൊട്ടപ്പോൾ. വൃക്ഷശിഖരങ്ങളും ചെറുചെടികളും ഒന്നാകെ ആടിയുലഞ്ഞു. കാടിന്റെ മണം അവിടമാകെ പരന്നു. അതിൽ കാട്ടുപിച്ചിയുടെയും കാട്ടുകൂവപ്പൂക്കളുടെയും സൗരഭ്യം കലർന്നിരുന്നു.

ഒരു കാട്ടുകോഴി ഉച്ചത്തിൽ കൂവി. കിളികളുടെ ശബ്ദം ഇടയ്ക്കിടെ ഉയരുന്നുണ്ട്. നിശ്ശബ്ദം നടന്നുപോകുന്ന ആന. മാനുകൾക്ക് പരിഭ്രമം ഏതുമില്ലായിരുന്നു. അവ ഇടയ്ക്കിടെ തല ഉയർത്തി നോക്കുക മാത്രം ചെയ്തു. വലിയൊരു കാട്ടുപോത്ത് കൊമ്പുകൾ ഉയർത്തി ഗൗരവത്തിൽ നോക്കി. പിന്നീട് ശിരസ്സൊന്നു കുടഞ്ഞു. അപ്പോൾ ഇരുചെവികളും അടിക്കുന്ന ശബ്ദം കേൾക്കാമായിരുന്നു. വായിൽനിന്നും കൊഴുത്ത ദ്രാവകം തെറിച്ചു. 'ഷാമ' എന്ന പക്ഷി തന്റെ മധുരമായ ഗീതം ആലപിച്ചത് പെട്ടെന്നായിരുന്നു. കാടിന്റെ അകത്തളമാകെ പ്രസന്നമായി. മലയിറങ്ങി കാടും മേടും താണ്ടി പുഴയപ്പോൾ താഴെ ഗ്രാമങ്ങൾക്കും നഗരങ്ങൾക്കും പ്രാണജലം കൊടുക്കുവാൻ പോയി.



കവിത

# തീപ്പുഴ

കെ കെ പല്ലശ്ശന

കുട്ടികൾ കൂട്ടമായ് ചൊല്ലുന്നൂ
കേട്ടവരൊക്കെയും ഞെട്ടുന്നൂ
പട്ടണം ചുറ്റിയൊഴുകിടുന്ന
*പട്ടംപുഴയ്ക്കിന്നു തീപിടിച്ചു!

നീരൊഴുക്കെന്നോ നിലച്ചുപോയി
നീർക്കോഴിയെങ്ങോപറന്നുപോയി
പഞ്ചാരമണലില്ല, പച്ചയില്ല
പാഴ്പ്പുല്ലുവാടിക്കരിഞ്ഞുനിന്നു
തീരത്തുമേയുവാൻ പൈക്കളില്ല
കേരവൃക്ഷങ്ങൾതൻ കാവലില്ല.
തീരത്തുവാഴുന്ന ശാസ്താവിന്
നീരാട്ടിനിത്തിരി വെള്ളമില്ല.
ആറാട്ടുകാലത്ത് വട്ടയൊന്നിൽ
നീരുനിറച്ചുനീരാടിപോലും!
തർപ്പണം ചെയ്യുവാനെത്തിയവർ
തർപ്പണം ചെയ്തു പുഴയ്ക്കുവേണ്ടി!

ചത്തപുഴയ്ക്കൊരു പുഷ്പചക്രം
അർപ്പിച്ചതും നാട്ടുവാർത്തയായി
പുഴയെരിയുന്നൂപെരുംചിതയായ്
ഉരുകുന്നുതീരവും ജീവിതവും.
പുഴ കത്തും കാഴ്ചയ്ക്കുസാക്ഷിയായി
പാലത്തിലാളുകൾ തിങ്ങിനിന്നു
തീപ്പുഴ, തീപ്പുഴയെന്നുചൊല്ലി
തീരത്തുപൈതങ്ങളൊച്ചവെച്ചു.

പൈതങ്ങളേ നിങ്ങൾ ഭാഗ്യഹീനർ
പാടുവാൻ പച്ചമരങ്ങളില്ല
പാടങ്ങളില്ല നൽത്തോടുമില്ല
പാൽനുര ചിന്നും പുഴകളില്ല
പണ്ടത്തെപ്പാട്ടുകൾ പാഴ്ക്കിനാവ്
പാടുവാൻ തീപ്പുഴ, തീക്കടലും!

*പട്ടംപുഴ – സാങ്കൽപ്പികനാമം



വര: ആശ ആർ


# യുദ്ധം

## ബി മുരളി

വേറെ ഏതോ ഗ്രഹത്തിൽനിന്ന് എത്തിയ ചില ആൾക്കാർ ഭൂമിയിൽ ചുറ്റിത്തിരിഞ്ഞ് ചില കാര്യങ്ങൾ അന്വേഷിക്കുകയായിരുന്നു. അവിടെയില്ലാത്ത പല കാര്യങ്ങളും കണ്ടും കേട്ടും പഠിച്ച് കൂടുതൽ വിവരം സമ്പാദിക്കാനായിരുന്നു സംഘത്തിന്റെ വരവ്. ചിലതൊന്നും കണ്ടിട്ട് അവർക്ക് വലിയ കൗതുകമൊന്നും തോന്നിയില്ല. അവരുടെ ഗ്രഹത്തിൽ അതൊക്കെ സാധാരണമായിരുന്നിരിക്കും. എന്നാൽ പുഴകളും കടൽത്തീരവും കുന്നുംപുറങ്ങളുമൊക്കെ അവർ കൗതുകത്തോടെ വീക്ഷിച്ചു. അവരുടെ സ്ഥലത്ത് ഇവയൊക്കെയുണ്ടോ എന്നൊന്നും അവർ വെളിപ്പെടുത്തിയുമില്ല. ആരും ചോദിച്ചുമില്ല.

അവർ ഇവിടുത്തെ പല വായനശാലകളിലും കയറി പുസ്തകങ്ങളൊക്കെ വായിച്ചു പരിശോധിച്ചു. അറിയാവുന്ന ഭാഷകളിലൊക്കെ പല സംശയങ്ങളും ചോദിച്ചു മനസ്സിലാക്കി. കഞ്ഞിവയ്ക്കുന്നതെങ്ങനെ? പാൽ കിട്ടുന്നതെങ്ങനെ? ഫുട്ബോൾ കളിക്കുന്നതെങ്ങനെ തുടങ്ങി ഭൂമിയിലെ ശീലങ്ങൾ മിക്കതും അവർ പഠിച്ചു, കുറിച്ചുവച്ചു. ചിലതൊക്കെ കാണാതെ പഠിച്ചു. വിശ്രമമില്ലാതെ ജോലിയെടുക്കുകയായിരുന്നു അവർ.

ഭൂമിയിലെ മനുഷ്യരുടെ ജീവിതവും ചരിത്രവും ഒക്കെ പഠിക്കുന്നതോടൊപ്പം അവരുടെ ശീലങ്ങളും ചിട്ടകളുമൊക്കെ അവർ പരി



വര: അരുണ ആലഞ്ചേരി

ശോധിച്ചു മനസ്സിലാക്കി. മനുഷ്യർ തമ്മിൽ സ്നേഹിക്കുന്നതെങ്ങനെ എന്നു പഠിക്കാനായിരുന്നു കൂടുതൽ വിഷമം. പല കാര്യങ്ങളും അവർ ഏതാണ്ടൊക്കെ മനസ്സിലാക്കിയെടുത്തു. ഇവിടെ സന്തോഷം വരുമ്പോൾ ആഘോഷിക്കുന്നതും സങ്കടം വരുമ്പോൾ കരയുകയും ദേഷ്യം വരുമ്പോൾ അതുണ്ടാക്കുന്ന പ്രശ്നങ്ങളും ഒക്കെ അവർ കൗതുകത്തോടെ കണ്ടെത്തി. പക്ഷേ, ഒരു കാര്യം മാത്രം എത്ര വായിച്ചിട്ടും അവർക്കു മനസ്സിലായില്ല.

ഭൂമിയിൽ മാത്രം കാണപ്പെടുന്ന യുദ്ധം എങ്ങനെ ഉണ്ടായി? അതെങ്ങനെ ഇത്രയും നാൾ നിൽക്കാതെ തുടരുന്നു? ഒരിടത്ത് കാര്യങ്ങൾ ഒന്നു സമാധാനമായിട്ടു വരുമ്പോഴേക്കും വേറൊരിടത്തു വെട്ടു തുടങ്ങും. ഇതെന്തു പരിപാടി? എങ്ങനെയാണിതു തുടങ്ങിയത്? എന്നൊക്കെയാണ് അവർ അന്വേഷിച്ചത്. കൃത്യമായ കാര്യങ്ങൾ ഒരുതരത്തിലും പിടികിട്ടിയില്ല. ചോദ്യം കേട്ട വരും വശക്കേടിലായി. അവർക്കും അതിന്റെ തുടക്കത്തെപ്പറ്റി അറിയില്ലായിരുന്നു. ഒരെണ്ണത്തിന്റെ കാരണം അന്വേഷിച്ചു വരുമ്പോഴേക്കും ദേ കിടക്കുന്നു അതിനും മുമ്പൊരു യുദ്ധത്തിന്റെ കഥ. പലതിന്റെയും കാര്യങ്ങൾ നമ്മൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുമില്ല. കൈയിലുള്ള ചരിത്രമെല്ലാം പരിശോധിച്ചു കഴിഞ്ഞപ്പോഴും അതിലൊക്കെ അതിനും മുമ്പു നടന്ന യുദ്ധങ്ങളുടെ സൂചനകൾ. പിന്നെങ്ങനെ ആദിയുദ്ധത്തിന്റെ കാരണം കണ്ടെത്തും?

ഉത്തരം കിട്ടില്ലെന്ന ഗതി



യുദ്ധം എങ്ങനെ ഉണ്ടായി? അതെങ്ങനെ ഇത്രയും നാൾ നിൽക്കാതെ തുടരുന്നു? ഒരിടത്ത് കാര്യങ്ങൾ ഒന്നു സമാധാനമായിട്ടു വരുമ്പോഴേക്കും വേറൊരിടത്തു വെട്ടു തുടങ്ങും. ഇതെന്തു പരിപാടി? എങ്ങനെയാണിതു തുടങ്ങിയത്? എന്നൊക്കെയാണ് അവർ അന്വേഷിച്ചത്. കൃത്യമായ കാര്യങ്ങൾ ഒരുതരത്തിലും പിടികിട്ടിയില്ല.



വന്നപ്പോഴാണ് ഒരു കൃഷിക്കാരൻ പറഞ്ഞത്.

''എന്റെ ഒരു പഴയ അപ്പൂപ്പനാണ് ഇതിനൊക്കെ കാരണക്കാരൻ.''

ആദ്യം എല്ലാവരും അയാളെ കളിയാക്കി.എന്നാലും വേറെ ഉത്തരം ഒന്നുമില്ലെന്നായപ്പോൾ അവർ കൃഷിക്കാരനോട് പിന്നെയും ചോദിച്ചു. അതെങ്ങനെ? കൃഷിക്കാരൻ പറഞ്ഞു.

''അതു പണ്ടുപണ്ടത്തെ കഥയാണ്.''

''പറയ്.''

രണ്ടു ഗ്രഹങ്ങളിലെയും ചോദ്യക്കാർ ചോദിച്ചു.

''അക്കാലത്തെ എന്റെ അപ്പൂപ്പനും കൃഷിക്കാരനായിരുന്നു. അന്നു ലോകത്തിലാകെ ഒരൊറ്റ രാജാവേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോഴത്തെ എല്ലാ രാജാക്കന്മാരെയും പോലെ അങ്ങേരും വലിയ അത്യാഗ്രഹിയായിരുന്നു.

കൃഷിക്കാരൻ കഥ ഇങ്ങനെ ചുരുക്കി പറഞ്ഞു.

അപ്പൂപ്പനും മറ്റു കൃഷിക്കാരും ഒക്കെ വലിയ അളവിൽ നികുതിയും കാഴ്ചവസ്തുക്കളുമൊക്കെ രാജാവിനു കൊടുത്തു മടുത്തു. എന്നാലും വേറെ വഴിയില്ലല്ലോ. കഠിനമായി അധ്വാ

നിച്ച് അവർ രാജാവിനെ തൃപ്തിപ്പെടുത്തി. എന്നിരുന്നാലും രാജാവ് കൂടുതൽ കൂടുതൽ ചോദിച്ചുകൊണ്ടിരുന്നു. അദ്ദേഹം കിട്ടിയതും പിടിച്ചുവാങ്ങിയതുമായ ധനംകൊണ്ട് കൊട്ടാരം വലുതാക്കി. ആഡംബരം കൂട്ടി സുഖിച്ചു ജീവിച്ചു.

അങ്ങനെയിരിക്കെ കൃഷിക്കാരനപ്പൂപ്പൻ പണിസ്ഥലത്തു വിയർത്തുകൊണ്ടിരുന്നപ്പോൾ ഒന്നു ക്ഷീണം മാറ്റാനായി അടുത്തുള്ള പഴയ കുളത്തിന്റെ കരയിലേക്കു പോയി. വെള്ളം ആകെ അഴുക്കായിരുന്നു. കുളം ഒന്നു വറ്റിച്ചു വൃത്തിയാക്കാമെന്നു വിചാരിച്ച് അയാൾ ക്ഷീണം മാറ്റാതെ പണി തുടങ്ങി. വറ്റിച്ചുവറ്റിച്ചു വന്നപ്പോഴാണ് അതിൽ നിന്നു ഭീമാകാരമായ ഒരു കുടം കിട്ടിയത്. പത്തുപേർക്ക് ഇറങ്ങിയിരിക്കാവുന്ന വലിപ്പം!

എന്തായാലും ഉപകാരപ്പെടുന്ന കുടമാണ്. അയാൾ അതു ചുമന്നെടുത്തു കരയിൽ വച്ചു. വീട്ടിലേക്കു കൊണ്ടുപോകുന്നതിനുമുമ്പ് മരച്ചോട്ടിൽ കിടന്ന ഒരു മാങ്ങ കുടത്തിലിട്ടു. തലയിൽ വച്ചു നടക്കുമ്പോൾ ഭാരം കൊണ്ട് അയാൾ വീണ്ടും ക്ഷീണിച്ചു. കുടത്തിനിത്രയും ഭാരമോ? വീട്ടിൽ കൊണ്ടിറക്കിവച്ചു നോക്കിയപ്പോൾ കുടത്തിൽ മാങ്ങകൾ നൂറ്. കൃത്യം നൂറ്.

രാജാവ് സിംഹാസനത്തിൽ നിന്നു ചാടിയെണീറ്റു. മാലയും വളയും രത്നങ്ങളുമൊക്കെയിട്ട് എല്ലാം നൂറു നൂറാക്കി. അത്യാഗ്രഹം മൂത്ത ഒരു വേളയിൽ രാജാവ് മൂക്കുംകുത്തി കുടത്തിലേക്കു വീണു. പിന്നെ കാര്യം അറിയാമല്ലോ. കുടത്തിൽനിന്നു പുറത്തിറങ്ങിയത് നൂറു രാജാക്കന്മാർ!

ചുരുക്കത്തിൽ, അപ്പൂപ്പനു കിട്ടിയത് നമ്മൾ കഥയിലൊക്കെ കേട്ടിട്ടുള്ള പോലെ ഒരു മാന്ത്രികക്കുടമായിരുന്നു. അതിൽ എന്തു നിക്ഷേപിച്ചാലും നൂറായി തിരിച്ചുവരും. അയാൾ അതിൽ പല പരീക്ഷണങ്ങൾ നടത്തി സമൃദ്ധി നേടി.എന്നാലും അയാൾ അധ്വാനം നിർത്തിയില്ല. ആവശ്യമുള്ളതുമാത്രം കുടത്തിൽ നിന്നെടുത്തു. അതിൽനിന്നു കിട്ടുന്ന ധനത്തിന്റെ കൃത്യം അളവ് രാജാവിനു കൊടുത്തു കൊണ്ടുമിരുന്നു.

അങ്ങനെയാണ് രാജാവിനു സംശയം ബാധിച്ചത്. കൃഷിക്കാരൻ എങ്ങനെ ഇങ്ങനെ ധനികനാകും? ചാരന്മാരെ വിട്ടു. അവർ രഹസ്യം കണ്ടുപിടിച്ചു.

കുടവുമായി കൊട്ടാരത്തിലെത്താൻ ആജ്ഞവന്നു. കർഷകനു വേറെ വഴിയില്ലല്ലോ. അവിടെയെത്തി. കുടത്തിന്റെ മാന്ത്രികത പ്രദർശിപ്പിച്ചു.

രാജാവ് സിംഹാസനത്തിൽ നിന്നു ചാടിയെണീറ്റു. മാലയും വളയും രത്നങ്ങളുമൊക്കെയിട്ട് എല്ലാം നൂറു നൂറാക്കി. അത്യാഗ്രഹം മൂത്ത ഒരു വേളയിൽ രാജാവ് മൂക്കും കുത്തി കുടത്തിലേക്കു വീണു.

പിന്നെ കാര്യം അറിയാമല്ലോ. കുടത്തിൽനിന്നു പുറത്തിറങ്ങിയത് നൂറു രാജാക്കന്മാർ! എല്ലാവർക്കും കുടത്തിന്റെ രഹസ്യം അറിയാമായിരുന്നു.

അന്നു തുടങ്ങിയ യുദ്ധമാണ് ഇന്നും തുടരുന്നതെന്നാണ് നമ്മുടെ അന്വേഷകരോട് ഇപ്പോഴത്തെ കൃഷിക്കാരൻ പറഞ്ഞത്.

bmu.murali@gmail.com

## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറുലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ സമ്മാനം നൽകുന്നതാണ്.

അതോടൊപ്പം തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അയച്ചുതരിക. കത്തയയ്ക്കുമ്പോൾ വാഴ്ത്തലുകൾ മാത്രമാകരുത്. സത്യസന്ധവും വ്യത്യസ്തങ്ങളുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

എഡിറ്റർ, തളിര്
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം,
സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34

# ശബ്ദതാരാവലിക്ക് നൂറ്

ഡോ. രാധിക സി നായർ

മലയാളത്തിലെ ഒരു വാക്കിനു മറുവാക്കോ അർഥമോ കണ്ടെത്താൻ ഒന്നുകിൽ 'നെറ്റി'ൽ സെർച്ചു ചെയ്യാം. അല്ലെങ്കിൽ സാമ്പ്രദായികരീതിയിൽ വാക്കിന്റെ മഹാവിസ്മയമായ 'ശബ്ദതാരാവലി' നോക്കാം. എഴുത്തും വായനയും ഭാഷയും കൈവശമുള്ള മലയാളി സ്വന്തമാക്കാനാഗ്രഹിക്കുന്നതോ, സ്വന്തമാക്കി അഭിമാനിക്കുന്നതോ സ്വയം വാക്കിന്റെ അർഥം തിരയുന്നതോ ആയ ഈ പുസ്തകം പ്രസിദ്ധീകൃതമായതിന്റെ നൂറാമാണ്ടാണ് 2017. ജീവിതത്തിന്റെ പകുതി ഭാഗവും ചിലവഴിച്ച് ഒരു മഹാമനുഷ്യൻ വരുംതലമുറയ്ക്ക് പ്രതിഫലേച്ഛ ഒട്ടുമില്ലാതെ ഹൃദയപൂർവം നീട്ടിത്തന്ന മഹാനിധി. ഏതു വിശേഷണം കൊണ്ടു വിശദീകരിക്കാൻ ശ്രമിച്ചാലും അവയെയെല്ലാം അതിജീവിക്കുന്ന, കഠിനാധ്വാനംകൊണ്ട് ഒരു മനുഷ്യൻ ഒറ്റയ്ക്കു കെട്ടിപ്പൊക്കിയ ജ്ഞാനസൗധം.



ശ്രീകണ്ഠേശ്വരം ജി പത്മനാഭപിള്ള

ഭാഷയ്ക്കുവേണ്ടിയുള്ള കഠിനമായ ജീവസമർപ്പണമായിരുന്നു ശബ്ദതാരാവലിക്കാരന്റേത്. മലയാളിക്ക് വാക്കിന്റെ വഴിയിൽ വിളക്കും വെളിച്ചവും തണലും സൗഖ്യവും തരാൻ ഒരു മനുഷ്യൻ സഹിച്ച ദുരിതങ്ങൾ ചില്ലറയല്ല. ശ്രീകണ്ഠേശ്വരം ജി പത്മനാഭപിള്ള എന്ന ആ വാഗധീശ്വരന്റെ 28 വർഷത്തെ ഒറ്റയാൾപ്പോരാട്ടമായിരുന്നു ശബ്ദതാരാവലിക്കു പിന്നിൽ. ആധുനികസാങ്കേതികവിദ്യയുടെ കാലമല്ലെന്നോർക്കണം. എഴുതിയതും മനസ്സിലുള്ളതും പകർത്തിവയ്ക്കാൻ കൈ മാത്രമാണു ശരണം. പിന്നെ ഹിമാലയത്തോളം പൊക്കമുള്ള ഇച്ഛാശക്തിയും. ഒരു വാക്കെഴുതാനോ കണക്കുകൂട്ടാനോ പേനയെടുക്കാൻ ഇഷ്ടമില്ലാത്ത, കീപാഡിൽ വിരലുകളമർത്തി മാത്രം ശീലിച്ച പുതുകാലത്തിന് ഒരിക്കലും മനസ്സിലാകില്ല ആ സഹനങ്ങൾ. കമ്പ്യൂട്ടറുകളില്ല, ഫോട്ടോകോപ്പിയർ ഇല്ല. സി ഡി യും പെൻ ഡ്രൈവും എന്തിന് വൈദ്യുതിപോലുമില്ല. എന്നിട്ടും എല്ലാ ഇല്ലായ്മയുടെയും കൂരിരുട്ടിൽ അദ്ദേഹം ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും കൊണ്ട് സ്ഫുടതാരകളെ* വിന്യസിച്ചു. അവയെയെല്ലാം പെറുക്കിക്കൂട്ടിക്കൂട്ടി വാക്കിന്റെ ഒരു മഹാപ്രപഞ്ചം സൃഷ്ടിച്ചു. ഈ വാക്ക് അത്രയും എഴുതിക്കൂട്ടിയതും യുക്തമായ അർഥം കണ്ടെത്തിയടുക്കിയതും അവ അച്ചടിമഷി പുരണ്ടപ്പോൾ മേൽനോട്ടംവഹിച്ചതും പിഴവുകൂടാതെ പ്രൂഫ് വായിച്ച് തിരുത്തിയതും ആ ഒരൊറ്റയാൾ.

1895 ലാണ് നിഘണ്ടുനിർമാണമെന്ന ലക്ഷ്യവുമായി പത്മനാഭപിള്ള വായന ആരംഭിച്ചത്. തിരുവനന്തപുരത്ത് ലാൻഡ്സർവേവകുപ്പിൽ അന്ന് അദ്ദേഹം ഗുമസ്തനായിരുന്നു. 1899 ൽ മജിസ്ട്രേറ്റു പരീക്ഷ പാസായ പത്മനാഭപിള്ള തുടർന്ന് തിരുവനന്തപുരത്തുതന്നെ വക്കീലായി. എന്നാൽ ലക്ഷ്യം മാത്രം മുന്നിലുണ്ടായിരുന്ന അദ്ദേഹം

*കുമാരനാശാന്റെ 'ചിന്താവിഷ്ടയായ സീത'യിലെ പ്രയോഗം

കൃത്യമായി വക്കീൽപ്പണി ചെയ്തില്ല. ഫലം ദാരിദ്ര്യം. കുടുംബം പോറ്റാൻ നിവൃത്തിയില്ലാതെ ചില ചെറു കൃതികൾ അദ്ദേഹം എസ് ടി റെഡ്യാരെപ്പോലുള്ള പ്രസാധകർക്കായി എഴുതി. അപ്പോഴൊക്കെയും ലക്ഷ്യം ഒന്നുമാത്രമായിരുന്നു. മലയാളത്തിന് ഒരു മഹാനിഘണ്ടു. 1904 ൽ അന്നുവരെ ശേഖരിച്ച വാക്കുകളിൽനിന്നു കുറച്ചെടുത്ത് ഒരു പോക്കറ്റ് ഡിക്ഷ്ണറി 'കീശാനിഘണ്ടു' എന്ന പേരിൽ പ്രസിദ്ധീകരിച്ചു. എന്നിട്ടുണ്ടോ ദാരിദ്ര്യം മാറുന്നു. വക്കീൽപ്പണി ഉപേക്ഷിച്ച് വീണ്ടും ഗുമസ്തപ്പണിയിലേക്കു മടങ്ങിയ പത്മനാഭപിള്ള 1905 ൽ മലയാളഭാഷയ്ക്കു വേണ്ടി മറ്റാരും ചെയ്യാത്ത കഠിനകൃത്യം ചെയ്തു. ജോലി രാജിവച്ച് വക്കീൽപ്പണിയിലേക്കു മടങ്ങി. ജോലിയിൽ ഈ ചാഞ്ചാട്ടമൊക്കെ നടത്തിയ അദ്ദേഹം പക്ഷേ ഒറ്റക്കാര്യത്തിൽ ദൃഢചിത്തനായിരുന്നു.

**വക്കീൽപ്പണി ഉപേക്ഷിച്ച് വീണ്ടും ഗുമസ്തപ്പണിയിലേക്കു മടങ്ങിയപത്മനാഭപിള്ള 1905 ൽ മലയാളഭാഷയ്ക്കു വേണ്ടി മറ്റാരും ചെയ്യാൻ മടിക്കുന്ന ഒരു കഠിനകൃത്യം ചെയ്തു. ജോലി രാജിവച്ച് വക്കീൽപ്പണിയിലേക്കു മടങ്ങി. ജോലിയിൽ ഈ ചാഞ്ചാട്ടമൊക്കെ നടത്തിയ അദ്ദേഹം പക്ഷേ ഒറ്റക്കാര്യത്തിൽ ദൃഢചിത്തനായിരുന്നു. മലയാളത്തിനൊരു വമ്പൻ നിഘണ്ടു തയ്യാറാക്കുന്ന കാര്യത്തിൽ. അങ്ങനെ 1917 ൽ ശബ്ദതാരാവലിയുടെ ആദ്യ കൈയെഴുത്തുപ്രതി തയ്യാറായി.**

മലയാളത്തിനൊരു വമ്പൻ നിഘണ്ടു തയ്യാറാക്കുന്ന കാര്യത്തിൽ.അങ്ങനെ 1917ൽ ശബ്ദതാരാവലിയുടെ ആദ്യ കൈയെഴുത്തുപ്രതി തയ്യാറായി. 20 വർഷത്തെ സപര്യ. രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ കഴിയാത്ത ജീവിതപ്പാതയിൽ പക്ഷേ അദ്ദേഹം വാക്കിന്റെ നക്ഷത്രവിളക്കുകൾ തൂക്കി.

പിന്നീടാണ് പക്ഷേ യഥാർഥപ്രശ്നം ഉണ്ടായത്. പുസ്തകം ഭീമമാണ്. ഇത്രയും അച്ചടിച്ചു പ്രസിദ്ധീകരിക്കാൻ ഒരു പ്രസാധകനും തയ്യാറായില്ല. തോറ്റു പിന്മാറാൻ ശ്രീകണ്ഠേശ്വരവും. പുസ്തകങ്ങൾ പലഭാഗങ്ങളായി, സഞ്ചികകളായി അദ്ദേഹം പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. 1917 നവംബർ 13 ന് ശബ്ദതാരാവലിയുടെ ആദ്യ സഞ്ചിക പ്രസിദ്ധീകൃതമായി. തിരുവനന്തപുരം ചാലക്കമ്പോളത്തിലെ പുസ്തകവ്യാപാരി ജെ കേപ്പയായിരുന്നു അദ്ദേഹത്തെ ഇതിനു സഹായിച്ചത്. 1923 മാർച്ച് 16 ന് അവസാന സഞ്ചിക പ്രസിദ്ധീകൃതമായി. മൊത്തം 1534 പേജ്. 22 സഞ്ചികകളായിരുന്നു ആകെ.

തിരുവനന്തപുരത്തെ സരസ്വതീവിലാസം പ്രസിലായിരുന്നു അച്ചടി. 500 പ്രതികളാണ് അച്ചടിച്ചത്. 'വ്യുത്പത്തിചരിത്ര പ്രയോഗങ്ങൾ മുതലായവ അടങ്ങിയ ഒരു മഹാനിഘണ്ടു' എന്ന ഉപ







ശബ്ദതാരാവലി

ശീർഷകത്തോടെയാണ് ഒന്നാംപതിപ്പു പുറത്തുവന്നത്. 'ള' കാരത്തിൽ ഒരു വാക്ക്. 'ഴ' കാരത്തിൽ 'ഴ' എന്ന അക്ഷരത്തിന്റെ വിവരണം. ഇതായിരുന്നു അവസാന താളിൽ. പ്രസാധകൻ ശ്രീക ണ്ഠേശ്വരം ജി പദ്മനാഭപിള്ള, പ്രകാശകൻ ജെ കേപ്പ എന്നു പുസ്തകത്തിൽ അച്ചടിച്ചി രുന്നു. ഒന്നാം പുസ്തകത്തി ന്റെ അവസാനതാളിൽ ഏറ്റവും താഴെ '*മുകളിൽ അച്ചടിച്ചിരിക്കുന്ന ബാർഡരി നകത്തു പുസ്തകനമ്പരും ഉടമസ്ഥനായ ഗ്രന്ഥകർത്താ വിന്റെ ഒപ്പും തീയതിയും ഇല്ലാത്ത പുസ്തകം വ്യാജ നിർമിതമാകുന്നു*' എന്നൊരു അറിയിപ്പും. അതിനു മുകളി ലെ ദീർഘചതുരാകൃതിയി ലുള്ള ബോക്സിൽ ഗ്രന്ഥ കർത്താവിന് ഒപ്പിടാനുള്ള സ്ഥലമുണ്ട്. ഒന്നാംപതിപ്പിന്റെ 500 കോപ്പിയിലും ശ്രീകണ് ഠേശ്വരത്തിന്റെ ഒപ്പുണ്ട്. വയലറ്റുമഷിയിലുള്ള സുന്ദരമായ കൈയൊപ്പ്.

ഒന്നാംപതിപ്പിൽ മറ്റൊരു കൗതുകമുള്ള വിവരണമുണ്ട്. 'രാജസംഭാവന' എന്നു പേ രുള്ള ആ കുറിപ്പ് ഇങ്ങനെ.

'ശബ്ദതാരാവലി നിഘണ്ടു വിന്റെ ഉടമസ്ഥനും ഗ്രന്ഥ കർത്താവുമായ ശ്രീകണ്ഠേ ശ്വരം ജി പത്മനാഭപിള്ള അവർകൾക്കു കൊച്ചി വലി യത്തമ്പുരാൻ തിരുമനസ്സു കൊണ്ട് കൽപ്പിച്ച് ഒരു ജോടി കവണി സംഭാവന ചെയ്യുക യും തിരുമനസ്സിലേക്ക് മാതൃ ഭാഷയോടുള്ള പ്രതിപത്തിയെ പ്രത്യക്ഷപ്പെടുത്തുമാറ് ഈ നിഘണ്ടുവിന്റെ നാൽപതു പ്രതികൾ കൊച്ചിഭാഷാപരി ഷ്കരണക്കമ്മിറ്റി വിലയ്ക്ക് എടുത്തു കൊള്ളണമെന്ന് ആ ഗവൺമെന്റിൽ നിന്നും ആജ്ഞാപിക്കുകയും ചെയ്തി രിക്കുന്നു എന്നുള്ള സന്തോഷ

**കൊച്ചിക്കുപുറമെ തിരുവിതാംകൂറിലെ സർക്കാർ ശബ്ദതാരാവലിയുടെ 30 കോപ്പി വാങ്ങി. ശ്രീമൂലം തിരുനാൾ രാജാവ് ശ്രീകണ്ഠേശ്വരത്തിനു വീരശൃംഖല സമ്മാനിച്ചു. എന്നിട്ടും ആ കുടുംബത്തിന്റെ ദാരിദ്ര്യത്തിനോ പുസ്തകപ്രസാധനം വഴി ഉണ്ടായ കടബാധ്യതയ്ക്കോ അറുതിയുണ്ടായില്ല.**

വർത്തമാനത്തെ താരാവലി യുടെ ബന്ധുക്കളെ സവിന യം അറിയിച്ചുകൊള്ളുന്നു.'

കൊച്ചിക്കുപുറമെ തിരു വിതാംകൂറിലെ സർക്കാർ ശബ്ദതാരാവലിയുടെ 30 കോപ്പി വാങ്ങി. ശ്രീമൂലംതിരു നാൾ മഹാരാജാവ് ശ്രീകണ് ഠേശ്വരത്തിനു വീരശൃംഖല സമ്മാനിച്ചു. എന്നിട്ടും ആ കുടുംബത്തിന്റെ ദാരിദ്ര്യ ത്തിനോ പുസ്തകപ്രസാധനം വഴി ഉണ്ടായ കടബാധ്യതയ് ക്കോ അറുതിയുണ്ടായില്ല.

100 വർഷംമുമ്പ് കടുത്ത ദാരിദ്ര്യത്തിൽ, കൂട്ടിനാരുമി ല്ലാതെ വാക്കുമാത്രം തെളി യിച്ച വഴിയിലൂടെ മലയാള ത്തിന് എന്നും അഭിമാനി ക്കാൻ ഒരൊറ്റയാൾ ജീവിതം ഉഴിഞ്ഞുവച്ചതിന്റെ ഫലമാണ് നാം എന്നും അർഥം തിരഞ്ഞ് അഭിമാനിക്കുന്ന ശബ്ദതാരാ വലി. സുഖമെന്ന വാക്ക് നിഘണ്ടുവിൽ ഉൾപ്പെടുത്തി യിട്ടുണ്ടെങ്കിലും ജീവിതത്തിൽ അതനുഭവിക്കാൻ കഴിയാത്ത ഒരു മഹാമനുഷ്യന്റെ ജീവിത കാലനേട്ടമാണത്. 1930ൽ പുറ ത്തിറങ്ങിയ പുസ്തകത്തിന്റെ രണ്ടാംപതിപ്പിൽ അദ്ദേഹം ഇങ്ങനെഎഴുതുന്നു.

'*സുഖം എന്ന പദത്തിന്റെ അർഥം എന്റെ നിഘണ്ടുവിൽ കൊടുത്തിട്ടുണ്ടെന്നുവരികി ലും പരമാർഥത്തിൽ അതെ ങ്ങനെയിരിക്കുമെന്ന് ഞാൻ ഇതുവരെ അറിഞ്ഞിട്ടുള്ളവ നല്ല. എന്റെ കുടുംബക്കാരും ബന്ധുക്കളും സ്നേഹിതരും അതിനു സാക്ഷികളാകുന്നു. 'താരാവലി' യെ മുദ്രണം ചെയ്തു വാണിജ്യയിൽ സമ ധികമായ ലാഭത്തെ സമ്പാദി ക്കണമെന്നു വിചാരിക്കാതെ 'കൂലങ്കഷമായ ഭാഷാസാഹി ത്യപരിചയത്തിനു പര്യാപ്ത' മാകണമെന്നുമാത്രം ഉദ്ദേ ശിച്ച് 1072 മുതൽ 1106 വരെ 34 സംവത്സരം 'ശബ്ദതാരാ വലി'ക്കു ചെലവാക്കിയതിന്റെ ശേഷവും അതിനെപ്പറ്റി എന്റെ ഹൃദയത്തിനുതന്നെ സംതൃ പ്തി വന്നിട്ടില്ലെന്നുള്ളതും 'പെട്ടെന്ന് ഒരു നിഘണ്ടു പുറപ്പെടുവിച്ചുകളയാം' എന്നു വിചാരിക്കുന്നവർ ഓർമിക്കേ ണ്ടതാകുന്നു. നിഘണ്ടു പതിപ്പുതോറും പരിഷ്കരിക്ക ണമെന്നുള്ളതും അതിന്റെ പ്രസാധകന്റെയും പിൻഗാമി കളുടെയും ചുമതലയാണ്.*'

സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ ശബ്ദതാരാവലിക്ക് 1824 പേ ജുണ്ട്. ഡിമൈ 1/4 വലിപ്പ ത്തിൽ ഡി സി ബുക്സ് പ്രസിദ്ധീകരിച്ച ശബ്ദതാരാ വലിക്കാകട്ടെ 2055 പേജും. 1946 മാർച്ച് നാലിന് മരിക്കു മ്പോൾ ആ പദചക്രവർത്തി യുടെ പുസ്തകം മൂന്ന് പതിപ്പേ പ്രസിദ്ധീകരിച്ചിരു ന്നുള്ളൂ. 2015 ആയപ്പോഴേ ക്കും സാഹിത്യപ്രവർത്ത സഹകരണസംഘത്തിന്റെ 40-ാം പതിപ്പ് പുറത്തിറങ്ങി. കൂട്ടിച്ചേർക്കപ്പെട്ട വാക്കു കളും പ്രയോഗങ്ങളും അതി ലുണ്ട്. എങ്കിലും സമഗ്ര മായ ഒരഴിച്ചുപണി നടത്തി പതിപ്പുതോറും പരിഷ്കരി ക്കേണ്ടതാണെന്ന് ആ ദീർ ഘദർശി എഴുതിയത് ഇന്നും നടപ്പായിട്ടില്ല. ഒരു നൂറ്റാണ്ടു തികയുമ്പോൾ എങ്കിലും നാം ഏറ്റെടുക്കേണ്ട കർ ത്തവ്യം അതാണ്.

# കണക്കുമാഷ്

## മൊഴിമാറ്റം : പി പി കെ പൊതുവാൾ

'Diaries of a young girl' എന്ന പുസ്തകത്തിലൂടെ ലോകപ്രശസ്തയായിത്തീർന്ന ആൻ ഫ്രാങ്ക് എന്ന പെൺകുട്ടിയെക്കുറിച്ച് അറിയാത്തവർ ചുരുക്കം. പക്ഷേ ചെറുകഥകളും അനുഭവക്കുറിപ്പുകളും പൂർത്തിയാക്കാൻ കഴിയാത്ത ഒരു നോവലുമടക്കം നിരവധി സർഗാത്മകരചനകൾക്ക് ജന്മം നൽകിയിട്ടുണ്ട് ഈ പെൺകുട്ടി എന്നത് അധികമാർക്കും അറിഞ്ഞുകൂടാത്ത ഒരു സത്യം. മരണശേഷം പ്രസിദ്ധീകരിച്ച ഇവരുടെ സാഹിത്യകൃതികളുടെ സമാഹാരത്തിൽനിന്ന് ഇതാ നർമരസപ്രധാനമായ ഒരു ക്ലാസ്റൂം അനുഭവകഥ.

ക്ലാസ്സിൽ കുട്ടികളുടെ മുൻപിൽ നിൽക്കുന്ന ആ രൂപം ഏറെ ആകർഷകമാണ്. പൊക്കം കൂടി, വയസ്സായി, എല്ലാദിവസവും നരച്ച നിറത്തിലുള്ള ഒരേ സ്യൂട്ടുതന്നെ ധരിച്ച് കഷണ്ടിത്തലയിൽ ഒരുപിടിവെള്ളി രോമങ്ങളുമായി അദ്ദേഹം മുടങ്ങാതെ ഞങ്ങളുടെ ക്ലാസ്സിലെത്തുമായിരുന്നു. വിചിത്രമായ ഒരു ഗ്രാമ്യഭാഷയിലാണ് സംസാരം. എപ്പോഴും പിറുപിറുത്തു കൊണ്ടിരിക്കും. അതിലേറെ ചിരിക്കും. പരിശ്രമശാലികളായ കുട്ടികളോട് ഏറെ ക്ഷമ കാണിക്കും. അലസരെങ്കിൽ പെട്ടെന്നു നിയന്ത്രണം നഷ്ടപ്പെടും. പത്തുപേരോടു ചോദ്യം ചോദിച്ചാൽ ഒൻപതുപേർക്കും ഉത്തരമറിയില്ല. പറഞ്ഞതുതന്നെ വീണ്ടും വീണ്ടും പറഞ്ഞ് മനസ്സിലാക്കിത്തരാൻ ശ്രമിക്കും. വിശദീകരണങ്ങൾ, വിവരങ്ങൾ, പഠനസാമഗ്രികൾ ഉപയോഗിച്ചുള്ള പരീക്ഷണങ്ങൾ. പൂജ്യത്തിൽ കുറവായ സംഖ്യകളിൽ എത്തിച്ചേരുന്നതെങ്ങനെയെന്ന് പഠിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഇതെല്ലാം. കടങ്കഥകൾ ഉണ്ടാക്കിച്ചോദിക്കാൻ



ഫോട്ടോ: desconhecido

ആൻ ഫ്രാങ്ക്

ഇഷ്ടമാണ്. ക്ലാസ്സ് കഴിഞ്ഞ ശേഷം കുട്ടികളോടു സംസാരിക്കാൻ ഏറെ ഇഷ്ടം. നാട്ടിലെ വലിയൊരു ഫുട്ബോൾ ക്ലബ്ബിന്റെ ഭാരവാഹി കൂടിയാണ്.

കീസിംഗ് -അതാണ് ആ കണക്കുമാഷിന്റെ പേര്. കൂടെക്കൂടെ ഞാനും മാഷും ഏറ്റുമുട്ടാറുണ്ട്. അദ്ദേഹം പഠിപ്പിക്കും. ഞാൻ സംസാരിച്ചുകൊണ്ടിരിക്കും. അതാണു പ്രശ്നം. മൂന്നു ദിവസത്തിനിടെ ആറുതവണ മുന്നറിയിപ്പു തന്നു. അവസാനം മനംമടുത്ത് തന്റെ പതിവുരീതിയിൽ രണ്ടുപുറം വരുന്ന ഒരു പ്രബന്ധം എഴുതിക്കാണിക്കാൻ ശിക്ഷ വിധിച്ചു. അടുത്ത കണക്കു ക്ലാസ്സിൽ ഞാനത് അദ്ദേഹത്തിനു സമർപ്പിച്ചു. അതു വായിച്ച് അദ്ദേഹം ഹൃദയം തുറന്നുചിരിച്ചു. അദ്ദേഹത്തിന് ആ തമാശ ഇഷ്ടമായി. ആ പ്രബന്ധത്തിൽ ഇങ്ങനെയൊരു ഭാഗമുണ്ടായിരുന്നു.

''ക്ലാസ്സിൽ സംസാരിക്കുന്നത് ഒഴിവാക്കാൻ ഞാൻ കഠിനമായി ശ്രമിക്കേണ്ടതാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ ഇക്കാര്യത്തിൽ എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ലെന്നു വിചാരിക്കുന്നു. അമ്മയിൽ നിന്നു കിട്ടിയ ഒരു ശീലമാണിത്. അമ്മയെപ്പോഴും അങ്ങനെയാണ്. ആ രീതിയിൽ അതൊരു പാരമ്പര്യസ്വഭാവമായിരിക്കണം. അത് ഇല്ലാതാക്കാൻ അമ്മ എന്തെങ്കിലും ശ്രമം നടത്തിയതായി അറിയില്ല.''

'കിലുക്കാംപെട്ടി' (Chatterbox) എന്ന ശീർഷകമാണ് ഞാനതിനുപയോഗിച്ചത്. അടുത്തക്ലാസ്സിൽ രസം പിടിച്ചു സംസാരിക്കാൻ അവസരം കിട്ടിയപ്പോൾ എനിക്ക് അത് ഒഴിവാക്കാനായില്ല. അന്നും കിട്ടി മാഷിന്റെ വക ശിക്ഷ. 'ഒരിക്കലും നന്നാകാനിടയില്ലാത്ത കിലുക്കാംപെട്ടി!' (An incorrigible chatterbox). ഈ ശീർഷകത്തിൽ ഒരു പ്രബന്ധമെഴുതി മാഷിനെ കാണിക്കണം.

അനുസരണയുള്ള കുട്ടിയായി പറഞ്ഞസമയത്തു തന്നെ ഞാൻ അതെഴുതി മാഷെ കാണിച്ചു. എന്റെ വാദമുഖങ്ങൾ നിരത്തിയുള്ള ആ പ്രബന്ധം വായിച്ച് മാഷും ചിരിച്ചുപോയി. ഇതുകൊണ്ടൊന്നും എന്റെ വായാടിത്തം കുറഞ്ഞില്ല. വീണ്ടും മാഷ് ശിക്ഷ വിധിച്ചു. ഇത്തവണത്തെ വിഷയം 'ക്വാക്ക്, ക്വാക്ക്, ക്വാക്ക്' (Quack Quack Quack). എനിക്ക് പണിതരാനായി മാഷ് തന്ന ആ വിഷയത്തെക്കുറിച്ച് ഇത്തവണ ഞാനെഴുതിയത് ഒരു പ്രബന്ധമായിരുന്നില്ല, ഒരു കവിത. എന്തായാലും മാഷിന് ആ കവിത നന്നേ ഇഷ്ടപ്പെടുകയും അതു ക്ലാസ്സിൽ വായിച്ചുകേൾപ്പിക്കുകയും ചെയ്തു. മാത്രമല്ല മറ്റു ക്ലാസ്സുകളിലുംകൊണ്ടുപോയി എന്റെ കവിത വായിച്ചു കേൾപ്പിച്ചു. അതോടെ പ്രശ്നം അവസാനിച്ചു.

അന്നു മുതൽ ക്ലാസ്സിൽ എനിക്ക് ഒരുപാടു സ്വാതന്ത്ര്യം അനുവദിച്ചുകിട്ടി. പാഠമെടുക്കുന്നതിനിടയിലുള്ള എന്റെ ചറപറ വർത്തമാനം മാഷ് ശ്രദ്ധിക്കാതെയായി. പക്ഷേ കീസിംഗ് മാഷ് കാരണം ക്ലാസ്സിൽ എനിക്ക് ഒരു പേരുവീണു. 'ചാറ്റർ ബോക്സ് എഴുത്തമ്മ.'



ഫോട്ടോ: Rodrigo Galindez

ബെർലിനിൽ പ്രദർശിപ്പിച്ചിരിക്കുന്ന ആൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പ്

**ക്ലാസ്സിൽ സംസാരിക്കുന്നത് ഒഴിവാക്കാൻ ഞാൻ കഠിനമായി ശ്രമിക്കേണ്ടതാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ ഇക്കാര്യത്തിൽ എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ലെന്നു വിചാരിക്കുന്നു. അമ്മയിൽ നിന്നു കിട്ടിയ ഒരു ശീലമാണിത്. അമ്മയെപ്പോഴും അങ്ങനെയാണ്. ആ രീതിയിൽ അതൊരു പാരമ്പര്യസ്വഭാവമായിരിക്കണം. അത് ഇല്ലാതാക്കാൻ അമ്മ ശ്രമം നടത്തിയതായി അറിയില്ല.**

# സെർബരൂസ്

എം ഗീതാഞ്ജലി

വീരപരാക്രമിയായ ഹെർക്കുലീസിന് യൂറിസ്ത്യൂസ് രാജാവിന്റെ ദാസനായി കുറെ വർഷം കഴിയേണ്ടിവന്നു. ഇക്കാലത്ത് രാജാവിന്റെ ആവശ്യപ്രകാരം പന്ത്രണ്ട് അതിസാഹസിക പ്രവൃത്തികൾ അയാൾക്ക് നിർവഹിക്കേണ്ടിയിരുന്നു. അതിൽ പന്ത്രണ്ടാമത്തേതും അവസാനത്തേതുമായ വീരകൃത്യം പാതാളലോകത്തെ അതിഭീകരനായ സെർബരൂസ് എന്ന നായയെ ജീവനോടെ പിടിച്ചുകെട്ടി കൊണ്ടുവരിക എന്നതായിരുന്നു. ഭീകരസത്വമായ എക്കിഡ്നിയുടെയും രാക്ഷസനായ ടൈഫോണിന്റെയും അനേകം മക്കളിൽ മൂത്തവനാണ് സെർബരൂസ് എന്ന നായ. ഈ നായ്ക്കു മൂന്നു തലകളുണ്ട്. ഇടിമുഴക്കത്തെക്കാൾ ഞെട്ടിപ്പിക്കുന്നതാണ് ഇതിന്റെ കുര. പാതാളലോകത്തിലെ വിശ്വസ്തനായ കാവൽക്കാരൻ. (സെർബരൂസിന്റെ സഹോദരനാണ് ഓർത്തരൂസ് എന്ന നായ. ഭീകരനായ ഈ നായയെ വധിച്ചത് ഹെർക്കുലീസ് തന്നെ.)

ഹെർക്കുലീസിന്റെ ഈ യാത്ര വളരെ ദുർഘടം പിടിച്ചതായിരുന്നു. അഗാധമായ പാതാളലോകത്തിലേക്കാണ് പോകേണ്ടത്. പാതാളത്തിന്റെ രാജാവ് ഹെയ്ഡസ് ആണ്. ദേവന്മാരുടെ ദേവനായ സ്യൂസ്ദേവന്റെയും സമുദ്രദേവനായ പൊസൈഡോണിന്റെയും സഹോദരനാണ് ഹെയ്ഡസ്. പ്ലൂട്ടോ എന്നൊരു പേരുകൂടി പാതാളരാജനുണ്ട്. പാതാളത്തിലെത്തുന്നതിനു മുമ്പുള്ള മരണനദിയായ സ്റ്റിംഗ്സ് മുറിച്ചു കടക്കുന്നതിന് ഒരു വഴിയും കാണാതെ ഹെർക്കുലീസ് വിഷമിച്ചു. നദിക്കരയിൽ കാവൽക്കാര



നായി കാരോൺ നിൽപ്പുണ്ട്. മരിച്ചു പാതാളത്തിലേക്കു പോകുന്ന ആത്മാക്കളെ വഴിയിൽ തടഞ്ഞുനിർത്തി മരണനദി കടത്തിവിടുന്ന തോണിക്കാരനാണ് അയാൾ. അതിന് ആത്മാക്കൾ ഒരു നാണയം കൂലിയായി കൊടുക്കേണ്ടതുണ്ട്. എന്നാൽ മരിക്കാതെ വരുന്ന ഹെർക്കുലീസിനെ സ്റ്റിംഗ്സ് കടക്കാൻ അയാൾ സമ്മതിച്ചില്ല. കാരോൺ മടിച്ചുനിൽക്കുന്നതുകണ്ട് ലോകം മുഴുവൻ നടുങ്ങുമാറ് ഹെർക്കുലീസ് ഉറക്കെ അലറി. അതുകേട്ട് ഭയന്ന് കാരോൺ ഹെർക്കുലീസിനെ എടുത്ത് മരണനദിക്ക് അപ്പുറമെത്തിച്ചു. മരണനദി കടന്നെങ്കിലും ഹെയ്ഡസിന്റെ കൊട്ടാരമെത്തുന്നതുവരെ ഒരുപാട് പ്രതിബന്ധങ്ങൾ ഹെർക്കുലീസിന് തരണം ചെയ്യേണ്ടി വന്നു. വീരശൂരപരാക്രമിയായ ഹെർക്കുലീസ് ആണ് എത്തിയതെന്നറിഞ്ഞ് പാതാളരാജനും പത്നിയായ പെർസോഫോണിയയും കൊട്ടാരത്തിന്റെ കവാടത്തിൽ എത്തി സ്വീകരിച്ചു കൊണ്ടുപോയി. യൂറിസ്ത്യൂസിന്റെ ആജ്ഞയനുസിച്ച് മൂന്നുതലയുള്ള സെർബരൂസിനെകൊണ്ടു പോകാനാണ് താൻ വന്നിരിക്കുന്നത് എന്നയാൾ ഹെയ്ഡസിനെ അറിയിച്ചു. ഹെയ്ഡസ് അതുകേട്ടു പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.

''സെർബരൂസിനെ നിങ്ങൾ കൊണ്ടുപൊയ്ക്കോളൂ. എനിക്ക് ഒരു എതിർപ്പുമില്ല. പക്ഷേ ഒരു ഉപാധിയുണ്ട്. നിങ്ങളുടെ ഗദയോ അമ്പോ വാളോ ഒരു ആയുധവും ഉപയോഗിക്കാതെ വേണം അതിനെ പിടിക്കുവാൻ. എന്നാലെനിക്ക് സമ്മതമാണ്.'' വെറും കൈയോടെ ഒരാൾക്കും സെർബരൂസിനെ കീഴടക്കാൻ പറ്റില്ല എന്ന് ഹെയ്ഡസിന് ഉറപ്പുണ്ടായിരുന്നു.




ഹെർക്കുലീസിന് അതു സമ്മതിക്കാതെ മാർഗമൊന്നുമില്ലായിരുന്നു. ആയുധങ്ങളെല്ലാം കളഞ്ഞ് സെർബരൂസിനെ പിടിക്കാനുള്ള ശ്രമത്തിലായി ഹെർക്കുലീസ്. നായ ഭയങ്കരമായി കുരച്ചുകൊണ്ട് അയാളുടെ മേലേക്ക് ചാടി. ഹെർക്കുലീസാകട്ടെ. നായയുടെ പിടിയിൽ നിന്നൊഴിഞ്ഞു മാറി. അതിന്റെ മേലേക്ക് ചാടി കഴുത്തിനു തന്നെ പിടിച്ചിറുക്കി. സെർബരൂസ് എത്ര ശക്തിയിൽ കുടഞ്ഞിട്ടും ഹെർക്കുലീസിന്റെ ഉരുക്കുമുഷ്ടിയിൽ നിന്ന് അതിന് രക്ഷപ്പെടാൻ കഴിഞ്ഞില്ല. പെട്ടെന്ന് അതിന്റെ മൂന്നു തലകളും കഴുത്തിൽനിന്ന് നീണ്ടു നീണ്ടു വന്നു. അവയിലോരോന്നിലും പത്തി വിടർത്തിയ വിഷപ്പാമ്പുകൾ കൊത്താനാഞ്ഞു നിന്നിരുന്നു. ഗദപോലെ ശക്തമായ വാലുകൊണ്ട് സെർബരൂസ് ഹെർക്കുലീസിനെ പ്രഹരിക്കാൻ തുടങ്ങി. ഹെർക്കുലീസാകട്ടെ, തന്റെ തോളിൽ എപ്പോഴും അംഗവസ്ത്രം പോലെ കൊണ്ടുനടക്കാറുള്ള

സിംഹത്തോൽ വിടർത്തി സ്വശരീരത്തെ നായയുടെ പ്രഹരങ്ങളിൽ നിന്ന് സംരക്ഷിച്ചു. ഏറെ നേരം ഈ മൽപ്പിടുത്തം ഇങ്ങനെ തന്നെ തുടർന്നു. ഒടുവിൽ ശക്തിക്ഷയിച്ച് സെർബരൂസ് ഹെർക്കൂലീസിന് അടിയറവു പറഞ്ഞു. പാതാളരാജാവും റാണിയും  പരിവാരങ്ങളും അത്ഭുതചകിതരായി ഈ മൽപ്പിടുത്തം കണ്ടുകൊണ്ട് നിന്നു. ഹെർക്കുലീസിന്റെ ശക്തിയിലും ധൈര്യത്തിലും വിസ്മയിച്ചുപോയ അവർ തോൽവി സമ്മതിച്ച് സെർബരൂസിനെ പിടിച്ചുകെട്ടി കൊണ്ടു പൊയ്ക്കൊള്ളാൻ അനുവദിച്ചു.സെർബരൂസിന്റെ കൈകാലുകൾ ബന്ധിച്ച് സ്വയം അതിനെ തൂക്കിയെടുത്ത് ഹെർക്കുലിസ് പാതാളരാജ്യത്തിൽ നിന്നും ഭൂമിയിലേക്ക് തിരിച്ചുപോന്നു. പാതാളലോകത്തെ ഇരുട്ടു മാത്രം പരിചയിച്ചിരുന്ന സെർബരൂസിന് ഭൂമിയിലെ സൂര്യപ്രകാശം കണ്ണിലടിച്ചപ്പോൾ വലിയ ഒരു ആഘാതം തന്നെയായി. പിടിവിടുവിച്ച് ഓടിരക്ഷപ്പെടാൻ അത് ശ്രമിച്ചുകൊണ്ടിരുന്നു. തന്റെ മൂന്നുവായും പിളർത്തി അത്യുച്ചത്തിൽ നിലവിളിച്ചുകൊണ്ടേയിരുന്നു. ആ ആർത്തരോദനം കേട്ടവർ കേട്ടവർ ഭീതിപൂണ്ടുനിന്നുപോയി. ഹെർക്കുലീസ് അതിനെ വലിച്ചിഴച്ചു കൊണ്ടുപോയി. അതിന്റെ വായിൽ നിന്ന് നുരയും പതയും വഴി നീളെ വീണു. വീണിടത്തെല്ലാം വിഷച്ചെടികൾ മുളച്ചുപൊന്തി. ഒടുവിൽ ഹെർക്കുലീസ് യൂറിസ്ത്യൂസ് രാജാവിന്റെ മുന്നിലെത്തി സെർബരൂസിനെ ജീവനോടെത്തന്നെ കാഴ്ചവച്ചു.

ഈ സെർബരൂസിൽ നിന്നാണ് ഇംഗ്ലീഷു ഭാഷയിൽ 'a sop to Carberus' എന്ന ശൈലിയുണ്ടായത്. അസന്തുഷ്ടവാനോ ഉപദ്രവകാരിയോ ആയ ഒരാളെ ശാന്തനാക്കുന്നതിനും അല്ലെങ്കിൽ അയാളുടെ പ്രത്യേക ഇഷ്ടം പിടിച്ചുപറ്റുന്നതിനുമൊക്കെയായി നമ്മൾ കൊടുക്കുന്ന എന്തെങ്കിലും സമ്മാനങ്ങൾ, ചെയ്തുകൊടുക്കുന്ന കാര്യങ്ങൾ എന്നൊക്കെയാണ് 'sop' എന്ന പദം കൊണ്ട് അർഥമാക്കുന്നത്. ഒരുതരം കൈക്കൂലി തന്നെ. ഭീകരനായ സെർബരൂസിനെ ശാന്തനാക്കി പാട്ടിലാക്കിക്കൊണ്ടുവരാൻ ഏറ്റവും നല്ലത് അതിന് ഇഷ്ടപ്പെട്ട എന്തെങ്കിലും കൊടുക്കൽ ആണല്ലോ. 'കടിക്കാൻ വരുന്ന നായയ്ക്ക് എല്ലിൻ കഷണം എറിഞ്ഞുകൊടുക്കുംപോലെ' എന്ന് വേണമെങ്കിൽ നമുക്ക് ഇതിനെ മലയാളത്തിൽ പറയാം.



# മറവി

**അരുൺ കുമാർ അന്നൂർ**

കവിത

പുഴയോരത്തെ പൂഴിവിരിപ്പിൽ
കാറ്റോടൊന്നിച്ചലയുമ്പോൾ
ഫിസിക്സിനല്പം മാർക്കു കുറഞ്ഞത്
പൊടുന്നനെ ഞാൻ മറന്നുപോയ്
കണക്കുമാഷിൻ ചൂരൽവടിയുടെ
ചൂടും നോവും മറന്നുപോയ്
ഈ പുഴയോരത്തിളവേൽക്കുമ്പോൾ
ഞാനോ പുതിയൊരു ഞാനായീ.



വര: ആശ ആർ

# കല്യാണിടീച്ചർ

രാജഗോപാലൻ നാട്ടുകൽ



വര: രാജീവ് എൻ ടി

മാർക്കറും ചോക്കും കളർപ്പെൻസിലും
ചാർട്ടുകൾ, ചിത്രങ്ങൾ, മാസികകൾ
എല്ലാമെടുത്തൊരു 'കിറ്റി'ലിട്ട്
കല്യാണിടീച്ചർ കയറി വന്നു.

ക്ലാസ്സിൻ കവാടത്തിൽ വന്നുനിന്ന്
ടീച്ചർ 'നമസ്തേ' പറഞ്ഞിടുമ്പോൾ
ടീച്ചറിൻ ചുണ്ടിലും കണ്ണിലുമായ്
തുമ്പക്കുടങ്ങൾ വിടർന്നിടുന്നൂ!
ചിത്രങ്ങൾ ബോർഡിൽ വരച്ചിടുമ്പോൾ
പൂക്കാലം മുന്നിൽ പിറന്നിടുന്നൂ!
പാട്ടിന്റെയീണത്തിന്നുള്ളിൽ നിന്നും
പുല്ലാങ്കുഴൽനാദം പെയ്തിടുന്നൂ!
കുഞ്ഞുകഥകൾ പറഞ്ഞിടുമ്പോൾ
പുന്തേൻമഴ പെയ്തിറങ്ങിടുന്നൂ!
കല്യാണിടീച്ചർതൻ ക്ലാസ്സിലെന്നും
സ്വർലോകം മണ്ണിലിറങ്ങിടുന്നൂ!



ഫോട്ടോ: Marc Shandro



# സാഞ്ചിയിലെ സ്തൂപം

കെ യതീന്ദ്രനാഥൻ

**ലോകത്തിലെ അതിപ്രാചീനബുദ്ധമതകേന്ദ്രങ്ങളിലൊന്നാണ് സാഞ്ചി. മധ്യപ്രദേശിൽ ഭോപ്പാലിനു വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ഈ സ്തൂപം നിർമിച്ചത് അശോക ചക്രവർത്തിയാണെന്നാണ് പറയപ്പെടുന്നത്. ഇന്ന് സാഞ്ചിയിൽ ക്ഷേത്രങ്ങളും സ്തൂപങ്ങളും ഉൾപ്പെടെ അൻപതോളം സ്മാരകങ്ങളാണുള്ളത്.സാഞ്ചി സ്തൂപത്തെ കുറിച്ച് കൂടുതൽ മനസ്സിലാക്കാം ഈ ലേഖനത്തിലൂടെ.**

മധ്യപ്രദേശിലെ റയ്സൻ ജില്ലയിലുള്ള ഒരു ചെറുപട്ടണമാണ് സാഞ്ചി. ലോകപ്രസിദ്ധമായ സാഞ്ചി സ്തൂപം ഇവിടെയാണുള്ളത്. ലോകമൊട്ടാകെയുള്ള ബുദ്ധമതവിശ്വാസികളുടെ ഒരു തീർഥാടനകേന്ദ്രമാണിത്. ധാരാളം ടൂറിസ്റ്റുകളും ഈ ബുദ്ധസ്മാരകം കാണാനെത്തുന്നു. പണ്ട് 'കാകനായ' എന്നായിരുന്നു പേര്. സാഞ്ചി എന്ന പേരു പിന്നീടു നൽകപ്പെട്ടതാണ്. അതിനർഥം 'കൽക്കെട്ട്' എന്നാണ്.

ശ്രീബുദ്ധന്റെ തിരുശേഷിപ്പുകൾ അശോകചക്രവർത്തി ശേഖരിച്ച് പല സ്ഥലങ്ങളിലായി പണിത സ്തൂപങ്ങൾക്കകത്തു നിക്ഷേപിച്ചു എന്നാണു വിശ്വാസം. സാധാരണയായി ശവമടക്കം കഴിയുമ്പോൾ അതിനു മുകളിലായി ഒരു മൺകൂനയുണ്ടാക്കാറുണ്ടല്ലോ. ഈ മൺകൂനയെ അനുകരിച്ചു നിർമിക്കുന്ന എടുപ്പുകൾക്കും അതേ ആകൃതി നൽകിപ്പോന്നു. ഇത്തരം എടുപ്പുകളെയാണ് സ്തൂപങ്ങൾ എന്നു ബുദ്ധമതവിശ്വാസികൾ വിളിക്കുന്നത്. ഇതൊരു പ്രതീകം മാത്രമാണ്. തിരുശേഷിപ്പുകൾ ആളുകൾക്കു കാണത്തക്കവിധം പ്രദർശിപ്പിക്കാറില്ല. സ്തൂപത്തിനടിയിൽ അവ കാണണമെന്നുപോലുമില്ല. ലോകമൊട്ടാകെ ഇത്തരം സ്തൂപങ്ങൾ ഇന്നു കാണാം. ഇന്ത്യയ്ക്കു പുറമേ നേപ്പാൾ, ശ്രീലങ്ക, ബർമ, ചൈന, ജപ്പാൻ, ഇന്തോചൈന, ഇന്തോനേഷ്യ എന്നിവിടങ്ങളിൽ വളരെ

പഴക്കം ചെന്ന സ്തൂപങ്ങൾ കാണാം. മറ്റു രാജ്യങ്ങളിൽ അധികം പഴക്കമില്ലാത്തവയും.

സാഞ്ചിയിലെ സ്തൂപമാണ് ഇക്കൂട്ടത്തിൽ ഏറ്റവും പഴക്കം ചെന്നത്. ഇതിന്റെ അനുകരണങ്ങളും പരിഷ്കൃതരൂപങ്ങളുമാണ് മറ്റു രാജ്യങ്ങളിലുള്ളത്. ചുറ്റുമതിൽ, വൃത്താകൃതിയിൽ പണിത നടപ്പാതകൾ, അവയിലേക്കു കടക്കാനുള്ള പടികൾ, നാലു ഭാഗത്തായി നിലകൊള്ളുന്ന ഗോപുരവാതിലുകൾ, അണ്ഡ എന്നറിയപ്പെടുന്ന അർധഗോളം, അതിനു മുകളിലായി ചതുരാകൃതിയിലുള്ള പ്ലാറ്റ്ഫോം, അതിനു ചുറ്റും ഒരു വേലി, നടുക്കായി ഒരു തൂണ്, അതുമായി ബന്ധിപ്പിച്ച കുടകൾ എന്നിവയെല്ലാം സാഞ്ചിസ്തൂപത്തിൽ കാണാം. ഇവയ്ക്കു പുറമെയാണ് മറ്റു കൂട്ടിച്ചേർപ്പുകൾ. 120 അടി വീതിയും 54 അടി ഉയരവുമാണ് ഈ സ്തൂപത്തിന്.

സാഞ്ചിപട്ടണത്തിലെ ഒരു കുന്നിൻമുകളിലാണ് സ്തൂപം തല ഉയർത്തി നിൽക്കുന്നത്. ക്രിസ്തുവിനു മുമ്പ് മൂന്നാം ശതകത്തിൽ അശോകചക്രവർത്തിയാണ് ഇതിന്റെ ആദ്യരൂപം പണിതത്. ഇതിനടിയിൽ ശ്രീബുദ്ധന്റെ തിരുശേഷിപ്പുകൾ ഉണ്ടെന്ന് ബുദ്ധമതക്കാർ വിശ്വസിക്കുന്നു. അശോകന്റെ ധർമപത്നിയായ ദേവിയുടെ ജന്മദേശമാണ് സാഞ്ചി.

അവരുടെ വിവാഹം നടന്നത് ഇവിടെവച്ചാണ്. അശോകനും ഭാര്യയും മുൻകൈയെടുത്താണ് സ്തൂപം പണിതത്.

മൗര്യവംശം ക്ഷയിച്ചപ്പോൾ അധികാരം കൈയാളിയ സുംഗാ ചക്രവർത്തി പുഷ്പമിത്രൻ ബുദ്ധമത വിശ്വാസിയല്ലായിരുന്നു. അദ്ദേഹം സാഞ്ചിസ്തൂപത്തിന് സാരമായ നാശം വരുത്തി. എന്നാൽ അദ്ദേഹത്തിന്റെ പുത്രൻ ചക്രവർത്തിയായശേഷം സ്തൂപം പുതുക്കിപ്പണിതു. ഇഷ്ടിക കൊണ്ടു നിർമിച്ച അണ്ഡയെ പാറകൊണ്ടു പൊതിഞ്ഞത് അദ്ദേഹമാണ്. സുംഗാ കാലഘട്ടത്തിൽ സ്തൂപം പലതവണ പുതുക്കിപ്പണിയപ്പെട്ടു. ഇതിന്റെയെല്ലാം ഫലമായി മുമ്പുണ്ടായിരുന്ന സ്തൂപത്തിന്റെ ഇരട്ടിവലിപ്പം അതിനു ലഭിച്ചു.

സ്തൂപത്തിനെ വലംവയ്ക്കാനായി നടപ്പാതകൾ ഒരുക്കിയിട്ടുണ്ട്. ശതവാഹനന്മാരുടെ ഭരണകാലത്താണ് പ്രസിദ്ധമായ നാല് അലങ്കാര ഗോപുരങ്ങൾ നിർമിക്കപ്പെട്ടത്. ഇവയുടെ നിർമാണത്തിൽ ജനങ്ങളുടെ സംഭാവനയുണ്ട്. അവരുടെ പേരുകൾ ഈ ഗോപുരങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദാരുശിൽപ്പങ്ങളെപ്പോലും തോൽപ്പിക്കും വിധം സൂക്ഷ്മമായ കൊത്തുപണികൾ പാറകൊണ്ടുള്ള ഈ ഗോപുരങ്ങളിൽ ചെയ്തിരിക്കുന്നു. ശ്രീബുദ്ധന്റെ ജീവചരിത്രം മാത്രമല്ല ജാതകകഥകൾക്കും



ഫോട്ടോ: Travel Miles With Smiles

സാഞ്ചിസ്തൂപത്തിലെ കൊത്തുപണികൾ

**മൗര്യവംശം ക്ഷയിച്ചപ്പോൾ അധികാരം കൈയാളിയ സുംഗാ ചക്രവർത്തി പുഷ്പമിത്രൻ ബുദ്ധമത വിശ്വാസിയല്ലായിരുന്നു. അദ്ദേഹം സാഞ്ചി സ്തൂപത്തിന് സാരമായ നാശം വരുത്തി. എന്നാൽ അദ്ദേഹത്തിന്റെ പുത്രൻ ഭരണമേറ്റപ്പോൾ സ്തൂപം പുതുക്കിപ്പണിതു.**

പ്രാധാന്യം നൽകിയിരിക്കുന്നു.

ഈ സ്തൂപത്തിൽ ബുദ്ധപ്രതിമയ്ക്കു സ്ഥാനമില്ലായിരുന്നു. അക്കാലത്ത് ബുദ്ധന്റെ ദർശനങ്ങൾക്കായിരുന്നു പ്രാധാന്യം കൽപ്പിച്ചിരുന്നത്. പ്രതീകങ്ങളിലൂടെ ബുദ്ധന്റെ സാമീപ്യം ദർശിക്കാൻ പറ്റിയവിധമായിരുന്നു നിർമാണം. 12-ാം നൂറ്റാണ്ടിനുശേഷം മഹായാനപ്രസ്ഥാനത്തിനു ശക്തി പ്രാപിച്ചപ്പോൾ ബുദ്ധവിഗ്രഹങ്ങൾക്ക് സാഞ്ചിസ്തൂപത്തിലും സ്ഥാനംകിട്ടി. പണ്ടുമുതലേ ലോകത്തിന്റെ വിദൂരഭാഗങ്ങളിൽനിന്നുപോലും വിശ്വാസികൾ സാഞ്ചിയിലെത്തിയിരുന്നു എന്നതിനുള്ള തെളിവുകൾ അലങ്കാരഗോപുരങ്ങളിൽ കാണാം. യവനർ, മല്ല-ശക ദേശക്കാർ എന്നിവരുടെ രൂപങ്ങൾ അവയിൽ കൊത്തിവച്ചിട്ടുണ്ട്.




സാഞ്ചിസ്തൂപത്തിലെ പ്രവേശന കവാടം ഫോട്ടോ: ArnoldBetten

**പ്രതീകങ്ങളിലൂടെ ബുദ്ധന്റെ സാമീപ്യം ദർശിക്കാൻ പറ്റിയവിധമായിരുന്നു നിർമാണം. 12-ാം നൂറ്റാണ്ടിനുശേഷം മഹായാനപ്രസ്ഥാനത്തിനു ശക്തി പ്രാപിച്ചപ്പോൾ ബുദ്ധവിഗ്രഹങ്ങൾക്ക് സാഞ്ചിസ്തൂപത്തിലും സ്ഥാനംകിട്ടി. പണ്ടുമുതലേ ലോകത്തിന്റെ വിദൂരഭാഗങ്ങളിൽ നിന്നുപോലും വിശ്വാസികൾ സാഞ്ചിയിലെത്തിയിരുന്നു എന്നതിനുള്ള തെളിവുകൾ അലങ്കാര ഗോപുരങ്ങളിൽ കാണാം.**

ബുദ്ധമതം ഇന്ത്യയിൽ ക്ഷയിച്ചതോടെ സാഞ്ചിസ്തൂപം ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടന്നു. ജനറൽ ടെയ്‌ലർ എന്ന ബ്രിട്ടീഷ് ഓഫീസറാണ് ഈ സ്തൂപത്തെക്കുറിച്ചുള്ള അറിവ് ഇന്ത്യയ്ക്കു പുറത്തെത്തിച്ചത്. സർ ജോൺ മാർഷലിന്റെ നേതൃത്വത്തിൽ 1912 ൽ തുടങ്ങിയ അറ്റകുറ്റപ്പണികൾ 1919 ൽ അവസാനിച്ചപ്പോൾ സാഞ്ചിസ്തൂപത്തിന്റെ പഴയ ഗാംഭീര്യവും ഭംഗിയും വീണ്ടെടുക്കാനായി.

ഇന്ന് സാഞ്ചിയിലെ ഈ കുന്നിൽ അമ്പതോളം ബുദ്ധസ്മാരകങ്ങൾ സംരക്ഷിക്കപ്പെട്ട നിലയിൽ കാണാനാകും. ചരിത്രവിദ്യാർഥികൾക്ക് ഇന്ത്യയിൽ 1500 വർഷം നീണ്ട ബുദ്ധമതത്തിന്റെ ചരിത്രാവശിഷ്ടങ്ങൾ കാണാനും തൊട്ടടുത്തുതന്നെ സ്ഥാപിക്കപ്പെട്ട മ്യൂസിയത്തിലെ പുരാവസ്തുക്കൾ, ലിഖിതങ്ങൾ എന്നിവയെ കുറിച്ചു പഠിക്കാനും അക്കാലത്തെ കലാ-വാസ്തുവിദ്യകളെക്കുറിച്ചു മനസ്സിലാക്കാനും ഇവ അവസരം നൽകുന്നു.



സാഞ്ചിസ്തൂപം - കവാടത്തിലെ കൊത്തുപണി ഫോട്ടോ: Vijay Tiwari



# പാടം

ദിവാകരൻ വിഷ്ണുമംഗലം

പോരടിക്കാൻ നിന്നിടാതെ
പാരിടത്തിൽ നന്മയേകാൻ
പാവനമാമീവഴിയിൽ
പോരു നിങ്ങൾ കൂട്ടുകാരേ

ഒത്തുനിന്നു പാട്ടുപാടി
പാടമിതിൽ വന്നിറങ്ങൂ
വിത്തുനട്ടു വെള്ളമൊഴി-
ച്ചൊത്തുനിന്നു കാത്തുവെന്നാൽ

പത്തിരട്ടി വിളവുകൊയ്യാം
പച്ചമരത്തണലു കൊള്ളാം
കൊച്ചുകിളിപ്പാട്ടുകേൾക്കാം
മെച്ചമായ് വളർന്നിടും നാം.

കണ്ണുകളിൽ സ്നേഹവുമായ്
വന്നണയൂ കൂട്ടുകാരേ
മണ്ണുതൊട്ടു നാം വളരും
കാലമൊന്നേ പൂത്തിരുനാൾ

പാടമെന്നാൽ, പൊൻവിളയും
നാടിനുള്ള നന്മയല്ലോ
പാവനമാം മണ്ണടരിൽ
ജീവിതത്തിൻ പാഠമല്ലോ.

വര: സജി വി

# തോൽവി

**രാജൻ കോട്ടപ്പുറം**

‘‘സമ്മതമാണോ മുല്ലാ?’’ സുൽത്താൻ മുഖമുയർത്തി. മുഖത്ത് ഗൗരവം പടർത്തി.

‘‘സമ്മതിച്ചു പ്രഭോ.’’ മുല്ലാ തൊഴുകൈയോടെ വണങ്ങിനിന്നു. സുൽത്താൻ ഒരു കത്തെഴുതി മുല്ലായുടെ കൈയിൽ കൊടുത്തു. സന്ദേശവാഹകനായി ആഹ്ലാദത്തോടെ മുല്ലാ പുറപ്പെട്ടു. അയൽരാജാവിനെ കാണണം. സുൽത്താന്റെ സന്ദേശം നൽകണം. പിന്നെ രാജാവുമായിട്ട് ഒരു കളി നടത്തണം.

എത്ര വേഗത്തിലാണ് മുല്ലാ രാജകൊട്ടാരത്തിലെത്തിയത്!

രാജാവിനെ വണങ്ങി സന്ദേശം കൈമാറി. രാജസദസ്സിലുള്ളവർ മിഴി പൂട്ടാതെ നിന്നു.

സന്ദേശം വായിച്ച് രാജാവിന്റെ മുഖത്ത് പ്രസാദം നിഴലിച്ചു.

‘‘കൊള്ളാം, ഹോജാ നസുറുദ്ദീൻ മുല്ലാ... താങ്കൾ ഇത്ര കഴിവുള്ളവനാണോ? വാതുവയ്പിൽ ഇതുവരെ നിങ്ങൾ തോറ്റിട്ടില്ലേ?’’

‘‘ഒക്കെ ഈശ്വരാനുഗ്രഹം പ്രഭോ.. ഈയുള്ളവൻ തോറ്റ ചരിത്രമില്ല.’’

വിനയഭാവത്തിൽ മുല്ലാ നിന്നു.

സിംഹാസനത്തിൽനിന്ന് രാജാവിറങ്ങി വന്നു. മുല്ലായെ അടിമുടി നോക്കി. അതിശയഭാവത്തിൽ മിഴികൾ ചലിപ്പിച്ചു.

‘‘എങ്കിൽ ഇന്നത്തെ വാതുവയ്പ് ഇവിടെയാകാം. എന്റെ രാജസദസ്സിലെ ആരുമായും, ഈ രാജ്യത്തെ ഏതൊരാളുമായും നിനക്ക് വാതുവയ്ക്കാം. തിരുമാനിച്ചോളൂ. ഇവരിലാരെ വേണം?’’

രാജസദസ്സിനെ ചൂണ്ടി രാജാവ് ചോദിച്ചു. സദസ്സിലുണ്ടായിരുന്ന ബുദ്ധിമാന്മാർ ഒന്നു ഞെട്ടി. പുലിവാലാകുമോ.. എന്തു പറഞ്ഞായിരിക്കും മുല്ലാ വാതുവയ്ക്കുക. അവരുടെ മുഖം വാടി.

‘‘അല്ല പ്രഭോ.... ഞാൻ നിസ്സാരക്കാരുമായി വാതുവയ്ക്കാറില്ല... അത് ഉന്നതന്മാരോട് തന്നെയാകണം.’’

മുല്ലാ ഗമയോടെ പറഞ്ഞു.

‘‘അങ്ങയെപ്പോലെ വല്യ കഴിവുള്ള വമ്പന്മാർ നിൽക്കുമ്പോൾ എന്തിന് നിസ്സാരക്കാരെ വിളിക്കണം. ഞാൻ കേട്ടിട്ടുണ്ട് അങ്ങയുടെ കഴിവുകൾ. കായികശക്തിയിൽ അങ്ങ് കേമൻ. മൽപ്പിടുത്തത്തിൽ അഗ്രഗണ്യൻ... യുദ്ധമുറകളിൽ നിപുണൻ... അങ്ങയോടാകാം വാതുവയ്പ്.’’

മുല്ലായുടെ പുകഴ്ത്തലിൽ രാജാവ് ആനന്ദം കൊണ്ടു. താൻ ഇത്രമാത്രം കഴിവുള്ളവനോ? ആ വാക്കുകളിൽ രാജാവ് മയങ്ങി.

‘‘ശരി.. നമുക്കു തമ്മിലാകാം വാതുവയ്പ്.’’

രാജാവ് തയ്യാറായി. രാജസദസ്സ് നിശ്ശബ്ദമായി.

‘‘കേട്ടാൽ അങ്ങേക്ക് തോന്നും നിസ്സാരമെന്ന്. അഭ്യാസിയായതു കൊണ്ട് എളുപ്പമാണെന്നും കരുതും. പക്ഷേ സാധിക്കില്ല.’’


വര: ബോബി എം പ്രഭ

മുല്ലാ വെല്ലിവിളിയാരംഭിച്ചു.

“നിങ്ങൾ പറയൂ മുല്ലാ. എന്താണ് വാതുവയ്പ്?”

“തലകുത്തി തൂണുപോലെ മറിഞ്ഞുവീഴാതെ പത്തു നിമിഷം നിൽക്കണം.”

മുല്ലാ പറഞ്ഞു.

“തറയിൽ തല കീഴായി നിന്നാ തരും ഞാൻ പത്തു സ്വർണനാണയം.”

രാജാവിന് ശ്വാസം നേരെ വീണു. സമാധാനമായി. ഇതു താൻ ദിവസവും ചെയ്യാറുള്ള വ്യായാമത്തിന്റെ ചെറിയ ഭാഗം മാത്രം.

“ഇതാ പത്തു പൊൻനാണയങ്ങൾ. ഞാൻ വാതുവയ്ക്കുന്നു.”

പൊൻനാണയങ്ങൾ ഉയർത്തിക്കാട്ടി മുല്ലാ വെല്ലുവിളിച്ചു.

ക്ഷണനേരംകൊണ്ട് ഇടം വലം നോക്കാതെ നിഷ്പ്രയാസം കൈകളൂന്നി തലകീഴായി നിന്നു രാജാവ്. പത്തു നിമിഷം കഴിഞ്ഞപ്പോൾ മറിഞ്ഞു തിരിഞ്ഞ് നിവർന്നു നിന്നു. മുല്ലായുടെ കൈകളിൽനിന്ന് സ്വർണനാണയങ്ങൾ കൈക്കലാക്കി രാജാവ് മന്ദഹസിച്ചു.

“ഇത്ര നിസ്സാരമായ വാതുവയ്പ് അബദ്ധമായി, അല്ലേ മുല്ലാ? ആദ്യമായി തോൽവിയുമറിഞ്ഞു. എങ്കിലും നിങ്ങളെന്റെ അതിഥിയാണ്. കുറച്ചുദിവസം ഞങ്ങളോടൊപ്പം കഴിഞ്ഞ് മടങ്ങാം. പോരേ?”

മുല്ലായുടെ മുഖത്ത് തോൽവിയുടെ ഒരു ഭാവവ്യത്യാസവുമില്ല. ആഹ്ലാദത്തോടെ കുറച്ചു ദിവസങ്ങൾ സുഖമായി താമസിച്ചു. വില പിടിച്ച കുറെ സമ്മാനങ്ങളും തിളങ്ങുന്ന വസ്ത്രങ്ങളും രാജാവ് മുല്ലായ്ക്ക് സമ്മാനമായി നൽകി. സുൽത്താനു നൽകാൻ ഒരു സന്ദേശവുമെഴുതി മുല്ലായെ ഏൽപ്പിച്ചു.

സുൽത്താന്റെ മുന്നിൽ വലിയ ചിരിയോടെ മുല്ലാ മടങ്ങിയെത്തി. രാജാവിന്റെ സന്ദേശം സുൽത്താനു കൈമാറി. സുൽത്താൻ സന്ദേശം വായിച്ചു.

‘പ്രിയ സുൽത്താൻ, താങ്കൾ പറഞ്ഞയച്ച മുല്ലാ എന്നോടു വാതുവച്ച് തോറ്റു. കുറച്ചുനേരം തലകീഴായി നിന്നാൽ പത്തു പൊൻനാണയം സമ്മാനം. ഞാൻ അങ്ങനെ നിൽക്കില്ല എന്നായിരുന്നു പാവം മുല്ലാ കരുതീത്... തലകീഴായി ഞാൻ നിന്നു. മുല്ലാ തോറ്റു.. ആദ്യമായി തോറ്റു.’

കത്തുവായിച്ചു സുൽത്താൻ അങ്കലാപ്പിലായി. മലർക്കെച്ചിരിച്ചു നിൽക്കുകയാണ് മുല്ലാ. കുറച്ചു ദിവസങ്ങൾക്കുശേഷം രാജാവിന് സുൽത്താന്റെ മറുപടി ലഭിച്ചു. അതിങ്ങനെയായിരുന്നു.


‘മുല്ലായെ ആദ്യമായി തോൽപ്പിച്ചതിൽ അഭിമാനിച്ചുകൊണ്ട് അങ്ങ് കൊടുത്തയച്ച സന്ദേശം വായിച്ചു. പക്ഷേ മഹാരാജൻ, മുല്ലാ തോൽക്കുകയല്ല ജയിക്കുകയായിരുന്നു. ഇവിടെനിന്ന് അവിടേക്ക് പുറപ്പെടുംമുമ്പ് മുല്ലാ എന്നോട് വാതുവച്ചിരുന്നു. രാജസന്നിധിയിലെത്തിയാലുടനെ തന്നെ രാജാവിനെ തലകീഴായി നിർത്തും എന്നായിരുന്നു ഞങ്ങൾ തമ്മിലുള്ള വാത്. അങ്ങനെ നടന്നുവെന്ന് അങ്ങയുടെ കത്തിൽനിന്നു ബോധ്യമായി. ജയിച്ച മുല്ലായ്ക്ക് ആയിരം സ്വർണനാണയങ്ങളും നൽകി.’

*(ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന* അതിരസികൻ മുല്ലാക്കഥകൾ *എന്ന പുസ്തകത്തിൽനിന്നും.)*

# അക്ഷരചിത്രം

**ഭരണിക്കാവ് കൃഷ്ണൻ**

**2** കൊണ്ട് ഉപ്പനെ വരയ്ക്കാം.





# മഹാഭാരതം

**സുഗതകുമാരി**

## ൪൦

# രാജസഭയിൽ

രാജസഭയിൽ ആ രാത്രി കഴിഞ്ഞപ്പോൾ വന്ദികളുടെ സ്തുതികളും ശംഖനാദവും കേട്ടുണർന്ന് ദിനകൃത്യങ്ങൾ കഴിച്ച് വാസുദേവൻ ധൃതരാഷ്ട്രരുടെ രാജസഭയിലേക്കു പോകാനൊരുങ്ങി. കിരീടകുണ്ഡല വനമാലാലങ്കൃതനായി, വിരിമാറിടത്തിൽ കൗസ്തുഭരത്നം വിളങ്ങുന്നവനായി, കാർമേഘത്തിൽ മിന്നലെന്നോണം മഞ്ഞപ്പട്ടാട ചാർത്തിയവനായി, നാലുവെള്ളക്കുതിരകൾ വലിക്കുന്ന പൊന്നണിഞ്ഞ മഹാരഥത്തിൽ ഗരുഡധ്വജം പറപ്പിച്ചുകൊണ്ട് ശ്രീവാസുദേവൻ എഴുന്നള്ളുന്നതുകാണാൻ ഹസ്തിനപുരവാസികൾ ആബാലവൃദ്ധം കാത്തുനിന്ന് ഹർഷാരവം മുഴക്കി. വാദ്യഘോഷങ്ങളും വായ്ക്കുരവകളും പുഷ്പവൃഷ്ടിയും കൊണ്ടു വിളങ്ങുന്ന രാജവീഥിയിലൂടെ മന്ദമന്ദം ആ രഥം നീങ്ങി രാജമന്ദിരത്തിനു മുന്നിലെത്തി നിലയായി. ഇടിനാദം പോലുള്ള തേരുരുളൊലിക്കു പിന്നാലെ ദിവ്യ ശംഖനാദം മുഴങ്ങിക്കേൾക്കായി. ധൃതരാഷ്ട്രരുടെ സഭയിലിരുന്ന രാജാക്കന്മാരെല്ലാം രോമാഞ്ചംപൂണ്ടു. സഭാവാസികൾ കടലുപോലെ ഇളകവേ ബാലസൂര്യൻ ഉദിച്ചുവരുംപോലെ തേജോമയനായി മയിൽപീലിയും വനമാലയും കൗസ്തുഭവും അഴകിൽ ധരിച്ചവനായി, സത്തുക്കൾക്കു ഹൃദയാനന്ദകരനായി, ശ്രീകൃഷ്ണഭഗവാൻ സാത്യകിയുടെയും വിദുരരുടെയും കൈപിടിച്ചുകൊണ്ട് മന്ദഹാസത്തോടെ സഭാതലത്തിലേക്ക് എഴുന്നള്ളി. ആ വരവിന്റെ അവർണ്യപ്രഭയിൽ എല്ലാവരും ആമഗ്നരായി. ധൃതരാഷ്ട്രമഹാരാജാവ് കൂപ്പുകൈയോടെ എഴുന്നേറ്റപ്പോൾ മഹാസഭ ഒന്നോടെ എഴുന്നേറ്റ് വന്ദ്യനായ അതിഥിയെ വന്ദിച്ചുസ്വീകരിച്ചു. ഭീഷ്മദ്രോണാദികളുടെ അരികിൽച്ചെന്നു തൊഴുതു കുശലമരുളിയിട്ട് ശ്രീകൃഷ്ണൻ മഹാരാജസവിധത്തിൽ ഒരുക്കിവെച്ചിട്ടുള്ള വിശിഷ്ടാസനത്തിൽ ഉപവിഷ്ടനായി. സാത്യകി, കൃതവർമാവ് മുതലായവർ മാന്യസ്ഥാനങ്ങളിൽ ഇരുന്നു. വിദുരരാകട്ടെ കൃഷ്ണൻ ഇരിക്കുന്ന പീഠം തൊട്ടുകൊണ്ട് അരികിൽത്തന്നെ ഇരിപ്പായി. സഭയിലുള്ള ഓരോ വ്യക്തിയും മഞ്ഞപ്പട്ടുടുത്ത കായാമ്പൂനിറമുള്ള ആ ദിവ്യമനോഹരരൂപം കണ്ണെടുക്കാതെ കണ്ടുകണ്ടിരുന്നുപോയി. ദുര്യോധനനും സോദരന്മാരും ശകുനിയും കർണനും എല്ലാവരും ശ്രദ്ധയോടെ ശ്രീകൃഷ്ണവചനങ്ങൾ കേൾക്കുവാൻ കാതോർത്തിരുന്നു. ദുര്യോധനനും കർണനും ഏകാസനത്തിലിരുന്ന് വരാൻ പോകുന്നതെന്തെന്നു ആകാംക്ഷയോടെ കാത്തു.

എല്ലാവരും ഇരുന്നുകഴിഞ്ഞപ്പോൾ, ആരും ഒന്നും പറയുന്നില്ലെന്ന് കണ്ട് ശ്രീവാസുദേവൻ ധൃതരാഷ്ട്രമഹാരാജാവിനെ നോക്കി ഗംഭീരശബ്ദത്തിൽ ഇപ്രകാരം പറഞ്ഞുതുടങ്ങി.

'മഹാനായ കുരുവംശരാജാവേ, കൗരവന്മാർക്കും പാണ്ഡവന്മാർക്കും നാശമുണ്ടാകാതിരിക്കാൻ വേണ്ടി ശമപ്രാർഥിയായി ഞാൻ ഇവിടെ അങ്ങയുടെ മുന്നിൽ എത്തിയിരിക്കുന്നു. അതിശ്രേഷ്ഠമാണ് ഈ കുരുവംശം. അതിന് ഒരു ഹാനിയും അങ്ങു നിമിത്തം ഉണ്ടായിക്കൂടാ. മഹാരാജൻ, അങ്ങയുടെ പുത്രന്മാർ ധർമംമറന്ന് അധർമപങ്കിലമായ കർമങ്ങൾ ചെയ്തിരിക്കുന്നു. അവരെ അങ്ങ് അടക്കിനിർത്തുക, പാണ്ഡവന്മാരെ ഞാൻ അടക്കിനിർത്തിക്കൊള്ളാം. അവർ വൈരംമറന്ന് ഒന്നുചേരട്ടെ. കുരുക്കളും പാണ്ഡവരും ഒന്നുചേർന്നാൽ അതിലപ്പുറം ശക്തിയും സൗഭാഗ്യവും വേറെയെന്തുള്ളൂ? ഭീഷ്മർ, ദ്രോണർ, കർണൻ, അശ്വത്ഥാമാവ് തുടങ്ങിയ മഹാരഥന്മാരും യുധിഷ്ഠിരനും ഭീമനും അർജുനനും ഞങ്ങൾ വൃഷ്ണികളുമെല്ലാവരും ഒന്നിച്ചാൽ ലോകൈശ്വര്യമുണ്ടാവുമെന്ന് അറിയുക. എല്ലാവരുമൊത്ത്

സസുഖം ജീവിക്കാം. അല്ലായ്കിലോ ഭീകരമായ കുലനാശം ഞാൻ കാണുന്നു. ഇരുഭാഗത്തും മഹാദു:ഖങ്ങളുണ്ടായിട്ട് എന്തുനേടാനാണ്? മഹാരാജൻ, അവർ മിത്രങ്ങളായി, ബന്ധുക്കളായി ഒന്നിച്ചു ജീവിക്കാൻ അനുവദിക്കൂ. അച്ഛനില്ലാത്ത കുട്ടികളായ പാണ്ഡവരെ അങ്ങ് സ്വീകരിച്ച് മക്കളോടൊപ്പം വളർത്തി. അവരെ അങ്ങ് ഉപേക്ഷിക്കരുത്. അവർ അങ്ങയെ അഭിവാദ്യം ചെയ്ത് അനുജ്ഞകാത്ത് നിൽക്കുന്നു. അവർ ശുശ്രൂഷയ്ക്കും യുദ്ധത്തിനും തയ്യാറാണെന്നറിയുക. പുത്രന്മാരെ അനർഥത്തിൽ ചാടാതെ തടയുക. ധൃതരാഷ്ട്രമഹാരാജാവേ, അങ്ങയ്ക്കു മാത്രമേ യുദ്ധമോ ശാന്തിയോ ഏതാണ് വേണ്ടതെന്നാൽ തിരഞ്ഞെടുക്കാൻ കഴിയുകയുള്ളൂ.'

ശ്രീകൃഷ്ണവാക്യങ്ങളെ സദസ്സിലിരുന്ന

**യുദ്ധം സർവനാശകമാണെന്ന് ഓർമിക്കുക, സുയോധനാ, നിരപരാധികളായ പതിനായിരക്കണക്കിന് സേനാനികളെ കൊന്നൊടുക്കിയിട്ട് നാം എന്തുനേടാനാണ്? അജയ്യനായ പാർഥന്റെ കൊടുംബാണങ്ങളെ തടുക്കുവാൻ ദേവഗന്ധർവന്മാർ പോലും അശക്തരെന്നിരിക്കെ, എന്തിനാണ് അവനോട് യുദ്ധം? അവന് തുണ ഞാനുണ്ട് എന്നുമോർക്കുക.**

മഹർഷിമാരും എല്ലാ മഹത്തുക്കളും അഭിനന്ദിച്ച് ആദരിക്കുകയായി. ധൃതരാഷ്ട്രർ പറഞ്ഞു.

'കൃഷ്ണാ, നീയെന്നോടു ന്യായമാണ് പറഞ്ഞത്. എന്നാൽ എന്റെ മകൻ ദുര്യോധനൻ എന്നെ അനുസരിക്കുകയില്ല. അവനെ പറഞ്ഞു സമ്മതിപ്പിക്കുവാൻ നോക്കിയാലും. ഭീഷ്മദ്രോണാദികളും വിദുരരും അമ്മ ഗാന്ധാരിയും ഉപദേശിച്ചതൊന്നും അവൻ ദുർബുദ്ധിയാൽ കൈക്കൊണ്ടില്ല. അവനെ നീ തന്നെ പറഞ്ഞു മനസ്സിലാക്കുക.'

ശ്രീകൃഷ്ണൻ ദുര്യോധനന്റെ നേർക്ക് തിരിഞ്ഞ് സഗൗരവം പറഞ്ഞു.

'ദുര്യോധനാ, നീ കുലീനനാണ്, സജ്ജനങ്ങളെപ്പോലെ പെരുമാറുക. അധർമം, ദുഷ്കീർത്തിയുണ്ടാക്കും. ശൂരന്മാരും ധർമിഷ്ഠരുമായ പാണ്ഡവന്മാർ നിന്റെ സഹോദരന്മാരാണ് എന്നോർത്ത് അവരുമായി സന്ധി ചെയ്യുക. അച്ഛനമ്മമാരുടെയും ഗുരുക്കന്മാരുടെയും ഹിതവും അതാണ്. യുദ്ധം സർവനാശകമാണെന്ന് ഓർമിക്കുക, സുയോധനാ, നിരപരാധികളായ പതിനായിരക്കണക്കിനു സേനാനികളെ കൊന്നൊടുക്കിയിട്ട് നാം എന്തുനേടാനാണ്? അജയ്യനായ പാർഥന്റെ കൊടുംബാണങ്ങളെ തടുക്കുവാൻ ദേവഗന്ധർവന്മാർപോലും അശക്തരെന്നിരിക്കെ, എന്തിനാണ് അവനോട് യുദ്ധം? നേരിട്ടുപോരാടി സാക്ഷാൽ പരമേശ്വരനെപ്പോലും വിസ്മയിപ്പിച്ചവനാണ് വിജയൻ. അവന് തുണ ഞാനുണ്ട് എന്നുമോർക്കുക. ഞാൻ തുണനിൽക്കുന്ന പാർഥനെ എതിർക്കുവാൻ ദേവേന്ദ്രൻപോലും മുതിരുകയില്ല എന്നുമറിയുക. ദുര്യോധനാ, നിന്റെ സഹോദരന്മാരെയും പുത്രന്മാരെയും ബന്ധുക്കളെയുമെല്ലാം രക്ഷിക്കാൻ ചുമതലപ്പെട്ടവനാണ് നീ. അവരെ മുച്ചൂടും




വര: ജയേന്ദ്രൻ

മുടിക്കരുത്. കൗരവന്മാർ ജീവിച്ചിരിക്കട്ടെ. കുലനാശം ഉണ്ടാകാതിരിക്കട്ടെ. നിങ്ങൾ പാണ്ഡവരുമായി സഖ്യം ചെയ്യുക. ധൃതരാഷ്ട്രർ തന്നെ മഹാരാജാവായി തുടരും. നീ യുവരാജാവായി വാഴും. പാണ്ഡവർക്കു പാതി രാജ്യം നൽകുക. അല്ലെങ്കിൽ അഞ്ചു ഗ്രാമങ്ങളെങ്കിലും നൽകുക. പരസ്പരം കൈപിടിച്ച് സൽക്കീർത്തിയോടെ, ശ്രീയോടെ നിങ്ങൾ സസന്തോഷം വാഴുക. അതത്രേ എന്റെ അഭ്യർഥന.'

ശ്രീകൃഷ്ണവാക്യങ്ങൾ ഭീഷ്മരും ദ്രോണരും ബഹുമാനിച്ചുകൊണ്ട് വ്യഥയോടെ ദുര്യോധനനോടു പറഞ്ഞു.

'കേൾക്കൂ ദുര്യോധനാ, കൃഷ്ണാർജുനന്മാർ സജ്ജരായി പടയ്ക്കുമുമ്പിൽ വന്നു നിൽക്കുന്നതിനു മുമ്പ് ഈ വൈരം ശമിക്കണം. ഗദാധാരിയായ ഭീമസേനൻ യുദ്ധഭൂമിയിലെത്തി വൃക്ഷങ്ങളിൽനിന്നു കായ്കളെപ്പോലെ യോദ്ധാക്കളുടെ ശിരസ്സുകൾ അടിച്ചു കൊഴിക്കും മുമ്പ് ഈ വൈരം ശമിക്കണം. ചന്ദനം പൂശിയും രത്നമാലകളണിഞ്ഞും വിളങ്ങുന്ന രാജാക്കന്മാരുടെ വിരിമാർത്തടങ്ങളിലെങ്ങും കഴുകൻ തൂവലുകൾ തൊടുത്ത കൂരമ്പുകൾ വന്നു തറയ്ക്കും മുമ്പേ ഈ വൈരം അവസാനിപ്പിക്കണം. നോക്കൂ, നിന്റെയീ രത്നാംഗുലീയമണിഞ്ഞ വലംകൈ ധർമരാജാവായ യുധിഷ്ഠിരൻ തന്റെ ലക്ഷണമൊത്ത കൈയാൽ സ്നേഹത്തോടെ പിടിച്ച് നിന്റെ പുറം തലോടുന്നത് ഞങ്ങൾ കാണട്ടെ. സാലസ്ക്കന്ധനായ ഭീമസേനൻ നിന്നെ ആലിംഗനം ചെയ്ത് നല്ല വാക്ക് പറയും. അർജുനനും നകുല സഹദേവന്മാരും അനുജഭാവേന നിന്നെ വന്ദിച്ച് അരികിൽ ഒതുങ്ങി നിൽക്കും. അവരുടെ മൂർധാവിൽ ചുംബിച്ച് അവരുമായി സ്നേഹം പങ്കിടുക. ഞങ്ങൾ ഇതെല്ലാംകണ്ട് ആനന്ദാശ്രുക്കൾ വാർക്കട്ടെ. പോരിനുവന്ന രാജാക്കന്മാർ സർവസമ്പത്തുകളോടും സമാധാനത്തോടും തങ്ങളുടെ ഗൃഹങ്ങളിൽ സന്തോഷത്തോടെ മടങ്ങി ചെന്നുചേരട്ടെ. ഉണ്ണീ ദുര്യോധനാ, പാണ്ഡവരെ ഭ്രാതൃഭാവത്തിൽ നീ സ്വീകരിക്കുക.'

**ദുര്യോധനാ, കൃഷ്ണാർജുനന്മാർ സജ്ജരായി പടയ്ക്കുമുമ്പിൽ വന്നുനിൽക്കുന്നതിനു മുമ്പ് ഈ വൈരം ശമിക്കണം. ഗദാധാരിയായ ഭീമസേനൻ യുദ്ധഭൂമിയിലെത്തി വൃക്ഷങ്ങളിൽ നിന്നു കായ്കളെപ്പോലെ യോദ്ധാക്കളുടെ ശിരസ്സുകൾ അടിച്ചുകൊഴിക്കും മുമ്പ് ഈ വൈരം ശമിക്കണം.**

*(തുടരും)*

### Form I (See Rule 8)

| | | |
|---|---|---|
| Place of Publication | : | Thiruvananthapuram |
| Periodicity of Publication | : | Monthly |
| Printer's Name | : | Palliyara Sreedharan |
| Whether citizen of India | : | Yes, Indian |
| Address | : | Director,<br>Kerala State Institute of Children's Literature,<br>Thiruvananthapuram - 34 |
| Publisher's Name | : | Palliyara Sreedharan |
| Whether citizen of India | : | Yes, Indian |
| Address | : | As above |
| Editor's Name | : | Palliyara Sreedharan |
| Address | : | As above |

Name and address of individual who own the newspaper and partners or shareholders holding more than one percent of the total capital:

Kerala State Institute of Children's Literature,
Thiruvanathapuram - 34

I hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Palliyara Sreedharan
Director

Date: 1-5-2017

ഉണ്ടാക്കാം

# കറങ്ങും കുമിള

അരവിന്ദ് ഗുപ്ത

സൈക്കിൾക്കമ്പിയും പ്ലാസ്റ്റിക് ബോട്ടിലും കാന്തവുംകൊണ്ട് ഒരു കളിപ്പാട്ടം നിർമ്മിക്കാം.



**ആവശ്യമുള്ള സാധനങ്ങൾ**

- സൈക്കിൾ കമ്പി
- 7പ്ലാസ്റ്റിക്കുപ്പി
- ചെറിയ കാന്തം
- കത്രിക

കാന്തം ഇല്ലെങ്കിൽ ഇതുപോലെ കറങ്ങുമോ? കാന്തത്തിന്റെ പങ്ക് എന്തായിരിക്കും? പരീക്ഷണം നടത്തി കണ്ടെത്തൂ.




1 കുപ്പിയിൽനിന്നും മൂന്നു വളയങ്ങൾ വെട്ടിയെടുക്കുക



2 വളയങ്ങൾക്ക് നേരെ എതിർവശങ്ങളിലായി രണ്ടു ദ്വാരങ്ങൾ ഇടുക



3 വളയത്തിനും കാന്തത്തിനും ഉള്ളിലേക്ക് കമ്പി ഇറക്കണം



4 കമ്പി കുത്തനെ പിടിച്ചശേഷം കാന്തവും വളയവും വെറുതേ വിട്ടുനോക്കൂ.



5 ഒരു കുമിളപോലെ രസകരമായി അവ കറങ്ങുന്നതുനോക്കൂ



6 രണ്ടു കാന്തം ഉണ്ടെങ്കിൽ രണ്ടു വളയങ്ങൾ ഒരേ സമയം കറക്കാം.

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## കോരിച്ചൊരിയുന്ന മഴ

**സൂര്യ എസ്,**
**ക്ലാസ് 6 ബി, പി കെ എം എ യു പി സ്കൂൾ,**
**ചിറ്റൻചേരി, പാലക്കാട്- 678704**

ചമ്പൻ ആനയുടെയും ചിപ്പി ആനയുടെയും മകനാണ് വിക്രു ആന. മഹാവികൃതിയും വാശിയുമാണവൻ.



അമ്മിണിക്കാട്ടിലെ മുളംതണ്ട് കഴിക്കണമെന്ന് അവനു വലിയ ആഗ്രഹം. നല്ല മഴയുള്ള ഒരു രാത്രി അവൻ അമ്മയോട് എനിക്ക് മുളംതണ്ട് വേണമെന്നു പറഞ്ഞു വാശിപിടിച്ചു.

‘‘മോനേ വിക്രൂ അച്ഛനില്ലാത്ത സമയമല്ലേ നാളെ അച്ഛൻ വന്നിട്ട് നമുക്കൊന്നിച്ചു പോകാം.’’

അമ്മ എത്ര പറഞ്ഞിട്ടും അവൻ സമ്മതിച്ചില്ല. എനിക്ക് മുളംതണ്ടുകൊണ്ടു തന്നില്ലെങ്കിൽ എനിക്ക് ഇന്ന് ഒന്നും വേണ്ട.’’

അവൻ കയർത്തുനില വിളിച്ചപ്പോൾ അമ്മ അമ്മിണിക്കാട്ടിൽ പോവാൻ തീരുമാനിച്ചു. ആ കോരിച്ചൊരിയുന്ന മഴയിൽ ചിപ്പി ആന മുളംതണ്ട് തേടി യാത്രയായി. കുറെ നേരമായല്ലോ അമ്മ പോയിട്ട്? എന്താ എത്താത്തത്? അവന് ആശങ്കയായി. അമ്മയെ ആ മഴയത്ത് വിടണ്ടായിരുന്നു. പാവം അമ്മ. പെട്ടെന്ന് ശക്തമായ ഇടിമിന്നലും മഴയോടൊപ്പം എത്തി.



വര: ഗോപു പട്ടിത്തറ

അവനാകെ പേടിയായി. ഇനി അമ്മ കാട്ടരുവിയിൽ കുടുങ്ങിയിട്ടുണ്ടാകുമോ? ഇടിമിന്നലിന്റെ ശക്തിയിൽ അമ്മയ്ക്ക് വല്ല അപകടം പറ്റുമോ? പേടിയും സങ്കടവും നിറഞ്ഞ് അവൻ അറിയാതെ കരഞ്ഞുപോയി. പെട്ടെന്ന് ആരോ വരുന്നതുപോലെ അവനു തോന്നി. പുറത്തിറങ്ങി നോക്കിയപ്പോൾ അതാ തന്റെ അമ്മ. അവൻ ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ച് അമ്മയ്ക്ക് ഒരു മണിമുത്തം നൽകി. അമ്മ അവന് മുളംതണ്ട് സമ്മാനിച്ചു.

അമ്മയുടെയും മകന്റെയും സ്നേഹത്തിന് കോരിച്ചൊരിയുന്ന മഴയും സാക്ഷിയായി.



# മാഞ്ഞ സൂര്യൻ

**കൃഷ്ണ എസ് രാജീവ്,**
**ക്ലാസ് 5 ബി, ലേക് ഫോർഡ് സ്കൂൾ,**
**കാവനാട്, കൊല്ലം .**

എന്നു നീ വന്നു, എവിടെ നിന്നു
നീ ഭൂമിതൻ സ്പന്ദമായ്.
ഒരു പൂവിലൊരിതളായ്
ഒരു ചില്ലയിലൊരു തളിരായ്
നിന്റെ ലോകത്ത് ഞാനും വിടർന്നു.
നീ തന്ന ജീവനു പകരമേകാൻ
ഈ വാക്കുകളല്ലാതെയൊന്നുമില്ല.
അന്തിയിലെങ്ങോ നീ പോയ്മറഞ്ഞൂ
മേഘങ്ങൾ വന്നു മറച്ചുനിന്നു
ഇത്തിരിവട്ടം നിലാവുമായി.
നിൽക്കുന്നൊരിന്ദു നീ നിന്നിടത്തിൽ,
നേരം വെളുക്കുമ്പോൾ വന്നിടും നീ
പാതിരയോളം ഞാൻ പാടിനിന്നു.



# മഴവില്ല്

ഇന്നെൻ മുറ്റത്തുനിന്നപ്പോൾ
കണ്ടൂ നല്ലൊരു മഴവില്ല്.
ഏഴുനിറങ്ങളും ചാലിച്ച്,
കണ്ടൂ നല്ലൊരു മഴവില്ല്.

ആകാശത്തിൻ വിരിമാറിൽ
കണ്ടൂ നല്ലൊരു മഴവില്ല്.
മാരിയെയൊപ്പം കൂട്ടാനായ്
വന്നൂ നല്ലൊരു മഴവില്ല്.
ഒത്തിരി നേരം നിന്നിട്ട്
എങ്ങോ പോയി മറഞ്ഞല്ലോ
ആകാശത്തിൻ മഴവില്ല്
എന്റെ സുന്ദര മഴവില്ല്.

**വർഷ വിനോദ്, എം.**
**ക്ലാസ് 6 സി,**
**എസ് എസ് ഡി ശിശുവിഹാർ യു പി എസ്**
**തിരുവനന്തപുരം.**



# സർഗവസന്തം 2017

## മാമാങ്കസ്മാരകവിശേഷങ്ങളുമായി 'ചങ്ങാതി'



മാമാങ്കസ്മാരകവിശേഷങ്ങളുമായാണ് *ചങ്ങാതി* എന്ന പത്രം പ്രകാശിപ്പിക്കപ്പെട്ടത്. പൂർണമായും കുട്ടികളാണ് പത്രത്തിന്റെ അണിയറയിൽ പ്രവർത്തിച്ചത്. തിരൂർ തുഞ്ചൻപറമ്പിൽ നടത്തിയ മാധ്യമക്യാമ്പിലെ കുട്ടികളായിരുന്നു ഇതിനു പുറകിൽ. തിരുനാവായയിലെ മണിക്കിണർ, നിലപാടുതറ, മരുന്നറ, പഴുക്കാമണ്ഡപം എന്നീ മാമാങ്കസ്മാരകങ്ങൾ സന്ദർശിച്ചശേഷമായിരുന്നു പത്രനിർമ്മാണം.

മാധ്യമസ്വാതന്ത്ര്യത്തെക്കുറിച്ച് കുട്ടികൾ നടത്തിയ ചർച്ച സജീവമായിരുന്നു. മാധ്യമങ്ങൾക്ക് കൂച്ചുവിലങ്ങിടരുതെന്നും എന്നാൽ മാധ്യമസ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്താതിരിക്കാൻ മാധ്യമപ്രവർത്തകർ ശ്രദ്ധിക്കണമെന്നും കുട്ടികൾ അഭിപ്രായപ്പെട്ടു.

പ്രശസ്തവിവർത്തകൻ കെ എസ് വെങ്കിടാചലമാണ് ക്യാമ്പ് ഉദ്ഘാടനം ചെയ്തത്. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു. ക്യാമ്പ് ഡയറക്ടർ ഡോ. കെ ശ്രീകുമാർ, പി കെ ശ്യാം സുന്ദർ, ഡോ. രാധിക സി നായർ, തിരൂർ നഗരസഭ ചെയർപേഴ്സൻ അഡ്വ. എസ് ഗിരീഷ് തുടങ്ങിയവർ സംസാരിച്ചു.

ഷാജൻ സി മാത്യു, ബാലകൃഷ്ണൻ കൊയ്യാൽ, കെ ടി ശിവാനന്ദൻ, ദിനകരൻ കൊമ്പിലാത്ത്, സി നാരായണൻ, സുരേഷ് ഇടപ്പാൾ എന്നിവർ ക്ലാസുകൾ നയിച്ചു. സമാപനസമ്മേളനത്തിൽ ദേശാഭിമാനി സീനിയർ റിപ്പോർട്ടർ ഒ വി സുരേഷ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## സൂര്യന്റെ വ്യാസമളന്ന് ശാസ്ത്രക്യാമ്പ്

നമുക്ക് നമ്മളെക്കുറിച്ചുതന്നെ പഠിക്കാൻ സഹായിക്കുന്നതാണ് ശാസ്ത്രമെന്ന് കേരള വെറ്റിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി രജിസ്ട്രാർ ഇൻ ചാർജ് ഡോ. ശ്യാം മോഹൻ. കേരള വെറ്റിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ യൂണിവേഴ്സിറ്റി കാമ്പസിൽ സംഘടിപ്പിച്ച ശാസ്ത്രക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം ജാനമ്മ കുഞ്ഞുണ്ണി അദ്ധ്യക്ഷയായിരുന്നു. വെറ്റിനറി യൂണിവേഴ്സിറ്റി ഡീൻ ഇൻ ചാർജ് ഡോ. കോശി ജോൺ, സംസ്ഥാന വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടറും ശാസ്ത്രസാഹിത്യകാരനുമായ പ്രൊഫ. കെ പാപ്പൂട്ടി, ക്യാമ്പ് ഡയറക്ടർ ഡോ. വൈശാഖൻ തമ്പി, വെറ്റിനറി യൂണിവേഴ്സിറ്റി ഡപ്യൂട്ടി രജിസ്ട്രാർ & പി ആർ ഒ ബാബുവർഗീസ് എം, ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആർ മധു എന്നിവർ സംസാരിച്ചു.

ഏറെ സജീവമായ ക്യാമ്പിൽ വിമാനത്തിന്റെയും ഗ്ലൈഡറുകളുടെയും സാങ്കേതികവിദ്യ മനസ്സിലാക്കി കുട്ടികൾ വിവിധ വസ്തുക്കളാൽ നിർമ്മിച്ച വിമാനങ്ങൾ പറപ്പിച്ചു. ഇ അനന്തൻ നമ്പ്യാർ വിമാനം പറപ്പിക്കലിന് നേതൃത്വം നൽകി. പക്ഷിനിരീക്ഷണപ്രവർത്തനങ്ങൾ ഡോ. ആർ എൽ രതീഷ് നയിച്ചു. രണ്ടു മണിക്കൂർ നീണ്ട നിരീക്ഷണത്തിൽ ഇരുപത്തഞ്ചു

തരം പക്ഷികളെ കുട്ടികൾ തിരിച്ചറിഞ്ഞു. പൂക്കോട് വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ വിവിധ ഗവേഷണ വിഭാഗങ്ങളും ഫാമും കുട്ടികൾ സന്ദർശിച്ചു. സന്ദർശനത്തിന് ഡോ. സുബിൻ, ഡോ. ആർ എൽ രതീഷ് എന്നിവർ നേതൃത്വം നൽകി. വെറ്ററിനറി സയൻസിന്റെ പഠനസാധ്യതകളെക്കുറിച്ചും ജോലിസാധ്യതകളെക്കുറിച്ചും ഡോ. ജോൺ മാർട്ടിൻ കുട്ടികളോടു സംസാരിച്ചു.

നമ്മുടെ പ്രപഞ്ചം എന്ന വിഷയത്തിൽ ഏല്യാസ് കെ പി കുട്ടികളോടു സംവദിച്ചു. തുടർന്നു നടന്ന വാനനിരീക്ഷണത്തിൽ നിരവധി നക്ഷത്രരാശികളെ കുട്ടികൾ തിരിച്ചറിഞ്ഞു. ടെലിസ്കോപ്പിലൂടെ വ്യാഴത്തെ വീക്ഷിച്ചത് കുട്ടികൾക്ക് ആവേശമായി. അവസാനദിവസത്തെ പരീക്ഷണ സെഷനിലാണ്




പന്തും കണ്ണാടിയുംകൊണ്ട് കുട്ടികൾ നിർമിച്ച ലളിതമായ ഉപകരണത്തിന്റെ സഹായത്തോടെ സൂര്യന്റെ വ്യാസമളന്നത്. പരീക്ഷണങ്ങൾക്ക് ക്യാമ്പ് ഡയറക്ടർ ഡോ. വൈശാഖൻ തമ്പി നേതൃത്വം നൽകി. ടെലിസ്കോപ്പും കോണമാപിനിയും കുട്ടികൾ സ്വന്തമായുണ്ടാക്കുകയും ചെയ്തു. കെ പ്രകാശ്, സീമ ശ്രീലയം തുടങ്ങിയവരും വിവിധ ക്ലാസുകൾ നയിച്ചു.

സമാപനസമ്മേളനം വെറ്ററിനറി യൂണിവേഴ്സിറ്റി ഡീൻ ഡോ. കെ വിജയകുമാർ ഉദ്ഘാടനം ചെയ്തു. വെറ്ററിനറി സയൻസിന്റെ സാധ്യതകളെക്കുറിച്ച് അദ്ദേഹം കുട്ടികളോടു സംസാരിക്കുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം രാജേഷ് എസ് വള്ളിക്കോട് അധ്യക്ഷനായിരുന്നു. ഡോ. വൈശാഖൻ തമ്പി, ക്യാമ്പ് കോർഡിനേറ്റർ നവനീത് കൃഷ്ണൻ എസ് എന്നിവർ സംസാരിച്ചു.

## പ്രകൃതിയും വർണവും ഇഴകലർന്ന ചിത്രരചനാക്യാമ്പ്

സപ്തഭാഷാസംഗമഭൂമിയാണ് കാസർഗോഡ് എന്ന ബഹു. പി കരുണാകരൻ എം പി അഭിപ്രായപ്പെട്ടു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പടന്നക്കാട് കാർഷികകോളജിൽ സംഘടിപ്പിച്ച ചിത്രരചനാക്യാമ്പ് കുട്ടികൾക്കൊപ്പം ചിത്രം വരച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു. കാഞ്ഞങ്ങാട് നഗരസഭാ ചെയർമാൻ മുഖ്യാതിഥിയായി. ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗങ്ങളായ വാസു ചോറോട്, പയ്യന്നൂർ കുഞ്ഞിരാമൻ, കാർഷികകോളജ് ഡീൻ എൻ ഗോവിന്ദൻ, പ്രൊഫസർമാരായ സുരേന്ദ്രൻ, ക്യാമ്പ് ഡയറക്ടർ കാരയ്ക്കാമണ്ഡപം വിജയകുമാർ എന്നിവർ പ്രസംഗിച്ചു. കെ വി ജ്യോതിലാൽ, എ കെ ഗോപീദാസ്, കെ പി രാമകൃഷ്ണൻ, പൊന്ന്യം ചന്ദ്രൻ, രവീന്ദ്രൻ തൃക്കരിപ്പൂർ തുടങ്ങിയവർ വിവിധവിഷയങ്ങളിൽ ക്ലാസെടുത്തു. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് നാൽപ്പതോളം കുട്ടികൾ പങ്കെടുത്തു.



# കാടനുഭവവുമായി പരിസ്ഥിതിക്യാമ്പ്



ആവാസവ്യവസ്ഥയ്ക്കനുസരിച്ച് എല്ലാ ജീവജാലങ്ങൾക്കും അതിന്റേതായ അവകാശം ഈ ഭൂമിയിലുണ്ടെന്നു പഠിപ്പിച്ച ക്യാമ്പായിരുന്നു ഇടുക്കി ചിന്നാറിൽ സംഘടിപ്പിച്ച പരിസ്ഥിതി ക്യാമ്പ്. അസി. വൈൽഡ് ലൈഫ് വാർഡൻ ശ്രീ പി എം പ്രഭുവിന്റെ നേതൃത്വത്തിൽ ഡെപ്യൂട്ടി ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർ ശ്രീ ഹരിദാസ്, വനംവകുപ്പുദ്യോഗസ്ഥൻ ശ്രീ മഞ്ചേഷ്, മാർത്തോമാ ധ്യാനതീരം മുൻഡയറക്ടർ ഫാ. മാത്യു മത്തായി, ഇക്കോടൂറിസം മാനേജർ ശ്രീ ധനുഷ്കോടി, കോർഡിനേറ്റർ ശ്രീ എസ് വി സാജി എന്നിവർ സംസാരിച്ചു.

ട്രക്കിങ്, വനനിരീക്ഷണം, വാച്ച്ടവർ, നൂറ്റാണ്ടുകൾ പഴക്കമുള്ള മുനിയറകൾ, സമുദ്രനിരപ്പിൽനിന്നും 980 അടിയിലേറെ ഉയരമുള്ള മലയിലെ ഗുഹാചിത്രങ്ങൾ, പാമ്പാറും ചിന്നാറും സംഗമിക്കുന്ന കൂട്ടാർ എന്നിവ കുട്ടികൾക്ക് വേറിട്ട അനുഭവമായി. കിലോമീറ്ററുകൾ താണ്ടിയുള്ള വനയാത്രയിൽ വന്യമൃഗങ്ങളെ കണ്ടതും നക്ഷത്രആമയുടെ ആവാസവ്യവസ്ഥയെ പരിചയപ്പെട്ടതും ആഹ്ലാദകരമായി.



# ഫിപ് വെസ്റ്റൻഡോർപ് ജന്മശതാബ്ദി ആഘോഷം



പ്രശസ്ത ഡച്ച് ചിത്രകാരി ഫിപ് വെസ്റ്റൻഡോർപിന്റെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും ഡൽഹിയിലെ എ & എ ബുക്ട്രസ്റ്റും സംയുക്തമായി തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിൽ കുട്ടികൾക്ക ചിത്രരചനാക്യാമ്പ് സംഘടിപ്പിച്ചു. തിരുവനന്തപുരം ആർട്ടീരിയ പ്രൊജക്ട് കോർഡിനേറ്റർ ഡോ. ജി അജിത്കുമാർ ഡയറക്ടറായ ക്യാമ്പിൽ ഫൈൻ ആർട്സ് കോളേജ് പ്രിൻസിപ്പാൾ എ എസ് സജിത്ത്, ചാരുത രഘുനാഥ്, ടി കെ സുജിത്, കെ പി മുരളീധരൻ, സുധീർ പി വൈ, ടെൻസിങ് ജോസഫ് തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ, മുൻ ഡയറക്ടർ റൂബിൻ ഡിക്രൂസ്, കെ കെ കൃഷ്ണകുമാർ, അഡീഷണൽ സെക്രട്ടറി എസ് സജിനി, കവി വിനോദ് വൈശാഖി, എ ആൻഡ് എ ബുക്ട്രസ്റ്റ് സാരഥികളായ അരവിന്ദ് കുമാർ, അരുന്ധതി ദേവ് സ്ഥലെ എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംബന്ധിച്ചു. തിരുവനന്തപുരം മാനവീയം വീഥിയിൽ അൻപതുമീറ്റർ നീളമുള്ള തുണിയിൽ കുട്ടികൾ ഫിപിന്റെ ചിത്രങ്ങൾ പുനഃസൃഷ്ടിച്ചു.

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
# പുതിയ പുസ്തകങ്ങൾ




**ഹിതോപദേശ കഥകൾ**
(കഥകൾ)
**ഡോ. കെ എസ് രവികുമാർ**
വില ₹115




**പോഷകാഹാര കഥകൾ**
(വൈജ്ഞാനികം)
**ഡോ. റഹീനാ ഖാദർ**
വില ₹60




**അബ്ദുവിന്റെ മീനുകൾ**
(നോവൽ)
**കലവൂർ രവികുമാർ, പ്രഭാ ഉണ്ണി**
വില ₹45




**പ്രസംഗവും ഉപന്യാസവും**
(വൈജ്ഞാനികം)
**ഡോ. അജിതൻ മേനോത്ത്**
വില ₹40




**കുളം തോട് കായൽ**
(നോവൽ)
**കണക്കൂർ ആർ സുരേഷ്കുമാർ**
വില ₹65

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം, സംസ്കൃത കോളേജ് കാമ്പസ്,**
**തിരുവനന്തപുരം 34**
**ഫോൺ** 0471-233 3790,
**e-mail : thaliru@ksicl.org, director@ksicl.org, www.ksicl.org**

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70 May 2017
Regd KL/TV (N)/399/2015-2017 Published on 29-05-2017 Vol:23, Issue:06, ₹15



**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

**കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം**

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org

# ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് പാലക്കാട് തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.



**തളിര്**

**കുട്ടികളുടെ മാസിക**

വില 15രൂപ

**വാർഷികവരിസംഖ്യ 160രൂപ**

വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.